28 ഒക്ടോബർ ചൊവ്വ 2025
1201 തുലാം 11
Vol 08 Issue No 25

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

`7.50
പേജ് 12
www.keralapranamam.com
infokeralaprana-

## എസ്ഐആർ രണ്ടാം ഘട്ടം കേരളം അടക്കം 12 സംസ്ഥാനങ്ങളിൽവോട്ടർ പട്ടിക മരവിപ്പിക്കും



**ന്യൂഡൽഹി:** രാജ്യവ്യാപക എസ്ഐആർ (തീവ്ര വോട്ടർ പട്ടിക പരിഷ്കരണം) രണ്ടാം ഘട്ടം ഇന്നലെ അർദ്ധരാത്രിമുതൽ നടപ്പിലാക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. ബിഹാറിൽ എസ്ഐആർ വിജയകരമായി പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ കേരളം ഉൾപ്പെടെയുള്ള പന്ത്രണ്ട് സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണപ്രദേശങ്ങളിലും എസ്ഐആർ നടപ്പിലാക്കുമെന്ന് ഗ്യാനേഷ് കുമാർ പറഞ്ഞു. ഡൽഹിയിൽ മാധ്യമങ്ങളെ കാണുകയായിരുന്നു അദ്ദേഹം. ഗോവ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, കേരള, ഗുജറാത്ത്, രാജസ്താൻ, തമിഴ്നാട്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, ലക്ഷദ്വീപ്, പുതുച്ചേരി, ആന്തമാൻ നിക്കോബാ എന്നിവിടങ്ങളിലായിരിക്കും രണ്ടാം ഘട്ടത്തിൽ എസ്ഐആർ നടപ്പിലാക്കുക. 36 സംസ്ഥാനങ്ങളിൽ നിന്നുള്ള തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുമായി സംസാരിച്ചു. എസ്ഐആർ പ്രക്രിയയെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. സ്വാതന്ത്ര്യത്തിനു ശേഷമുള്ള രാജ്യത്തെ ഒമ്പതാമത്തെ എസ്ഐആർ പ്രക്രിയയാണ് ഇത്. അവസാനമായി എസ്ഐആർ നടന്നത് 2002-04 ൽ ആണ്, 21 വർഷം മുമ്പ്. വിവിധ രാഷ്ട്രീയ പാർട്ടികൾ വോട്ടർപട്ടികയിൽ പ്രശ്നം ഉന്നയിച്ചിരുന്നെന്നും അപ്പീലുകളില്ലാതെയാണ് ബിഹാറിൽ എസ്ഐആർ പൂർത്തീകരിച്ചതെന്നും ഗ്യാനേഷ് കുമാർ പറഞ്ഞു. എസ്ഐആർ നടപ്പിലാക്കുന്ന സംസ്ഥാനങ്ങളിൽ ഇന്ന് അർധരാത്രിമുതൽ വോട്ടർ പട്ടിക മരവിപ്പിക്കും. പിന്നീട് വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ഫോമുകൾ വോട്ടർമാർക്ക് നൽകുമെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എസ്ഐആർ രണ്ടാം ഘട്ടത്തിലേക്കുള്ള പോളിങ് ഉദ്യോഗസ്ഥർക്കായുള്ള പരിശീലനം ചൊവ്വാഴ്ച ആരംഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അർഹരായ എല്ലാവർക്കും വോട്ട് ഉറപ്പാക്കുമെന്നും അനർഹരെ പട്ടികയിൽ നിന്ന് ഒഴിവാക്കുമെന്നും ഗ്യാനേഷ് കുമാർ പറഞ്ഞു.

## യുഎസ് ലികോപ്ടറും യുദ്ധവിമാനവും ദക്ഷിണ ചൈനയിലെ കടലിൽ തകർന്നുവീണു; അപകടം നിരീക്ഷണ പറക്കലിനിടെ


**വാഷിംഗ്ടൺ:** നിരീക്ഷണ പറക്കലിനിടെ യുഎസ് നാവികസേനയുടെ ഹെലികോപ്ടറും യുദ്ധവിമാനവും ദക്ഷിണ ചൈനയിലെ കടലിൽ തകർന്നുവീണു. പ്രാദേശിക സമയം ഉച്ചയ്ക്ക് 2.45ന് നിരീക്ഷണ പറക്കൽ നടത്തുമ്പോഴാണ് ഹെലികോപ്ടർ (MH-60R Sea Hawk) അപകടത്തിൽപ്പെട്ടത്. 3.15നാണ് യുദ്ധവിമാനം (F/A-18F Super Hornet) അപകടത്തിൽപ്പെടുന്നത്. വ്യത്യസ്ത സമയങ്ങളിൽ നടന്ന അപകടങ്ങളെക്കുറിച്ച് യുഎസ് അന്വേഷണം ആരംഭിച്ചു. അപകടത്തിൽ ആളപായമില്ലെന്നാണ് റിപ്പോർട്ട്. വിമാനം തകർന്നുവീഴാനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷണം ആരംഭിച്ചതായി യുഎസ് നാവികസേന പ്രസ്താവനയിൽ അറിയിച്ചു. ഏഷ്യയിൽ ത്രിരാഷ്ട്ര സന്ദർശനത്തിനെത്തിയ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ സാക്ഷിയാക്കി തായ്‌ലൻഡും കംബോഡിയയും കഴിഞ്ഞ ദിവസം സമാധാന കരാർ ഒപ്പിട്ടിരുന്നു. ഇന്നലെ മലേഷ്യയിലെത്തിയ ട്രംപ് ആസിയാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. ജപ്പാനും ദക്ഷിണ കൊറിയയും



സന്ദർശിച്ച ശേഷമാണ് ട്രംപ് മടങ്ങുക. ഇതിനിടെ ചൈനീസ് പ്രസിഡന്റുമായും കൂടിക്കാഴ്ച നടത്താൻ സാധ്യതയുണ്ട്.

## 'മോൻതാ' ചുഴലിക്കാറ്റ് രൂപപ്പെട്ടു; ചൊവ്വാഴ്ച വൈകീട്ട് ആന്ധ്രയിൽ കരതൊടും

**ന്യൂഡൽഹി:** ബംഗാൾ ഉൾക്കടലിൽ 'മോൻതാ' ചുഴലിക്കാറ്റ് രൂപപ്പെട്ടു. അതിതീവ്ര ന്യുനമർദ്ദം തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന്റെയും അതിനോട് ചേർന്ന മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന്റെയും മുകളിലായി 'മോൻതാ' ചുഴലിക്കാറ്റായി ശക്തി പ്രാപിച്ച് സ്ഥിതിചെയ്യുന്നതായി കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. വടക്കുപടിഞ്ഞാറ് ദിശയിൽ നീങ്ങി ഒക്ടോബർ 28-ന് രാവിലെ തീവ്ര ചുഴലിക്കാറ്റായി ഇത് വീണ്ടും ശക്തി പ്രാപിക്കാനാണ് സാധ്യത. ഒക്ടോബർ 28-ന് വൈകുന്നേരം അല്ലെങ്കിൽ രാത്രിയോടെ ആന്ധ്രാപ്രദേശ് തീരത്ത് മച്ചിലിപട്ടണത്തിനും കലിംഗപട്ടണത്തിനും ഇടയിൽ കാക്കിനടക്കു സമീപം തീവ്ര ചുഴലിക്കാറ്റായി മണിക്കൂറിൽ പരമാവധി 110 കിലോമീറ്റർ വരെ വേഗതയിൽ കരയിൽ പ്രവേശിക്കാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. അറബിക്കടലിൽ തീവ്രന്യൂനമർദ്ദം തുടരുന്നു മധ്യകിഴക്കൻ അറബിക്കടലിനു മുകളിലായി തീവ്ര ന്യൂനമർദ്ദം സ്ഥിതി ചെയ്യുന്നു. ഇത് അടുത്ത 48 മണിക്കൂറിനുള്ളിൽ മധ്യ കിഴക്കൻ അറബിക്കടലിലൂടെ വടക്കു കിഴക്കൻ ദിശയിൽ നീങ്ങാൻ സാധ്യത. കേരളത്തിൽ അടുത്ത അഞ്ചുദിവസം നേരിയ/ഇടത്തരം മഴയോ ഇടിയോടുകൂടിയ മഴയ്ക്കോ



സാധ്യത. തിങ്കളാഴ്ച ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്കും ഒക്ടോബർ 27, 28 തീയതികളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഒറ്റപ്പെട്ട കനത്തമഴയ്ക്ക് സാധ്യത തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട കനത്തതോ അതിശക്തമോ ആയ മഴയ്ക്ക് സാധ്യതയുണ്ട്. ഒക്ടോബർ 28-നും ഇവിടങ്ങളിൽ ഒറ്റപ്പെട്ട കനത്തമഴയുണ്ടാകും. ആന്ധ്രാപ്രദേശ്, യാനം, തെലങ്കാന, ഒഡിഷ എന്നിവിടങ്ങളിലും കേന്ദ്ര കാലാവസ്ഥ വകുപ്പ് മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

# അനുനയനീക്കവും വിഫലം

## മുഖ്യമന്ത്രിയുമായുള്ള ചർച്ച പരാജയം
## മന്ത്രിസഭാ യോഗത്തിൽ സിപിഐ മന്ത്രിമാർ പങ്കെടുക്കില്ല



**ആലപ്പുഴ:** പിഎംശ്രീ വിഷയത്തിൽ മുഖ്യമന്ത്രിയുടെയും സിപിഎമ്മിന്റെയും അനുനയത്തിന് വഴങ്ങാതെ സിപിഐ. പാർട്ടിയെ ഇരുട്ടിൽനിർത്തി ഏകപക്ഷീയമായി മുന്നണിമര്യാദ പോലും പാലിക്കാതെ ധാരണാപത്രം ഒപ്പിട്ടതിലുള്ള വിയോജിപ്പ് രേഖപ്പെടുത്തി ബുധനാഴ്ച ചേരുന്ന മന്ത്രിസഭാ യോഗത്തിൽ സിപിഐ മന്ത്രിമാർ പങ്കെടുത്തേക്കില്ല. സിപിഐ മന്ത്രിമാരായ കെ. രാജൻ, പി. പ്രസാദ്, ജി.ആർ. അനിൽ, ജെ. ചിഞ്ചുറാണി എന്നിവരാണ് വിട്ടുനിൽക്കുമെന്നാണ് സൂചന. ശനിയാഴ്ച മന്ത്രി വി.ശിവൻകുട്ടി തുടങ്ങിവച്ച അനുനയ ശ്രമങ്ങൾ ഇന്ന് ഗൾഫ് പര്യടനം കഴിഞ്ഞെത്തിയ മുഖ്യമന്ത്രി തന്നെ ഏറ്റെടുത്തിട്ടും സിപിഐ ഒരിഞ്ചും പിന്നോട്ട് പോകാൻ തയ്യാറായില്ല. ആലപ്പുഴയിൽ രാവിലെ ചേർന്ന സിപിഐ നേതൃയോഗങ്ങൾ പിഎംശ്രീയിൽ വിട്ടുവീഴ്ച വേണ്ടെന്നും മന്ത്രിമാരുടെ രാജി പോലും വേണ്ടിവന്നാൽ നൽകണം എന്ന ചർച്ച യോഗത്തിലുണ്ടായി. ഉച്ചയ്ക്ക് ശേഷം മൂന്നരയോടെ ആലപ്പുഴ ഗസ്റ്റ് ഹൗസിൽ മുഖ്യമന്ത്രി പിണറായി വിജയനുമായി സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം മുക്കാൽ മണിക്കൂറോളം ചർച്ചനടത്തിയെങ്കിലും അനുനയശ്രമങ്ങൾ ഫലിച്ചില്ല. ധാരണാപത്രം ഒപ്പിട്ട സ്ഥിതിക്ക് അതിൽ പിന്നാക്കം പോകാനാകില്ലെന്ന കാര്യം മുഖ്യമന്ത്രി ബിനോയ് വിശ്വത്തെ അറിയിച്ചു. എന്നാൽ ഏകപക്ഷീയമായി എടുത്ത തീരുമാനം അംഗീകരിക്കാനാകില്ലെന്ന് ബിനോയ് വിശ്വം മറുപടി നൽകി. ധാരണാപത്രം ഒപ്പിട്ടെങ്കിലും സ്കൂളുകളുടെ പട്ടിക കൈമാറുന്നതടക്കം തുടർനടപടികൾ തത്കാലം മരവിപ്പിക്കാമെന്ന സമവായനിർദേശം ചർച്ചയിലുണ്ടായെങ്കിലും സിപിഐ അതിനോട് യോജിച്ചില്ലെന്നാണ് സൂചന കൂടിക്കാഴ്ചയ്ക്ക് പിന്നാലെ മുഖ്യമന്ത്രിയെ കാണാനെത്തിയ സിപിഐ മന്ത്രിമാരായ കെ.രാജൻ, പി.പ്രസാദ്, ജി.ആർ അനിൽ എന്നിവർ ബുധനാഴ്ചത്തെ മന്ത്രിസഭാ യോഗത്തിൽ നിന്ന് വിട്ടുനിൽക്കുമെന്ന് മുഖ്യമന്ത്രിയെ അറിയിച്ചതായാണ് റിപ്പോർട്ട്. പ്രധാന ഘടകകക്ഷിയായ സിപിഐയെ വിശ്വാസത്തിലെടുക്കാതെയുള്ള ഏകപക്ഷീയ നടപടിയിൽ ബിനോയ് വിശ്വം മുഖ്യമന്ത്രിയെ അതൃപ്തി അറിയിച്ചു. മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് പിന്നാലെ സിപിഐയുടെ സെക്രട്ടേറിയറ്റ് യോഗവും ചേർന്നു. പിഎംശ്രീ വിഷയം ചർച്ചചെയ്യാൻ എൽഡിഎഫ് യോഗം വിളിക്കണമെന്ന ബിനോയ് വിശ്വത്തിന്റെ നിർദേശം മുഖ്യമന്ത്രി അംഗീകരിച്ചു

## കേരള ചീഫ് സെക്രട്ടറിയും നേരിട്ട് ഹാജരാകണം, തെരുവുനായ പ്രശ്നത്തിൽ സുപ്രീംകോടതി


**ന്യൂഡൽഹി:** തെരുവു നായ പ്രശ്നത്തിൽ കേരളമടക്കം സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാർ നവംബർ മൂന്നിന് നേരിട്ടു ഹാജരാകണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചു. എ.ബി.സി ചട്ടങ്ങൾ എത്രത്തോളം കാര്യക്ഷമമായി നടപ്പാക്കിയെന്നത് സംബന്ധിച്ച് സത്യവാങ്മൂലം സമർപ്പിക്കാത്തതിനാലാണ് നടപടി. ഹാജരായില്ലെങ്കിൽ കനത്ത പിഴയും കടുത്ത നടപടിയുണ്ടാകുമെന്നും കോടതി മുന്നറിയിപ്പു നൽകി. ജസ്റ്റിസുമാരായ വിക്രംനാഥ്,? സന്ദീപ് മേത്ത, എൻ.വി. അൻജാരിയ എന്നിവരടങ്ങിയ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. പശ്ചിമബംഗാളും? തെലങ്കാനയും മാത്രമാണ് സത്യവാങ്മൂലം സമർപ്പിച്ചത്. മൂന്നിന് കേസ് പരിഗണിക്കുമ്പോൾ കോടതി മുറിയിൽ സ്ഥലം തികഞ്ഞില്ലെങ്കിൽ ഓഡിറ്റോറിയത്തിലേക്കു മാറ്റും. ഡൽഹിയിലെ തെരുവുനായ പ്രശ്നത്തിൽ സ്വമേധയാ എടുത്ത കേസാണിത്. രാജ്യവ്യാപക പ്രശ്നമായതിനാൽ എല്ലാ സംസ്ഥാനങ്ങളെയും കക്ഷിയാക്കിയിരുന്നു. ശാശ്വത പരിഹാരത്തിന് ദേശീയനയം വേണമെന്ന് കഴിഞ്ഞ ആഗസ്റ്റ് 22ന് കോടതി വ്യക്തമാക്കിയിരുന്നു. അന്നാണ് ചീഫ് സെക്രട്ടറിമാരോട് സത്യവാങ്മൂലം സമർപ്പിക്കാനും ഉത്തരവിട്ടിരുന്നത്.



മനുഷ്യരോടുള്ള ക്രൂരത

സത്യവാങ്മൂലം നൽകാത്തതിൽ അതൃപ്തി രേഖപ്പെടുത്തിയ സുപ്രീംകോടതി തെരുവുനായ പ്രശ്നത്തിന് അറുതിയുണ്ടാകുന്നില്ലെന്ന വികാരം ആവർത്തിച്ചു. വിദേശ രാജ്യങ്ങളുടെ മുന്നിൽ ഇതുമൂലം രാജ്യത്തിന്റെ പ്രതിച്ഛായ മോശമാകുന്ന സ്ഥിതിയാണ്. നായകൾക്കെതിരെയും ക്രൂരത നടക്കുന്നുവെന്ന് മൃഗസ്നേഹികളുടെ സംഘടന ചൂണ്ടിക്കാണിച്ചപ്പോൾ, 'മനുഷ്യർക്ക് നേരെയുണ്ടാകുന്ന ക്രൂരത'യെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന് കോടതി തിരിച്ചുചോദിച്ചു.

## എൻഇപി വിദ്യാഭ്യാസമേഖലയ്ക്ക് ആപത്ത്, വിട്ടുവീഴ്ചയ്ക്കില്ലെന്ന് ഡി. രാജ



**ആലപ്പുഴ:** ദേശീയ വിദ്യാഭ്യാസ നയത്തോട് (എൻഇപി) യോജിക്കാനാവില്ലെന്നും നയം വിദ്യാഭ്യാസ മേഖലയ്ക്ക് ആപത്താണെന്നും സിപിഐ ജനറൽ സെക്രട്ടറി ഡി. രാജ. എൻഇപിയെന്നത് ബിജെപി സർക്കാരിന്റെ വളരെ പിന്തിരിപ്പനും അപകടം നിറഞ്ഞതുമായ നയമാണ്. വിദ്യാഭ്യാസത്തെ വാണിജ്യവത്കരിക്കാനും കേന്ദ്രീയവത്കരിക്കാനും വർഗീയവത്കരിക്കാനുമാണ് അത് പ്രോത്സാഹിപ്പിക്കുന്നത്. പാർട്ടി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം മുഖ്യമന്ത്രി പിണറായി വിജയനെക്കണ്ട് പാർട്ടി നിലപാട് ആവർത്തിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിട്ടുവീഴ്ചയില്ലെന്നും അദ്ദേഹം പറഞ്ഞു. ദേശീയവിദ്യാഭ്യാസ നയവുമായും (എൻഇപി) പിഎംശ്രീ ധാരണാപത്രം ഒപ്പിട്ടതുമായും ബന്ധപ്പെട്ട വിഷയങ്ങളാണ് സംസ്ഥാന സെക്രട്ടേറിയറ്റിൽ ചർച്ചയായതെന്ന് അദ്ദേഹം പറഞ്ഞു. നയത്തോട് യോജിക്കാനാവില്ലെന്നതാണ് സിപിഐയുടെ നിലപാട്. വിദ്യാഭ്യാസത്തെ വാണിജ്യവത്കരിക്കാനും വർഗീയവത്കരിക്കാനും കേന്ദ്രീയവത്കരിക്കാനുമാണ് അത് പ്രോത്സാഹിപ്പിക്കുന്നതെന്നതിനാൽ തുടക്കംമുതലേ സിപിഐ അതിനെ എതിർക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഒരുതരത്തിലുള്ള സമ്മർദത്തിനും കീഴടങ്ങില്ലെന്നും അദ്ദേഹം പറഞ്ഞു. വിഷയത്തിൽ പാർട്ടി നിലപാട് വ്യക്തമാണ്. പിഎംശ്രീ ധാരണാപത്രത്തിൽ ഒപ്പിട്ടതിൽ പാർട്ടിയുടെ നിലപാട് മുഖ്യമന്ത്രിയെ ബിനോയ് വിശ്വം അറിയിച്ചിട്ടുണ്ട്. ധാരണാപത്രം ഒപ്പിട്ടത് മരവിപ്പിക്കുകയോ പിൻവലിക്കുകയോ ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസമെന്നത് കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. എൻഇപിയിലൂടെ കേന്ദ്രം അത് കേന്ദ്രീയവത്കരിക്കാനുള്ള നീക്കം നടത്തുകയാണെന്നും അദ്ദേഹം പറഞ്ഞു.

## സി.പി.ഐയ്ക്ക് മുഖ്യമന്ത്രിയുടെ പരോക്ഷ വിമർശനം




**ആലപ്പുഴ:** പുന്നപ്ര-വയലാർ വാരാചരണത്തിന്റെ സമാപനച്ചടങ്ങിൽ സി.പി.ഐയെ പരോക്ഷമായി വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. പദ്ധതികൾ നടപ്പാക്കുന്നതിനാണ് സർക്കാർ നിലകൊള്ളുന്നതെന്നും പദ്ധതികൾ മുടക്കുന്നവർക്കൊപ്പം അല്ലെന്നുമായിരുന്നു സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തെ വേദിയിലിരുത്തി മുഖ്യമന്ത്രിയുടെ ഒളിയമ്പ്. 2016ൽ എൽ.ഡി.എഫ് വന്നപ്പോൾ മുതൽ പൊതു വിദ്യാഭ്യാസ രംഗം മെച്ചപ്പെട്ടു. സാമൂഹ്യ പ്രതിബദ്ധതയുണ്ടെങ്കിലേ നാടിനെ മുന്നോട്ട് നയിക്കാനാകൂ. പിന്നോട്ടു നോക്കിയാൽ അത് മനസ്സിലാകും. ഡിസംബറിൽ ദേശീയ പാതയുടെ നല്ലൊരു ഭാഗം പൂർത്തിയാക്കും. നിധിൻ ഗഡ്കരി ജനുവരിയിൽ കേരളത്തിൽ വരുമ്പോൾ ഉദ്ഘാടനം നടത്തും. ജനം ആഗ്രഹിക്കുന്നത് വികസനമാണ്. പദ്ധതികൾ നടപ്പാക്കുമ്പോൾ ഒപ്പം നിൽക്കുകയല്ലേ വേണ്ടത് കേന്ദ്രം സാമ്പത്തികമായി ഞെരുക്കി. വയനാട് ദുരന്തത്തിൽ കേന്ദ്ര സഹായം പ്രതീക്ഷിച്ചെങ്കിലും ലഭിച്ചില്ല. മുണ്ടക്കൈ - ചൂരൽമല മാതൃക ടൗൺഷിപ്പ് ജനുവരിയിൽ യാഥാർത്ഥ്യമാകുമെന്ന് പറഞ്ഞ മുഖ്യമന്ത്രി, പി.എം ശ്രീയെപ്പറ്റി മിണ്ടിയില്ല. പുന്നപ്ര -വയലാർ സമരസേനാനികളുടെ വിവരങ്ങളടങ്ങിയ 'പുന്നപ്ര വയലാർ സമരസേനാനികൾ' - ഡയറക്ടറിയുടെ പ്രകാശനം ബിനോയ് വിശ്വത്തിന് കൈമാറി മുഖ്യമന്ത്രി നിർവഹിച്ചു.

## വഴങ്ങാതെ താലിബാൻ, പാക്ക്അഫ്ഗാൻ ചർച്ചകൾ വഴിമുട്ടി; യുദ്ധമെന്ന വഴി മുന്നിലുണ്ടെന്ന് മുന്നറിയിപ്പ്



**ഇസ്ലാമാബാദ്:** ഭീകരവിരുദ്ധ പ്രവർത്തനങ്ങളിലെ സഹകരണം ഉൾപ്പെടെയുള്ള പ്രധാന സുരക്ഷാ വിഷയങ്ങളിൽ താലിബാൻ യുക്തിരഹിതമായ നിലപാട് സ്വീകരിക്കുന്നതായി പാക്കിസ്ഥാൻ. ഇതോടെ, പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും തമ്മിലുള്ള സമാധാന ചർച്ചകൾ വഴിമുട്ടിയതായി പാക്ക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അതിർത്തി കടന്നുള്ള ഭീകരവാദത്തിന്റെ പേരിലാണ് പാക്കിസ്ഥാൻ അഫ്ഗാന്റെ അതിർത്തി പ്രദേശങ്ങളിൽ വ്യോമാക്രമണം നടത്തിയത്. പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനുമായുള്ള രണ്ടാം വട്ട ചർച്ചകൾ തുർക്കിയിൽ നടക്കുകയാണ്. ഭീകരവാദത്തെ തടയാൻ കഴിഞ്ഞില്ലെങ്കിൽ യുദ്ധമെന്ന മാർഗം മുന്നിലുണ്ടെന്ന് പാക്കിസ്ഥാൻ വീണ്ടും മുന്നറിയിപ്പു നൽകിയിട്ടുണ്ട്. പാക്ക് അഫ്ഗാൻ സംഘർഷത്തിൽ നിരവധി സൈനികരാണ് ഇരുപക്ഷത്തും മരിച്ചത്. ഒക്ടോബർ 19ന് ഖത്തറിന്റെയും തുർക്കിയുടെയും മധ്യസ്ഥതയിൽ നടന്ന ചർച്ചയിലാണ് വെടിനിർത്തലുണ്ടായത്. അതിർത്തി കടന്നുള്ള ഭീകരവാദം നിയന്ത്രിക്കണമെന്നാണ് പാക്കിസ്ഥാന്റെ ആവശ്യം. ഇതിനായി ഇരു രാജ്യങ്ങളും സംയുക്തമായി അതിർത്തിയിൽ നിരീക്ഷണം ശക്തമാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ ചർച്ച ചെയ്യാനാണ് നീക്കങ്ങൾ നടന്നത്. ദീർഘകാല അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ ധാരണയിലെത്താനാണ് തുർക്കിയുടെ മധ്യസ്ഥതയിലുള്ള ശ്രമം. ഭീകരവാദം നിയന്ത്രിക്കുന്നതിനുള്ള പദ്ധതി പാക്കിസ്ഥാൻ താലിബാൻ സർക്കാരിനു കൈമാറുമെന്ന് പാക്ക് മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. അതിർത്തി തർക്കങ്ങൾ സംബന്ധിച്ച് തുർക്കിയിൽ നടക്കുന്ന സമാധാന ചർച്ചയിൽ തീരുമാനത്തിലെത്തിയില്ലെങ്കിൽ അഫ്ഗാനിസ്ഥാനുമായി തുറന്ന യുദ്ധത്തിലേക്കു നീങ്ങുമെന്ന ഭീഷണിയുമായി പാക്ക് പ്രതിരോധ മന്ത്രി ഖാജ മുഹമ്മദ് ആസിഫ് വീണ്ടും രംഗത്തെത്തി. ഇന്നോ നാളെയോ ചർച്ചകളുടെ ഫലം അറിയാമെന്നും കൂട്ടിച്ചേർത്തു. പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും തമ്മിലുള്ള സംഘർഷം വളരെ വേഗത്തിൽ പരിഹരിക്കാൻ കഴിയുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇന്നലെ പറഞ്ഞിരുന്നു. പാക്ക് പ്രധാനമന്ത്രി ഷെഹബാസ് ഷരീഫും സൈനിക മേധാനി അസിം മുനീറും 'വലിയ മനുഷ്യരാണെന്നും' ട്രംപ് പ്രകീർത്തിച്ചു. സംഘർഷം അവസാനിപ്പിക്കാൻ ആവശ്യമായ കാര്യങ്ങൾ യുഎസ് ചെയ്യുമെന്നും മാധ്യമങ്ങളോട് ട്രംപ് വ്യക്തമാക്കി.






കേരള പ്രണാമം
editorialkeralapranamam@gmail.com
സത്യം വദ: ധർമ്മം ചര:

## നേർ

"ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല്" മഹാത്മാ ഗാന്ധി



## ദാഹിച്ചു നട്ടംതിരിഞ്ഞാലേ തൊണ്ട നനയ്ക്കാൻ വെള്ളം കൊടുക്കൂ എന്നതാണ് പതിവ്

പ്രകൃതിസൗന്ദര്യം നിറഞ്ഞുകവിഞ്ഞ നാടാണ് കേരളം. ദൈവത്തിന്റെ സ്വന്തം നാടെന്ന വിശേഷണം ലഭിച്ചതിന്റെ പ്രധാന കാരണവും അതുതന്നെ. കായലും പുഴകളും നെൽവയലുകളും കേരളത്തിന്റെ സൗന്ദര്യം വർദ്ധിപ്പിച്ചിരുന്നു. അതിനെല്ലാം ഇപ്പോൾ ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു. വിതയ്ക്കുന്ന ഘട്ടത്തിൽ പച്ചക്കടലും കൊയ്ത്തുകാലത്ത് സ്വർണക്കടലും പോലെ തോന്നിച്ചിരുന്ന വയൽക്കാഴ്ചകൾ മാഞ്ഞുകൊണ്ടിരിക്കുന്നു. നെൽക്കൃഷി നഷ്ടമായതോടെ വയലുകളുടെ മുഖച്ഛായ മാറുകയും വ്യാപകമായി നികത്തപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ്. നെൽക്കൃഷിക്കാരുടെ ദുരിതങ്ങളും പ്രശ്നങ്ങളും അധികാരികൾ വേണ്ടരീതിയിൽ മനസിലാക്കുകയോ പരിഹരിക്കുകയോ ചെയ്യുന്നില്ല. നഷ്ടം സഹിച്ചും മണ്ണിനോടുള്ള സ്നേഹംകൊണ്ട് നെൽക്കൃഷി ചെയ്യുന്നവർ സമരത്തിന്റെ വക്കിലാണ്.

നെൽവില വർദ്ധിപ്പിക്കാനോ നയം പ്രഖ്യാപിക്കാനോ സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഇന്ന് നെൽകർഷക സംരക്ഷണ സമിതി ആലപ്പുഴയിൽ സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. നെൽവിലയും സംഭരണ നയവും സർക്കാർ പ്രഖ്യാപിക്കാത്തതാണ് കർഷകരെ ബുദ്ധിമുട്ടിലാക്കുന്നത്. സീസണിലെ ഒന്നാം വിളയുടെ നെല്ല് സംഭരണത്തിനുള്ള കർഷക രജിസ്ട്രേഷൻ അവസാന ഘട്ടത്തിലേക്ക് നീങ്ങുകയാണ്. ഇപ്പോൾപ്പോലും പുതുക്കിയ സംഭരണ വില സർക്കാർ തീരുമാനിച്ചിട്ടില്ല. സംഭരണ നയത്തിന്റെ കാര്യത്തിലും അവ്യക്തത തുടരുകയാണ്.

ഒന്നാം വിള രജിസ്ട്രേഷൻ പ്രകാരം 21,589 കർഷകരാണുള്ളത്. നെല്ല് കൃഷി ചെയ്യുന്നതിന്റെ വിസ്തൃതി 35,335 ഹെക്ടറും. നെല്ലു സംഭരിച്ചാൽ 48 മണിക്കൂറിനകം പണം നൽകണമെന്നാണ് 2019-ൽ കേന്ദ്ര – സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച ധാരണാപത്രത്തിലുള്ളത്. ആ വ്യവസ്ഥ പോലും ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല.

ആഗസ്റ്റ് മാസത്തിലാണ് നെൽ സംഭരണത്തിലെ രജിസ്ട്രേഷൻ സപ്ളൈകോ ആരംഭിച്ചത്. മൂന്നുമാസമായിട്ടും പുതുക്കിയ സംഭരണ വിലയോ നയമോ പ്രഖ്യാപിക്കാൻ സർക്കാരിനായിട്ടില്ല. സപ്ളൈകോയും കൃഷിവകുപ്പും ഇക്കാര്യത്തിൽ ഉദാസീനമായ മൗനം പാലിക്കുന്നു. നെൽക്കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന കർഷകർ സഹികെട്ടാണ് സമരത്തിനൊരുങ്ങുന്നത്. കൂലി വർദ്ധന നടപ്പായതോടെ ഉത്പാദനച്ചെലവ് ഗണ്യമായി കൂടിയിട്ടുണ്ട്. നെല്ലിന് കിലോയ്ക്ക് 69 പൈസയാണ് കഴിഞ്ഞ വർഷം കേന്ദ്രം വർദ്ധിപ്പിച്ചത്. അതനുസരിച്ച് ഇത്തവണ കേന്ദ്രവിഹിതമായി 23.69 പൈസയും നിലവിലെ സംസ്ഥാനത്തെ പ്രോത്സാഹന ബോണസായ 5.20 പൈസയും ചേർത്ത് 28.89 പൈസയെങ്കിലും ലഭിക്കണം. കേന്ദ്ര വർദ്ധന നടപ്പിലാക്കുന്നതിലോ പ്രോത്സാഹന ബോണസ് വർദ്ധിപ്പിക്കുന്നതിലോ സംസ്ഥാനം നയം വ്യക്തമാക്കിയിട്ടില്ല. നെൽക്കൃഷി വ്യാപകമാക്കണമെന്നും വയലുകൾ തരിശിടരുതെന്നും സർക്കാർ ഇടയ്ക്കിടെ പറയാറുണ്ട്. പക്ഷെ കൃഷിചെയ്യുന്നവരുടെ ദയനീയ സ്ഥിതി പരിഹരിക്കാതെ ഇതെങ്ങനെ നടപ്പാകും? സമൃദ്ധമായ തെങ്ങിൻതോപ്പുകളും പൊൻകതിർക്കുലകളുടെ ചാഞ്ചാട്ടവുമായിരുന്നു ഗ്രാമീണ കർഷകരുടെ മുഖശ്രീ കൂട്ടിയിരുന്നത്. ഞാറ്റുവേലപ്പാട്ടും കൊയ്ത്തുപാട്ടും വെള്ളംതേവു പാട്ടുമൊക്കെ അരങ്ങൊഴിഞ്ഞിരിക്കുന്നു. യന്ത്രസംവിധാനങ്ങൾ വയലുകളിൽ കർഷകരുടെ സഹായത്തിനെത്തിയിട്ടുണ്ടെങ്കിലും നഷ്ടബോധവും നിരാശയും കർഷകരുടെ മുഖത്ത് നിഴലിക്കുന്നു. നഷ്ടം സഹിച്ചായാലും ചെയ്തുപോരുന്നത് തുടരാൻ നിർബന്ധിതരാണ് മിക്കവരും. അവരെ യഥാസമയം സഹായിക്കേണ്ട ചുമതല കൃഷിവകുപ്പിനും സർക്കാരിനുമുണ്ട്. അതു വൈകുന്നത് അനീതിയാണ്. ചേറിലും വെള്ളത്തിലും കൃഷിയിറക്കുന്നവരെ സമരത്തിലേക്കു തള്ളിവിടുന്നത് ശരിയല്ല. എന്തിനും ഏതിനും സമരം വേണ്ടിവരുന്നത് കഷ്ടമാണ്. നെൽ സംഭരണവിലയും നയവും ഉടൻ പ്രഖ്യാപിക്കാൻ അധികൃതർ തയ്യാറാകണം. ദാഹിച്ചു നട്ടംതിരിഞ്ഞാലേ തൊണ്ട നനയ്ക്കാൻ വെള്ളം കൊടുക്കൂ എന്ന അവസ്ഥ മാറിയേ തീരൂ.

## ബെഞ്ചില്ലാത്ത സ്കൂളിൽ നിന്ന് പരമോന്നത ബെഞ്ചിലേക്ക്; ജസ്റ്റിസ് സൂര്യകാന്ത് രാജ്യത്തിന്റെ അടുത്ത ചീഫ് ജസ്റ്റിസ്



**ന്യൂഡൽഹി:** അടുത്തമാസം 23-ന് വിരമിക്കുന്ന സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ് തന്റെ പിൻഗാമിയായി ജസ്റ്റിസ് സൂര്യകാന്തിന്റെ പേര് കേന്ദ്രത്തിന് ശുപാർശ ചെയ്തു. സുപ്രീംകോടതിയുടെ 53-ാം ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യകാന്ത് നവംബർ 24-ന് സ്ഥാനമേറ്റാൽ 2027 നവംബർ ഒമ്പതിന് പടിയിറങ്ങുംവരെ പദവിയിൽ തുടരാം.

സ്ഥാനമൊഴിയുന്ന ചീഫ് ജസ്റ്റിസിനോട് പിൻഗാമിയെ നിർദേശിക്കാൻ ഒരുമാസം മുൻപ് നിയമമന്ത്രാലയം ആവശ്യപ്പെടുകയും അദ്ദേഹം ഏറ്റവും സീനിയർ ജഡ്ജിയുടെ പേര് ശുപാർശ ചെയ്യുകയുമാണ് പതിവ്. 2019 മേയ് 24-ന് സുപ്രീംകോടതിയിലെത്തിയ ജസ്റ്റിസ് സൂര്യകാന്താണ് സീനിയോറിറ്റിയിൽ മുന്നിൽ.

1962 ഫെബ്രുവരി പത്തിന് ഹരിയാണയിലെ ഹിസാർ ജില്ലയിൽ ജനിച്ച സൂര്യകാന്ത് റോഹ്തക്കിലെ മഹർഷി ദയാനന്ദ് സർവകലാശാലയിൽ നിന്നാണ് നിയമബിരുദം നേടിയത്. ആദ്യം ജില്ലാ കോടതികളിലും പിന്നീട് പഞ്ചാബ്, ഹരിയാണ ഹൈക്കോടതിയിലും പ്രാക്ടീസ് ചെയ്ത അദ്ദേഹം 38-ാം വയസ്സിൽ സംസ്ഥാനത്തെ ഏറ്റവും പ്രായംകുറഞ്ഞ അഡ്വക്കേറ്റ് ജനറലുമായി.

2004-ൽ 42-ാം വയസ്സിലാണ് ജസ്റ്റിസ് സൂര്യകാന്ത് പഞ്ചാബ്, ഹരിയാണ ഹൈക്കോടതിയിൽ ജഡ്ജിയായത്. 2011-ൽ കുരുക്ഷേത്ര സർവകലാശാലയിൽനിന്ന് വിദൂരപഠനത്തിലൂടെ നിയമത്തിൽ ബിരുദാനന്തരബിരുദവും നേടി. പതിനാല് വർഷം ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് സൂര്യകാന്ത് 2018-ൽ ഹിമാചൽപ്രദേശിൽ ചീഫ് ജസ്റ്റിസുമായിരുന്നു.

അധികമാർക്കുമറിയില്ല, സുപ്രീംകോടതി ചീഫ് ജസ്റ്റിസാവാനൊരുങ്ങുന്ന ജസ്റ്റിസ് സൂര്യകാന്തിന്റെ ലളിതമായ ഗ്രാമീണ പശ്ചാത്തലം. ബെഞ്ചില്ലാത്ത സ്കൂളിൽ വെറുംനിലത്തിരുന്നു പഠിച്ചാണ് രാജ്യത്തെ പരമോന്നത കോടതിയുടെ ബെഞ്ചിലേക്ക് ജസ്റ്റിസ് സൂര്യകാന്ത് എത്തിയത്. ഇനി, അതിന്റെ പരമോന്നത പദവിയിലേക്കും.

ഹരിയാണയിലെ ഹിസാറിനടുത്തുള്ള പെടാഡ് ഗ്രാമത്തിലെ സാധാരണ കർഷക കുടുംബത്തിലായിരുന്നു ജസ്റ്റിസ് സൂര്യകാന്തിന്റെ ജനനം. സ്കൂളധ്യാപകനായിരുന്നു പിതാവ്. ഗ്രാമത്തിലെ മറ്റു കുട്ടികളെപ്പോലെ വീട്ടുകാരെ കൃഷിയിൽ സഹായിക്കാൻ ജസ്റ്റിസ് സൂര്യകാന്തും സമയംകണ്ടെത്തിയിരുന്നു. പത്താം ക്ലാസിന്റെ ബോർഡ് പരീക്ഷയെഴുതാൻ ഹാൻസിയിലേക്ക് പോയപ്പോഴാണ് ആദ്യമായി ഒരു ചെറുപട്ടണം കാണുന്നത്.

തന്റെ ഗ്രാമത്തിലെ മികച്ച വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കാനും സമ്മാനങ്ങൾ നൽകാനും അദ്ദേഹമെത്താറുണ്ട്.

# ദാരിദ്ര മുക്തിയിലേക്ക് കേരളം; ആരാണ് അതിദരിദ്രർ ? ചരിത്രപരമായ നാഴികക്കല്ലിനോട് അടുക്കുകയാണ് കേരളം



ഇന്ത്യൻ സംസ്ഥാനങ്ങളിൽ മാനവ വികസന സൂചികയിൽ (ഒളക) എക്കാലത്തും മുൻപന്തിയിൽ നിൽക്കുന്ന കേരളം, ഇപ്പോൾ ദാരിദ്ര്യരഹിത സംസ്ഥാനമെന്ന ചരിത്രപരമായ നാഴികക്കല്ലിനോട് അടുക്കുകയാണ്.

2021ലാണ് സമഗ്ര അതിദരിദ്ര നിർമാർജ്ജന പദ്ധതി (ഇപഇപി) കേരളത്തിൽ അവതരിപ്പിക്കുന്നത്. പദ്ധതിയിലൂടെ 64,006 കുടുംബങ്ങളെയാണ് കേരളത്തിലെ അതിദരിദ്ര കുടുംബങ്ങളായി തിരിച്ചറിഞ്ഞിട്ടുള്ളത്. ഇതിൽ 93 ശതമാനം കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ തങ്ങൾക്ക് സാധിച്ചതായി സംസ്ഥാന സർക്കാർ വ്യക്തമാക്കുന്നുണ്ട്. ?

ആദ്യകാലങ്ങളിൽ ഭക്ഷണത്തേയും അതിൽ നിന്ന് ലഭിക്കുന്ന കലോറി ഊർജ്ജത്തെയും അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യത്തെ നിർണയിച്ചിരുന്നത്. ദാരിദ്ര രേഖയ്ക്ക് താഴെ വരുന്നവരുടെ പട്ടിക തയ്യാറാക്കിയതിന്റെ മാനദണ്ഡവും ഇതായിരുന്നു. എന്നാൽ ആഹാംര ലഭ്യതയിൽ മാത്രം ഒതുങ്ങാതെ വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോ?ഗ്യം, സേവനലഭ്യത എന്നിവ കൂടി പിന്നീട് ദാരിദ്ര്യം കണക്കാക്കുന്ന സൂചികയിൽ ഉൾപ്പെട്ടു. വരുമാനം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവ ഉൾപ്പെടുന്ന മാനവ വികസന സൂചികയിൽ കേരളം ഒന്നാമത് ആണെങ്കിലും ദാരിദ്രത്തിന്റെ തുരുത്തുകൾ കേരളത്തിൽ അവശേഷിച്ചിരുന്നു എന്നാണ് പഠനങ്ങൾ പറയുന്നത്.

### ആരാണ് അതിദരിദ്രർ

പൊതുവിലുള്ള ശേഷികളുടെ അഭാവമാണ് ദാരിദ്ര്യമെങ്കിൽ അതിൽ ഏറ്റവും തീവ്രമായ അവസ്ഥയെ അഭിമുഖീകരിക്കുന്നവരാണ് അതിദരിദ്രർ. അതിജീവത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങളായ ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസ സ്ഥലം എന്നിവ ഇവർക്ക് നേടിയെടുക്കാൻ കഴിയാതെ പോകുന്നു.

തെരുവിൽ കഴിയുന്നവർ, മറ്റു വരുമാന സാദ്ധ്യതകളോ, ആസ്തികളോ ഇല്ലാതെ അതിജീവനം പ്രതിസന്ധിയിലായ ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ മുതലായ വിഭാഗങ്ങൾ മാത്രം ഉള്ള കുടുംബങ്ങൾ, കുടുംബനാഥൻ ഉപേക്ഷിച്ച മറ്റു വരുമാന സാദ്ധ്യതകളോ, ആസ്തികളോ തൊഴിൽ ശേഷിയോ ഇല്ലാത്ത കുടുംബങ്ങൾ, കിടപ്പു രോഗികൾ മാത്രം ഉള്ള തൊഴിൽ ശേഷിയുള്ള കുടുംബാംഗങ്ങൾ ഇല്ലാത്ത, മറ്റു ആസ്തികളോ വരുമാനമോ ഇല്ലാത്ത കുടുംബങ്ങൾ തുടങ്ങിയവർ കേവല ദാരിദ്ര്യത്തിന്നപ്പുറം, അതിജീവനശേഷി ഇല്ലാത്ത അതിദരിദ്രരാണ്.

### അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള ഘടകങ്ങൾ

.അതിവാർദ്ധക്യം മൂലമോ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ മൂലമോ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ സാധിക്കാത്ത കുടുംബങ്ങൾ. തെരുവിലോ പൊതുവിടങ്ങളിലോ കഴിയുന്നത് മൂലം തെരുവിലോ പൊതുയിടങ്ങളിലോ കഴിയുന്നതുമൂലം സ്ഥിരമായി ഭക്ഷണം ലഭിക്കാതിരിക്കുന്നവരോ, പൊതു സ്ഥാപനങ്ങളിൽ നിന്നോ സൗജന്യമായോ ഭക്ഷണം കഴിക്കുന്നവരോ ആയ കുടുംബങ്ങൾ.

.ഗുരുതരമായ രോഗം ബാധിച്ചത് കൊണ്ടോ, മുകളിൽപറഞ്ഞ കാരണങ്ങൾ ഒഴികെ മറ്റു കാരണങ്ങളാൽ കിടപ്പ് രോഗിയായതിനാലോ, അപകടം മൂലമോ വരുമാന ശേഷി പൂർണമായും (തൊഴിലിൽ നിന്നോ, ആസ്തിയിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ) നഷ്ടപെട്ട കുടുംബങ്ങൾ രോഗമോ അപകടമോ കാരണം കടബാധ്യത വന്ന് ആസ്തികളും ജീവനോപാധികളും നഷ്ടപ്പെട്ട. കുടുംബം മാനനസിക വെല്ലുവിളികളോ, 80% ശാരീരിക വെല്ലുവിളികളോ നേരിടുന്നവരെ വീട്ടിൽ പരിപാലിക്കേണ്ടി വന്നതുമൂലം തൊഴിലിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ, ആസ്തിയിൽ നിന്നോ വരുമാനം നഷ്ടപ്പെട്ട കുടുംബം.

.തൊഴിൽ ശേഷി ഉള്ളവർ ഇല്ലാത്തതും, ആസ്തികളിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ വരുമാനമില്ലാത്തതുമായ കുടുംബം

.വാസസ്ഥലം ഇല്ലാതെ അലയുന്നവർ (തദ്ദേശ സ്ഥാപന പ്രദേശത്ത് കഴിഞ്ഞ ഒരു വർഷമായി കാണുന്നവർ)

### ദാരിദ്ര നിർമാർജ്ജന പദ്ധതികൾ

ദരിദ്രരെ അതിൽ നിന്ന് കരകയറ്റുന്നതിനായി കേരളം പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. 2002-2003 കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ള ആശ്രയ പദ്ധതിയായിരുന്നു ഈ ദിശയിലെ ആദ്യ പദ്ധതി. ഇവയ്ക്ക് നേതൃത്വം നൽകിയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായിരുന്നു. 2016ന് ശേഷം കേരളത്തിൽ നടപ്പിലാക്കിയ അ?ഗതി രഹിത കേരളം പദ്ധതി ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച രൂപമായിരുന്നു. തൊഴിലുറപ്പ് പദ്ധതി, റേഷൻ സംവിധാനം, വീടു നൽകാനുള്ള പദ്ധതികളെല്ലാം ഇതിൽ ഉൾപ്പെട്ടതാണ്.

1998ൽ കേരളത്തിൽ ദാരിദ്ര്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കിയ കുടുംബശ്രീ പദ്ധതി കേരളചരിത്രത്തിൽ നിർണ്ണായകമായ ഒന്നാണ്. പിന്നീട് വന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെല്ലാം കുടുംബശ്രീയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലാണ് നടപ്പിലാക്കിയത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ആണ് ആശ്രയ പദ്ധതിയും,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയും നടപ്പിലാക്കപ്പെട്ടത്.

### പദ്ധതിയുടെ ലക്ഷ്യം

സംസ്ഥാനത്തെ അതിദാരിദ്ര്യം 5 വർഷം കൊണ്ട് ഇല്ലാതാക്കുക, സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തുമുള്ള വിവിധ കാരണങ്ങളാൽ അതിദാരിദ്ര്യം അനുഭവിക്കുന്നവരെ സാമൂഹിക പങ്കാളിത്ത് പ്രക്രിയയിലൂടെ കണ്ടെത്തുക. ഓരോ ദരിദ്ര കുടുംബത്തിന്റെയും അവസ്ഥ സംബന്ധിച്ച് വിവര ശേഖരണം നടത്തുക. അതിദരിദ്ര കുടുംബങ്ങളുടെ അതിജീവനത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനും കുടുംബാധിതിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുക, മൈക്രോപ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപന തല പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

### സാമൂഹിക പങ്കാളിത്ത പ്രക്രിയ


സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി ശബ്ദമുയർത്താൻ ശേഷിയില്ലാത്തവരും പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ പലപ്പോഴും പെടാതെ പോകുന്നവരും ആയതിനാൽ പരമ്പരാ?ഗതമായ ഒരു ദാരിദ്ര സർവ്വേയിലൂടെ ആളുകളെ കണ്ടെത്താൻ സാധിക്കില്ല. അതിനാലാണ് പദ്ധതിയിൽ പങ്കാളിത്ത പ്രക്രിയ ഉൾപ്പെടുത്തിയത്. വാ?ർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ക്ലസ്റ്ററുകൾ, വാർഡ്തല കൂട്ടായ്മകൾ എന്നിവയുടെ സഹായമാണ് ഇതിനായി തേടിയത്. സമൂഹത്തിലെ വിവിധ വിഭാ?ഗങ്ങളുടെ പ്രതിനിധികൾ ഒരുമിച്ചിരുന്ന് പങ്കാളിത്ത ചർച്ചയിലൂടെ അതിദരിദ്രരെ കണ്ടെത്തുക എന്നുള്ള രീതിയാണ് ഇവിടെ അവലംബിച്ചത്.

### കേരളത്തിലെ ദാരിദ്ര നിർമാർജ്ജന രൂപരേഖ

സംസ്ഥാനത്ത് 1032 തദ്ദേശസ്ഥാപനങ്ങളിലായി 64,006 കുടുംബങ്ങളിലെ 1,03,099 വ്യക്തികളെയാണ് അതിദരിദ്രരായി കണ്ടെത്തിയത്. പദ്ധതിയുടെ ആദ്യഘട്ടം 2023 നവംബർ ഒന്നിന് പൂർത്തിയാക്കി 30,658 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചു. 2025 ആഗസ്റ്റിലെ കണക്കുകൾ പ്രകാരം, 64,006 കുടുംബങ്ങളിൽ 53,027 കുടുംബങ്ങളെ (83%) ഇതിനോടകം ദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും വിവിധ സർക്കാർ വകുപ്പുകളും ഉദ്യോഗസ്ഥരും പൊതുപ്രവർത്തകരും ഈ മഹായജ്ഞത്തിന്റെ ഭാഗമായി.

സാമൂഹിക സംഘടനാ പ്രവർത്തകർ, കുടുംബശ്രീ അയൽക്കൂട്ടം പ്രവർത്തകർ, വാർഡ് ക്ലസ്റ്റർതല ചർച്ചകൾ എന്നിവയിലൂടെ തയ്യാറാക്കിയ വിവിധ പട്ടികകൾ ഏകോപിപ്പിച്ച്, പ്രത്യേകം തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ വഴി വിവരശേഖരണം നടത്തി. ഈ പട്ടികകൾ വാർഡ്/ഗ്രാമ സഭകളുടെ അംഗീകാരത്തിന് സമർപ്പിച്ച ശേഷം, 64,006 കുടുംബങ്ങൾ ഉൾപ്പെട്ട അന്തിമ പട്ടിക 2022 ജനുവരിയിൽ പ്രസിദ്ധീകരിച്ചു. അതിദരിദ്രരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വ്യത്യസ്തമാണെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ, ഓരോ കുടുംബത്തെയും നേരിൽ കണ്ട്, അവരുടെ യഥാർത്ഥ ക്ലേശഘടകങ്ങൾ കൃത്യമായി മനസ്സിലാക്കി പ്രത്യേക മൈക്രോ പ്ലാനുകൾ തയ്യാറാക്കിയാണ് ഇവരെ സുരക്ഷിത ജീവിതത്തിലേയ്ക്ക് കൈപിടിച്ചുയർത്തിയത്

# ചിപ്പ് യുദ്ധം: അമേരിക്ക–ചൈന പോർ, ഇന്ത്യയുടെ അവസരം സെമികണ്ടക്ടറുകൾ ലോക ചിപ്പ് യുദ്ധത്തിന്റെ ഭാഗമാണ്



നിങ്ങളുടെ പോക്കറ്റിലെ സ്മാർട്ട്ഫോൺ, ഗരേജിലെ ഇലക്ട്രിക് കാർ, അടുക്കളയിലെ റഫ്രിജറേറ്റർ, ഇവയെല്ലാം ഒരു നിശ്ശബ്ദ വിപ്ലവത്തിന്റെ ഭാഗമാകാൻ പോകുകയാണ്. അതിന്റെ ഹൃദയഭാഗത്ത്, മില്ലിമീറ്ററുകളുടെ ആയിരത്തിൽ ഒന്ന് മാത്രം വലിപ്പമുള്ള സിലിക്കൺ കഷണങ്ങളായ സെമികണ്ടക്ടറുകൾ ലോക ചിപ്പ് യുദ്ധത്തിന്റെ ഭാഗമാണ്. ഒരുകാലത്ത് ചിപ്പ് ഫാക്ടറികളിലെ എഞ്ചിനീയർമാർ മാത്രം ശ്രദ്ധിച്ചിരുന്ന സാങ്കേതിക മേഖലയായിരുന്നു സെമികണ്ടക്ടർ വ്യവസായം. ലോകത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ കൂടുതൽ വേഗത്തിലും ബുദ്ധിപരമായും പ്രവർത്തിക്കുന്നതിന് അവർ പ്രവർത്തന നിരതരായിരുന്നു. ഇന്ന്, അതേ വ്യവസായം ആഗോള ശക്തികളുടെ രാഷ്ട്രീയ, സാമ്പത്തിക, സാങ്കേതിക ഭാവിയെ നയിക്കുന്ന പ്രധാന യുദ്ധക്കളമായി മാറിയിരിക്കുന്നു.

സ്മാർട്ട്ഫോണുകളും സൂപ്പർകമ്പ്യൂട്ടറുകളും വരെ, എല്ലാ ആധുനിക ഉപകരണങ്ങളും ചെറിയ സിലിക്കൺ ചിപ്പുകളെ ആശ്രയിക്കുന്നു; അവയുടെ രൂപകൽപ്പനയും ഉൽപ്പാദനവും നിയന്ത്രിക്കുന്നവർ തന്നെയാണ് ഇനി സാങ്കേതികവിദ്യയുടെ ഭാവി നിയന്ത്രിക്കുന്നത്. അതുകൊണ്ട് തന്നെ ദേശീയ സുരക്ഷയുടെ കവചമായും സാമ്പത്തിക ശക്തിയുടെ എഞ്ചിനായും ആഗോള നയതന്ത്രത്തിന്റെ ചെസ്സ്ബോർഡിലെ കരുക്കളായി ചിപ്പുകൾ മാറി.ഇനി ഇത് ഒരു വ്യവസായ മത്സരമല്ല. ചിപ്പ് യുദ്ധം, അമേരിക്കയും സഖ്യകക്ഷികളും ഒരു വശത്ത്, ചൈന മറുവശത്ത്. നൂതന ചിപ്പുകളുടെ രൂപകൽപ്പന, നിർമ്മാണം, വിതരണം; ഈ മൂന്ന് മേഖലകളിലും ആധിപത്യം നേടാൻ ഇവർ നടത്തുന്ന പോരാട്ടം മുറുകുകയാണ്. അമേരിക്കയാണ് ആദ്യത്തെ വെടി പൊട്ടിച്ചത്. ചൈനയുടെ സാങ്കേതികോന്നതി തടയാനുള്ള നയങ്ങൾ അമേരിക്ക നടപ്പിലാക്കുകയായിരുന്നു. 2018-ൽ ആരംഭിച്ച ഈ യുദ്ധത്തിൽ, ട്രംപ് ഭരണകൂടം ചൈനീസ് സാങ്കേതിക കമ്പനികളായ ഹുവാവെയും ZTEയും ബ്ലാക്ക്ലിസ്റ്റ് ചെയ്തു, അമേരിക്കൻ സാങ്കേതികവിദ്യയിലേക്കുള്ള ആക്സസ് ഇവർക്ക് നിഷേധിച്ചു. പിന്നീട് വന്ന ബൈഡൻ ഭരണകൂടം ഇത് കൂടുതൽ ശക്തിപ്പെടുത്തി, 2022-ൽ അഡ്വാൻസ്ഡ് സെമികണ്ടക്ടർ ഉൽപ്പാദനത്തിനുള്ള യന്ത്രങ്ങൾ, സോഫ്റ്റ്വെയർ എന്നിവയുടെ കയറ്റുമതിക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. 2024-ൽ, Nvidia യുടെ ഏറ്റവും പുതിയ AI ചിപ്പുകൾ ചൈനയിലേക്ക് കയറ്റുമതി ചെയ്യുന്നത് നിർത്തലാക്കികൊണ്ട് ചൈനയുടെ അക വികസനത്തെ തടസ്സപ്പെടുത്തി.

ചൈനയുടെ പ്രതികരണം വേഗത്തിലായിരുന്നു. അമേരിക്കൻ കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കെതിരെ ആന്റി-ഡമ്പിങ് അന്വേഷണങ്ങൾ ആരംഭിച്ചു. ഏറ്റവും ഒടുവിലായി, ടെക്സസ് ഇൻസ്ട്രുമെന്റ്സ്, അനലോഗ് ഡിവൈസസ് തുടങ്ങിയ അമേരിക്കൻ ചിപ്പ് കമ്പനികൾക്കെതിരായ 37 ദിവസത്തെ അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുകയാണ്. ഈ അനലോഗ് ചിപ്പുകൾ അകയുടെ ഏറ്റവും അഡ്വാൻസ്ഡ് പതിപ്പുകളല്ലെങ്കിലും, സ്മാർട്ട്ഫോണുകൾ, ഇലക്ട്രിക് കാറുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ അവിഭാജ്യ ഘടകമാണ്. ചൈനയുടെ വാണിജ്യ മന്ത്രാലയം ഈ കമ്പനികളിൽ നിന്ന് വിൽപ്പന, ചെലവ്, ഉപഭോക്താക്കൾ, സപ്ലൈയർമാർ തുടങ്ങിയ വിശദാംശങ്ങൾ ആവശ്യപ്പെടുകയാണ്. ഇത് അമേരിക്കയുടെ കയറ്റുമതി നിയന്ത്രണങ്ങൾക്കുള്ള ചൈനയുടെ പ്രതികാര നീക്കമാണ്.

ഇതിനു പുറമേ, ചൈനയുടെ ഏറ്റവും പുതിയ നീക്കം അപൂർവ ലോഹങ്ങളുടെ (rare earth) കയറ്റുമതി നിയന്ത്രണങ്ങളാണ്. ഈ ലോഹങ്ങൾ ശുദ്ധീകരിക്കാനുള്ള സാങ്കേതിക ഉപകരണങ്ങളുടെ കയറ്റുമതിയിലും നിയന്ത്രണമുണ്ട്. ഇത് ചിപ്പ് യുദ്ധത്തെ പുതിയ ഒരു തലത്തിലേക്ക് എത്തിച്ചിരിക്കുകയാണ്. ഈ നിയന്ത്രണങ്ങളിൽ ഭൂരിഭാഗവും ഡിസംബർ ഒന്നു മുതൽ പ്രാബല്യത്തിൽ വരും. ഇതിന് മറുപടിയായി ട്രംപ് ഭരണകൂടം ചൈനയ്ക്കുമേൽ നിലവിലെ തീരുവയ്ക്ക് പുറമേ 100 ശതമാനം അധിക തീരുവയും പ്രഖ്യാപിച്ചിരിക്കുകയാണ്.

സാങ്കേതിക, വൈദ്യശാസ്ത്ര, സൈനിക, ഊർജ രംഗങ്ങളിലെല്ലാം അത്യാവശ്യമായ ലോഹങ്ങൾക്ക് ചൈന ഏർപ്പെടുത്തിയ കയറ്റുമതി നിയന്ത്രണം ആഗോളതലത്തിൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ വിളിച്ചുവരുത്തിയേക്കാം. കൺസ്യൂമർ ഇലക്ട്രോണിക്സ്, വൈദ്യുത വാഹനങ്ങൾ മുതൽ ജെറ്റ് എഞ്ചിനുകൾ, റഡാർ സിസ്റ്റങ്ങൾ വരെയുള്ള ഉൽപ്പന്നങ്ങളിൽ അപൂർവ ലോഹങ്ങളും കാന്തങ്ങളും ഉപയോഗിക്കുന്നു. ലോകത്തിലെ അപൂർവ ഭൂമി ഖനനത്തിന്റെ ഏകദേശം 70% ചൈനയാണ് നിയന്ത്രിക്കുന്നത്, കൂടാതെ അതിന്റെ വേർതിരിക്കൽ, സംസ്കരണം, കാന്ത നിർമ്മാണം എന്നിവയും ചൈനയുടെ നിയന്ത്രണത്തിലാണ്. സ്കാൻഡിയം (Sc), യിട്ട്രിയം (Y) തുടങ്ങി ലൂട്ടേഷ്യം (Lൗ) വരെ ഏകദേശം 17 മൂലകങ്ങളാണ് റെയർ എർത്ത് വിഭാഗത്തിൽ പെടുന്നത്.

ഈ യുദ്ധത്തിനിടയിലും, ലോക സെമികണ്ടക്ടർ വിപണി വൻ വളർച്ച കൈവരിച്ചു. 2024-ൽ 630 ബില്യൺ ഡോളറായിരുന്ന വിപണി, 2025-ൽ 22.2% വളർച്ചയോടെ 770 ബില്യൺ ഡോളറിലെത്തും. 2026-ൽ 18.4% വളർച്ചയോടെ 910 ബില്യൺ ഡോളറാകുമെന്നാണ് ഈ രംഗത്തെ വിദഗ്ധർ പ്രവചിക്കുന്നത്. അകയുടെ ആവശ്യകതയാണ് പ്രധാന കാരണം, പ്രത്യേകിച്ച് ഡാറ്റാ സെന്ററുകളിലെ ഹൈ ബാൻഡ്വിഡ്ത് മെമ്മറി (HBM) ചിപ്പുകൾക്കുള്ള ഡിമാൻഡ്. 2026-ൽ ഒആങ്ങ വിപണി 50 ബില്യൺ ഡോളറിന് മുകളിലെത്തുമെന്ന് ഹ്യുണ്ഡായ് മോട്ടോർ സെക്യൂരിറ്റീസിലെ നോഹ് ഗ്യൂൺ-ചാങ് പ്രവചിക്കുന്നു. ചൈനയുടെ പ്രതികാര നീക്കങ്ങൾ അമേരിക്കൻ കമ്പനികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2025-26 കാലയളവിൽ യു.എസ്. കമ്പനികളുടെ വരുമാനത്തിൽ 10-20 ബില്യൺ ഡോളർ നഷ്ടം രേഖപ്പെടുത്തുമെന്നാണ് കണക്കാക്കുന്നത്.

ഇന്ത്യയ്ക്ക് ഈ ചിപ്പ് യുദ്ധം നിരവധി സാധ്യതകളും വെല്ലുവിളികളും നൽകുന്നു. വിവിധ ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണത്തിന് ഇന്ത്യ ചിപ്പ് ഇറക്കുമതിയെ ആശ്രയിക്കുന്നു. 1954-ൽ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL) സ്ഥാപിതമായതോടെയും 1976-ൽ സെമികണ്ടക്ടർ കോംപ്ലക്സ് ലിമിറ്റഡ് (SCL) ആരംഭിച്ചതോടെയും ഇന്ത്യ സെമികണ്ടക്ടർ രംഗത്ത് യാത്ര ആരംഭിച്ചു. 1984-ൽ ചണ്ഡീഗഡിൽ 5 ദ്ദാ ഇങ്ങരട സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ചിപ്പ് നിർമ്മാണ പ്ലാന്റ് സ്ഥാപിച്ച് ടഇഘ പ്രവർത്തനം ആരംഭിച്ചു. ഇത് പ്രധാനമായും ബഹിരാകാശ വകുപ്പിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായിരുന്നു. ഇന്ത്യയിലെ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി ഉപയോഗിച്ച് സർക്കാരിന്റെ പിന്തുണയോടെ ഈ രംഗത്ത് ഇന്ത്യ മികച്ച നേട്ടങ്ങൾ കൈവരിച്ചു. മറ്റൊരു സർക്കാർ മേഖലാ കമ്പനിയായ ആളഘ 1959ൽ ജർമേനിയം ട്രാൻസിസ്റ്ററിന്റെ ഉൽപ്പാദനം ആരംഭിച്ചു, 1962-ൽ ഫിലിപ്സിൽ നിന്നുള്ള സാങ്കേതിക കൈമാറ്റത്തിലൂടെ ഇതും മികച്ച നേട്ടങ്ങൾ കൈവരിച്ചു. എന്നാൽ സെമികണ്ടക്ടർ നിർമ്മാണ മേഖലയിലെ സ്വയംപര്യാപ്തത ഇന്ന് വലിയ വെല്ലുവിളികൾ നേരിടുന്നു. കാരണം ഉൽപ്പാദനം സെമികണ്ടക്ടർ ആവാസവ്യവസ്ഥയുടെ ഒരു ഭാഗം മാത്രമാണ്. പരമ്പരാഗതമായി മിക്ക ചിപ്പുകളും നിർമ്മിച്ചിരുന്ന ഇന്റൽ (intel) പോലും ലോകമെമ്പാടുമുള്ള 16,000 വിതരണക്കാരിൽ നിന്നുള്ള 450 ഫാക്ടറികളെ ആശ്രയിക്കുകയാണ്. ലോകമെമ്പാടുമുള്ള സെമികണ്ടക്ടർ വിതരണ ശൃംഖലയെ യു.എസ്-ചൈന ചിപ്പ് യുദ്ധം പ്രതികൂലമായി ബാധിച്ചിരിക്കുന്നത് ഈ രംഗത്തുള്ള എല്ലാവർക്കും വെല്ലുവിളിയായി മാറിയിരിക്കുകയാണ്.

സെമികണ്ടക്ടർ വ്യവസായത്തിന്റെ ഭൗമരാഷ്ട്രീയ പ്രത്യാഘാതങ്ങൾ കണക്കിലെടുക്കുമ്പോൾ, ഇന്ത്യ മുൻകൈയെടുത്ത് ഒരു അന്താരാഷ്ട്ര വ്യാപാര-ഭൗമരാഷ്ട്രീയ തന്ത്രം മെനയേണ്ടതുണ്ട്. അസംസ്കൃത ലോഹങ്ങളുടെയും നൂതന സാങ്കേതികവിദ്യയുടെയും ലഭ്യത ഉറപ്പാക്കുന്നതിന് അനുകൂലമായ വ്യാപാര കരാറുകൾ ചർച്ച ചെയ്യേണ്ടത് ആവശ്യമാണ്. ജപ്പാൻ, ദക്ഷിണകൊറിയ, തായ്വാൻ തുടങ്ങിയ പ്രധാന ഉൽപ്പാദക രാജ്യങ്ങളുമായി ഭൗമരാഷ്ട്രീയ സഖ്യങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ വിതരണ ശൃംഖലയിലെ തടസ്സങ്ങൾ ലഘൂകരിക്കാം. ഇറക്കുമതി സ്രോതസ്സുകളെ വൈവിധ്യവൽക്കരിക്കുന്നത് ഏതെങ്കിലും ഒരു രാജ്യത്തെ മാത്രം ആശ്രയിക്കുന്നത് ഇല്ലാതാക്കും.

വെറുമൊരു ഉപഭോക്താവ് എന്ന നിലയിൽ നിന്ന് ചിപ്പ് വ്യവസായത്തിലെ ആഗോള പ്രമുഖ ഉൽപ്പാദകരിൽ ഒന്നായി മാറാൻ കഴിയുന്ന നിർണായക ഘട്ടത്തിലാണ് ഇന്ത്യ. ഈ മേഖലയിലെ വെല്ലുവിളികൾ മറികടക്കാനും മനുഷ്യവിഭവവും സോഫ്റ്റ്വെയർ വികസന ശേഷിയും പ്രയോജനപ്പെടുത്താനും, അതിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര സഹകരണവും തന്ത്രപരമായ നിക്ഷേപവും ആകർഷിക്കാൻ പുതിയ തന്ത്രങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിലൂടെ ഇന്ത്യക്ക് ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാം. ചിപ്പ് ഡിസൈൻ കഴിവുകൾ വർദ്ധിപ്പിച്ച് അത്യാധുനിക നിർമ്മാണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലൂടെ ഈ രംഗത്ത് മുന്നേറാൻ ഇന്ത്യയ്ക്ക് കഴിയും. അസംബ്ലി, ടെസ്റ്റിംഗ്, പാക്കേജിംഗ് (ATMP) എന്നിവയിൽ മികവ് പുലർത്തുന്നതിലൂടെ, അന്താരാഷ്ട്രതലത്തിൽ മത്സരക്ഷമതയുള്ള ശക്തമായ സെമികണ്ടക്ടർ ആവാസവ്യവസ്ഥ രാജ്യത്ത് സ്ഥാപിക്കാം. സർക്കാർ നയങ്ങളിലും ആഗോള പങ്കാളിത്തത്തിലും ഇതിന് അനുസൃതമായ സമീപനം സ്വീകരിച്ചാൽ, സാമ്പത്തിക സുരക്ഷയും സാങ്കേതിക പുരോഗതിയും ബന്ധപ്പെട്ടിരിക്കുന്ന ആഗോള വിപണികളിൽ ഇന്ത്യയുടെ പങ്കാളിത്തം ശോഭനമായ ഭാവിയിലേക്ക് നയിക്കും.

ചിപ്പ് യുദ്ധത്തിന്റെ ഈ കൊടുങ്കാറ്റിൽ ഇന്ത്യയുടെ തന്ത്രപരമായ നീക്കങ്ങൾ വൈവിധ്യവൽക്കരണം, സഖ്യങ്ങൾ, സ്വയംപര്യാപ്തത ഭൗമരാഷ്ട്രീയ യുദ്ധത്തിന്റെ പുതിയ അധ്യായമായി മാറും. അമേരിക്ക-ചൈന പോരാട്ടത്തിനിടയിൽ, ഇന്ത്യയുടെ ഉയർച്ച ചിപ്പുകളുടെ ഭാവി ആഗോള ബാലൻസ് ഓഫ് പവറിനെ പുനർനിർമ്മിക്കുമ്പോൾ, സാങ്കേതിക സ്വാതന്ത്ര്യത്തിന്റെ പുതിയ അവകാശികളായി ഇന്ത്യയെ സ്ഥാപിക്കും. ഇങ്ങനെ ഒരു നീക്കത്തിന് ഇന്ത്യ തയ്യാറാകുമോ?

കേരള പ്രണാമം


# ആഴാങ്കൽ നടപ്പാത നാളെ തുറക്കും

**നേമം:** പ്രഭാത,സായാഹ്ന സവാരിക്കാർക്കിനി കരമനയാറിന്റെ സൗന്ദര്യം ആസ്വദിച്ചുനടക്കാം. നട്ടുച്ചയ്ക്കും തണൽ നൽകുന്ന മരങ്ങളുള്ള കരമനയാറിന്റെ തീരത്തെ ആഴാങ്കൽ നടപ്പാത 29ന് മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ വി.ശിവൻകുട്ടി, മുഹമ്മദ് റിയാസ്, റോഷി അഗസ്റ്റിൻ, മേയർ ആര്യാ രാജേന്ദ്രൻ, കൗൺസിലർ ആശാനാഥ് തുടങ്ങിയവർ പങ്കെടുക്കും. കൈമനം കരുമം റോഡിൽ കരമന നദീതീരത്തോട് ചേർന്ന് 2 കിലോമീറ്ററിലധികം നീളത്തിലാണ് ആഴാങ്കൽ വാക്ക് വേ പൂർത്തീകരിച്ചത്. നദീ സൗന്ദര്യം ആസ്വദിച്ച ശേഷം പാട്ടുകേട്ട് വിശ്രമിക്കാൻ വിശ്രമ കേന്ദ്രവും ഒരുക്കിയിട്ടുണ്ട്. സായാഹ്ന സവാരിക്കായി നടപ്പാതയിൽ സോളാർ സഹായത്തോടെയുള്ള വിളക്കുകളും പ്രകാശിക്കും. സുരക്ഷയ്ക്കായി സി.സിടിവി ക്യാമറകളും സ്ഥാപിച്ച് കഴിഞ്ഞു.

**15 കോടിയുടെ നവീകരണം**

ഒ.രാജഗോപാൽ എം.എൽ.എ ആയിരുന്ന കാലത്ത് 7.36 ലക്ഷം രൂപ മുടക്കി സംസ്ഥാന പാതയോട് ചേർന്ന് ഇവിടെ വിശ്രമ കേന്ദ്രം മുൻപ് നിർമ്മിച്ചിരുന്നു. പിന്നീട് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയൺമെന്റ് (കെ.എസ്.സി.എസ്.ടി.ഇ) 1.45 കിലോമീറ്റർ നീളത്തിൽ നടപ്പാത നിർമ്മിച്ചു.മന്ത്രി വി.ശിവൻകുട്ടിയുടെയും വാർഡ് കൗൺസിലർ ആശാനാഥിന്റെയും താത്പര്യപ്രകാരം 2024 മാർച്ചിൽ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 15 കോടിയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. സംസ്ഥാന ജലസേചന വകുപ്പാണ് രൂപകല്പന ചെയ്തത്. ആംഫി തിയേറ്ററും ബാൽക്കണിയും

കരമന-ആഴാങ്കൽ നടപ്പാതയ്ക്കിടയിൽ ശങ്കർനഗർ ഭാഗത്ത് നിന്ന് വരുന്ന രണ്ട് കടവുകൾ ചേർന്നുള്ള ഭാഗത്ത് കൽപ്പടവുകളും ടൈൽസ് പാകിയ പവിലിയനുമുണ്ടാകും. കലാപരിപാടികൾ നടത്താൻ ചെറിയ പ്ലാറ്റ്ഫോമുകൾ കോൺക്രീറ്റിൽ നിർമ്മിച്ചിട്ടുണ്ട്. ചെറിയ പരിപാടികൾ സംഘടിപ്പിക്കാനാവുന്ന തരത്തിൽ ഒരു ആംഫി തിയേറ്റർ മാതൃകയിലാണ് നിർമ്മാണം പൂർത്തിയാക്കിയത്. ഇതിനുപുറമേ രണ്ട് ബോട്ട് യാർഡുകളും മഴയത്ത് കയറിനിൽക്കാൻ മേൽക്കൂരയുള്ള ബാൽക്കണിയുമുണ്ട്. 80 കാറുകൾ, 100 ബൈക്കുകൾ എന്നിവ പാർക്ക് ചെയ്യാം. കഫറ്റീരിയ, ടോയ്‌ലറ്റ് കോംപ്ലക്സ്, ഫുട്ബാൾ ടർഫ്, ക്രിക്കറ്റ് പിച്ചുകൾ എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചു.



# മൂന്നാം വർഷവും 30,000 പിന്നിട്ട് നിയമന ശുപാർശകൾ, റെക്കോർഡ് നേട്ടവുമായി പിഎസ്‌സി

**തിരുവനന്തപുരം :** നിയമനങ്ങളിൽ റെക്കോർഡ് മുന്നേറ്റവുമായി കേരള പിഎസ്‌സി. ഈ വർഷം ഇതുവരെ നൽകിയ നിയമന ശുപാർശകൾ മൂപ്പതിനായിരം പിന്നിട്ടു. തുടർച്ചയായി മൂന്നാം വർഷമാണ് പിഎസ്‌സി നൽകുന്ന നിയമന ശുപാർശകൾ മുപ്പതിനായിരം പിന്നിടുന്നത്. ഈ വർഷം ഇതുവരെ 30,246 പേർക്ക് നിയമന ശുപാർശ നൽകിയെന്നാണ് റിപ്പോർട്ടുകൾ.2024ൽ 34,194 പേർക്കും 2023 ൽ 34,110 പേർക്കും നിയമന ശുപാർശ നൽകി. കേരളത്തിൽ പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽഡിഎഫ് സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം ഇതുവരെ - 2,99,080 നിയമനശുപാർശകളാണ് പിഎസ്‌സി അയച്ചത്.

ഈ വർഷം ഇതുവരെ 853 റാങ്ക് പട്ടികകൾ ആണ് പ്രസിദ്ധീകരിച്ചത്. പ്രധാനപ്പെട്ട എല്ലാ തസ്തികകളുടെയും റാങ്ക് പട്ടിക ഒരു കലണ്ടർ വർഷം തന്നെ പ്രസിദ്ധീകരിച്ചെന്ന നേട്ടവും പിഎസ്‌സി സ്വന്തമാക്കി. ഒക്ടോബർ 10 ന് യുപി സ്കൂൾ ടീച്ചർ തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചാണ് ഈ മുന്നേറ്റം. വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സർവെന്റ്സ്, ക്ലാർക്ക്, കേരള ബാങ്കിൽ ക്ലാർക്ക്, തദ്ദേശ വകുപ്പിൽ സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പിൽ എൽപി സ്കൂൾ ടീച്ചർ, പൊലീസ് വകുപ്പിലെ വിവിധ യൂണിഫോംഡ് തസ്തികകൾ ഈ വർഷം പ്രസിദ്ധീകരിച്ചു.



# പാങ്ങോട് സൈനിക കേന്ദ്രത്തിൽ ഇൻഫൻട്രി ദിനം ആചരിച്ചു

**പാങ്ങോട് :**രാജ്യസേവനത്തിൽ പരമമായ ത്യാഗം ചെയ്ത ധീര സൈനികരെ ആദരിക്കുന്നതിനായി പാങ്ങോട് യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചുകൊണ്ട് പാങ്ങോട് സൈനിക കേന്ദ്രം ഇൻഫൻട്രി ദിനം ആഘോഷിച്ചു.പാങ്ങോട് സൈനിക കേന്ദ്ര കമാ പാങ്ങോട് സൈനിക കേന്ദ്രത്തിൽ ഇൻഫൻട്രി ദിനം ആചരിച്ചു.രാജ്യസേവനത്തിൽ പരമമായ ത്യാഗം ചെയ്ത ധീര സൈനികരെ ആദരിക്കുന്നതിനായി പാങ്ങോട് യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചുകൊണ്ട് പാങ്ങോട് സൈനിക കേന്ദ്രം ഇൻഫൻട്രി ദിനം ആഘോഷിച്ചു.പാങ്ങോട് സൈനിക കേന്ദ്ര കമാൻഡർ ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായയും വിരമിച്ച സൈനികരും യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.തലമുറകൾക്ക് പ്രചോദനം നൽകുന്ന ധീരരായ കാലാൾപ്പടയ്ക്ക് ഹൃദയംഗമമായ ആദരാഞ്ജലികൾ അർപ്പിക്കാൻ സൈനിക കേന്ദ്രത്തിലെ ഉദ്യോഗസ്ഥരും, ജൂനിയർ കമ്മീഷൻഡ് ഓഫീസർമാർ, മറ്റ് സേനാംഗങ്ങൾ, വിരമിച്ച സൈനിക ഉദ്യോഗസ്ഥർമാർ എന്നിവർ ഒത്തുകൂടി.സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ സൈന്യം നടത്തിയ ആദ്യത്തെ സൈനിക നടപടിയുടെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും ഇൻഫൻട്രി ദിനം ആചരിക്കുന്നത്. 1947 ഒക്ടോബർ 27 ന് സിഖ് റെജിമെന്റിന്റെ ഒന്നാം ബറ്റാലിയന്റെ സൈന്യം ജമ്മു കശ്മീരിനെ ബാഹ്യ ആക്രമണങ്ങളിൽ നിന്ന് പ്രതിരോധിക്കാൻ ശ്രീനഗറിൽ എത്തിയതായിരുന്നു അത്.പാങ്ങോട് സൈനിക കേന്ദ്രത്തിൽ നടന്ന പരിപാടി ഇൻഫൻട്രിയോടുള്ള ഓർമ്മയുടെയും അഭിമാനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതിഫലനമായി. ൻഡർ ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായയും വിരമിച്ച സൈനികരും യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.തലമുറകൾക്ക് പ്രചോദനം നൽകുന്ന ധീരരായ കാലാൾപ്പടയ്ക്ക് ഹൃദയംഗമമായ ആദരാഞ്ജലികൾ അർപ്പിക്കാൻ സൈനിക കേന്ദ്രത്തിലെ ഉദ്യോഗസ്ഥരും, ജൂനിയർ കമ്മീഷൻഡ് ഓഫീസർമാർ, മറ്റ് സേനാംഗങ്ങൾ, വിരമിച്ച സൈനിക ഉദ്യോഗസ്ഥർമാർ എന്നിവർ ഒത്തുകൂടി.സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ സൈന്യം നടത്തിയ ആദ്യത്തെ സൈനിക നടപടിയുടെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും ഇൻഫൻട്രി ദിനം ആചരിക്കുന്നത്. 1947 ഒക്ടോബർ 27 ന് സിഖ് റെജിമെന്റിന്റെ ഒന്നാം ബറ്റാലിയന്റെ സൈന്യം ജമ്മു കശ്മീരിനെ ബാഹ്യ ആക്രമണങ്ങളിൽ നിന്ന് പ്രതിരോധിക്കാൻ ശ്രീനഗറിൽ എത്തിയതായിരുന്നു അത്.പാങ്ങോട് സൈനിക കേന്ദ്രത്തിൽ നടന്ന പരിപാടി ഇൻഫൻട്രിയോടുള്ള ഓർമ്മയുടെയും അഭിമാനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതിഫലനമായി.

# ശ്രീനാരായണ ഗുരുമന്ദിരം - സുവർണ്ണ ജൂബിലി ഉദ്ഘാടനം

**ശിവഗിരി :** ഡൽഹി ഫരീദാബാദ് ശ്രീനാരായണ ഗുരു മന്ദിരത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷവും ഗുരുദേവന്റെ പേരിൽ ഹരിയാനയിൽ ആദ്യമായി നിർമ്മിച്ച ഗുരു മന്ദിരത്തിന്റെയും സ്പിരിചൽ സെന്ററിന്റെയും ഉദ്ഘാടനം നവംബർ 2 ന് പ്രൊഫ. കെ.വി തോമസും ബീനാ ബാബുറാമും ചേർന്ന് നിർവഹിക്കും. ഫരീദാബാദ് തിഗാവ് റോഡിലെ ശിവ കോളേജിന് സമീപം രാവിലെ 9.30 മുതൽ 2.30 വരെയാണ് സമ്മേളനവും കലാപരിപാടികളും നടക്കുക.

## ശിവഗിരി തീർത്ഥാടനകാലം ഡിസംബർ 15 മുതൽ

**ശിവഗിരി :** മഹാതീർത്ഥാടനത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങളായി. തീർത്ഥാടന കാലമായി മുൻവർഷങ്ങളിൽ എന്നപോലെ ഡിസംബർ 15 മുതൽ 2026 ജനുവരി 5 വരെ തുടരും. നവംബറിൻറെ ആരംഭം മുതൽ നാടാകെ ശിവഗിരി തീർത്ഥാടന ലക്ഷ്യപ്രചാരണ സമ്മേളനങ്ങളും സെമിനാറുകളും ആരംഭിക്കും. ഗുരുദേവ ദർശനവും ശിവഗിരി മഠവും ആഗോളതല ശ്രദ്ധാകേന്ദ്രമായിട്ടുള്ള പശ്ചാത്തലത്തിലാണ് ഇക്കൊല്ലത്തെ തീർത്ഥാടനമെന്ന പ്രത്യേകത കൂടിയുണ്ട്. ആലുവ സർവമത സമ്മേളന ശതാബ്ദിയുടെ ഭാഗമായി വത്തിക്കാനിലും ഡൽഹിയിലും ലണ്ടനിലും ഗൾഫ് രാജ്യങ്ങളിലും ആസ്ട്രേലിയയിലും ശിവഗിരി മഠം സംഘടിപ്പിച്ച ലോകമത പാർലമെൻറുകളും ശിവഗിരിയിൽ കഴിഞ്ഞവർഷം നടന്ന ആഗോള പ്രവാസി സംഗമവും ഗുരു ഗാന്ധി സമാഗമ ശതാബ്ദിയുടെ ഭാഗമായി തുഷാർ ഗാന്ധി പങ്കെടുത്ത ശിവഗിരി സമ്മേളനവും പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്ത ഡൽഹി വിജ്ഞാൻ ഭവൻ സമ്മേളനവും ശിവഗിരിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്ത ഗുരുദേവ പരിനിർവ്വാണ ശതാബ്ദി സമ്മേളനവും ഒക്കെ ആഗോളതല ശ്രദ്ധ നേടുകയുണ്ടായി. ലോകമെമ്പാടുമുള്ള ഗുരുദേവ പ്രസ്ഥാനങ്ങളും ഗുരുദേവ ഭക്തരും ശിവഗിരി ബന്ധുക്കളുമൊക്കെ ഒന്നായി ചേർന്നുള്ള പിന്തുണയോടെയാണ് ഈ പരിപാടികളെല്ലാം വൻ വിജയമായത്. ഈ വിധം തീർത്ഥാടന വിജയത്തിന് വിവിധ കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. തീർഥാടന കമ്മിറ്റി ഓഫീസ് നാളെ(28102025) 9.30 ന് ഉദ്ഘാടനം ചെയ്യുന്നതോടെ കമ്മറ്റികളുടെ പ്രവർത്തനങ്ങൾ സജീവമാകും.

# തൃശ്ശൂർ കാരമുക്ക് ശ്രീനാരായണ ഗുപ്ത സമാജം ശിവഗിരിയിൽ മഹാഗുരുപൂജ നടത്തി

**ശിവഗിരി :** ശിവഗിരി മഠത്തിലെ പ്രധാന വഴിപാടായ മഹാഗുരുപൂജയിൽ ഇന്നലെ തൃശ്ശൂർ കാരമുക്ക് ശ്രീനാരായണ ഗുപ്ത സമാജം അണി ചേർന്നു. നിരവധി ക്ഷേത്രങ്ങളും, കുടുംബയൂണിറ്റുകളും, എസ്എൻഡിപി ശാഖകളും, ഗുരുമന്ദിരങ്ങളും, മറ്റു ഗുരുദേവ പ്രസ്ഥാനങ്ങളും നിത്യേന എന്നോളം മഹാഗുരുപൂജ നടത്തിവരുന്നു. നാട്ടിലും മറുനാടുകളിലും വിദേശരാജ്യങ്ങളിലും നിന്നൊക്കെ പൂജ നടത്താറുണ്ട്. ഭക്തർക്ക് അവരുടെ ജന്മദിനം, മക്കളുടെ ജന്മദിനം, തുടർ വിദ്യാഭ്യാസ ആരംഭം, വിവാഹ നിശ്ചയം, വിവാഹം, മരണാനന്തര ചടങ്ങുകൾ, ചരമവാർഷികം തുടങ്ങിയ വേളകളിലൊക്കെയും മഹാഗുരുപൂജ നടത്തിവരുന്നു. വിവരങ്ങൾക്ക് 9447551499

# ഡോ സൂനം ജോൺ അന്തരിച്ചു



**തിരുവനന്തപുരം:** മെഡിക്കൽ കോളേജ് ആശുപത്രിയിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം പ്രൊഫസർ കാര്യവട്ടം റോയൽ ഹിൽസ് അറോറയിൽ ഡോ സൂനം ജോൺ(45) അന്തരിച്ചു. തലച്ചോറിലെ രക്തസ്രാവത്തെ തുടർന്ന് ശ്രീചിത്ര മെഡിക്കൽ സെന്ററിൽ ചികിത്സയിലിരിക്കെ തിങ്കൾ രാവിലെ മരിച്ചു. ഭർത്താവ്: ഡോ കോളിൻ ഫെർണാണ്ടസ് ( കുടുംബാരോഗ്യ കേന്ദ്രം, വെളിയം). മകൾ: ആർമിധ ആൻ കോളിൻ ( വിദ്യാർത്ഥി, മാർ ബസേലിയോസ് കോളേജ്) പരേതനായ അധ്വ തേവലക്കര എസ് ജോണിന്റെയും പൂമംഗലം കുടുംബാംഗം ആനിയമ്മ ( റിട്ട. കെ എം എം എൽ)യുടെയും മകളാണ്. സംസ്കാരം ചൊവ്വ വൈകുന്നേരം നാലിന് കാര്യവട്ടം ക്രിസ്തുരാജ ദേവാലയത്തിൽ നടക്കും. സഹോദരങ്ങൾ: പ്രസൂൻ, ഡോ സുമം, ജിത്ത്, മെർളി. മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രാവിലെ ഒൻപതിന് പൊതുദർശനത്തിനു വയ്ക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് എംബിബിഎസ് പഠനം പൂർത്തിയാക്കിയ ഡോ സൂനം ജോൺ 2009 ൽ കോട്ടയം മെഡിക്കൽ കോളേജിൽ ലക്ചറർ ആയി സേവനമാരംഭിച്ചു. തുടർന്ന് സിഎം സി വെല്ലൂരിൽ നിന്ന് ട്രാൻസ്ഫ്യൂഷൻ മെഡിസിനിൽ എം ഡി യും നേടി. കൊല്ലത്തും തിരുവനന്തപുരം മെഡിക്കൽ കോളേജിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.



# തയ്യൽ മത്സരവും മോട്ടോർ റാലിയുമായി വിഷൻ 2031




**കൊല്ലം:** തയ്യൽ മത്സരവും മോട്ടോർ റാലിയുമായി വിഷൻ 2031 തൊഴിൽ, നൈപുണ്യ വികസന മേഖല സെമിനാറിന്റെ അനുബന്ധ പ്രചരണ പരിപാടികൾക്ക് ആവേശത്തുടക്കം. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് പുതിയ ആസ്ഥാനവും തയ്യൽ മത്സരവും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർപേഴ്സൺ എലിസബത്ത് അസീസി ഉദ്ഘാടനം ചെയ്തു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രഞ്ജിത്ത് പി.മനോഹർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ ആർ. അരുൺ കുമാർ, കെ. സോമരാജൻ, ബി മോഹൻദാസ്, സനൽ കുമാർ, പി.കെ, ചന്ദ്രബാനു, സുരേഷ് കുമാർ എൻ, പേരൂർ ശശിധരൻ, ഷൈൻ രാജ് എം എന്നിവർ സംസാരിച്ചു, 15 തൊഴിലാളികൾ പങ്കെടുത്തു. അതുല്യ, കമലമ്മ, ജയശ്രീ എന്നിവർ ആദ്യ മൂന്നു സ്ഥാനങ്ങൾ നേടി. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മുച്ചക്ര വാഹനറാലി കൊല്ലം വി പാർക്കിന് സമീപം മുൻ മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ ഫ്ലാഗ് ഓഫ് ചെയ്തു. അഡീഷണൽ ലേബർ കമ്മീഷണർ പി. രഞ്ജിത് മനോഹർ, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി.ആർ.ശങ്കർ, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ഇന്ന് രാവിലെ 8ന് കൊല്ലം കളക്ടറേറ്റിൽ നിന്ന് ചിന്നക്കട വരെ തൊഴിലാളികളുടെ കൂട്ടയോട്ടം നടക്കും. എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറി ജി.ബാബു ഉദ്ഘാടനം ചെയ്യും. 10 ന് നഗരത്തിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള മെഡിക്കൽ ക്യാമ്പ് ചിന്നക്കട ഡോക്കേഴ്സ് ലൈബ്രറി ആൻഡ് റിക്രിയേഷൻ ക്ലബ്ബിൽ കോർപ്പറേഷൻ മേയർ ഹണി ബെഞ്ചമിൻ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 4 ന് ചിന്നക്കട ബസ് ബേയിൽ ചുമട്ടു തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ വടംവലി മത്സരം നടക്കും. കശുഅണ്ടി വികസന കോർപ്പറേഷൻ ചെയർമാൻ എസ്.ജയമോഹൻ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 5 ന് കൊല്ലം ബീച്ചിൽ തൊഴിലാളികളുടെ പട്ടം പറത്തൽ മത്സരം കളക്ടർ എൻ.ദേവിദാസ് ഉദ്ഘാടനം ചെയ്യും.

# സപ്ലൈകോ 6 പെട്രോൾ പമ്പ് കൂടി തുറക്കും: മന്ത്രി ജി ആർ അനിൽ

**കൊല്ലം** സപ്ലൈകോയുടെ ആറു പെട്രോൾ പമ്പുകൾ കൂടി ഈ സാമ്പത്തികവർഷം തുടങ്ങുമെന്ന് ഭക്ഷ്യമന്ത്രി ജി ആർ അനിൽ പറഞ്ഞു. സപ്ലൈകോയുടെ പതിനാലാമത് പെട്രോൾ പമ്പിന്റെ കല്ലിടൽ കന്റോൺമെന്റ് സിവിൽ സപ്ലൈസ് കോംപ്ലക്സിൽ നടത്തുകയായിരുന്നു മന്ത്രി. ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും ആശ്വാസം പകരുന്ന പദ്ധതികളാണ് സപ്ലൈകോയുടെ നേതൃത്വത്തിൽ നടപ്പാക്കുന്നത്. പാചകവാതകം, മരുന്നുകൾ, നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവയും ന്യായവിലയ്ക്ക് ലഭ്യമാക്കുന്നു. നവംബർ ഒന്നുമുതൽ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സ്ത്രീകൾക്ക് സബ്സിഡി ഇതര ഉൽപ്പന്നങ്ങൾ 10ശതമാനം വിലക്കുറവിൽ വാങ്ങാം. ഔട്ട്ലെറ്റുകളിൽ പ്രതിമാസം 25രൂപയ്ക്ക് 20കിലോ അരി ഓരോ കാർഡിനും ലഭ്യമാക്കും. ഔട്ട്ലെറ്റുകൾ ഇല്ലാത്തയിടങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ വിപുലീകരിച്ച് നവംബർ ഒന്നുമുതൽ സഞ്ചരിക്കുന്ന സൂപ്പർ സ്റ്റോറുകളായി പ്രവർത്തിക്കും. മന്ത്രി പറഞ്ഞു. എം നൗഷാദ് എംഎൽഎ അധ്യക്ഷനായി. എൻ കെ പ്രേമചന്ദ്രൻ എംപി, മേയർ ഹണി എന്നിവർ മുഖ്യാതിഥികളായി. സംസ്ഥാന ഐഒസിഎൽ റീട്ടെയിൽ സെയിൽസ് ജനറൽ മാനേജർ ഗൗരവ് കുന്ദ്ര റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ




1 കെ ഗോപൻ, സംസ്ഥാന ഐഒസിഎൽ ചീഫ് ജനറൽ മാനേജർ ഗീഥിക മെഹ്റ, ഡെപ്യൂട്ടി കൺട്രോളർ ഓഫ് റേഷനിങ് സി വി മോഹനൻ കുമാർ, ജില്ലാ സപ്ലൈ ഓഫീസർ ജി എസ് ഗോപകുമാർ, തിരുവനന്തപുരം സപ്ലൈക്കോ റീജണൽ മാനേജർ എസ് ആർ സ്മിത എന്നിവർ പങ്കെടുത്തു.

# ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റിൽ നാഷണൽ എച്ച്.ആർ കോൺക്ലേവ്

**കൊല്ലം:** കൊല്ലം ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റിൽ റീബൂട്ട് ആൻഡ് റീഹ്യൂമനൈസ്: റീസെറ്റിംഗ് വർക്ക് ഇൻ ദി ഡിജിറ്റൽ വർക്ക്പ്ലേസ് എന്ന വിഷയത്തിൽ നാഷണൽ എച്ച്.ആർ കോൺക്ലേവ് നടത്തി. ടി.കെ.എം കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ജനാബ് ടി.കെ. ഷഹൽ ഹസൻ മുസലിയാർ ഉദ്ഘാടനം ചെയ്തു. ഹെയ്സ് ഇന്ത്യ കൺട്രി മാനേജർ മനു സൈഗൽ, ഏഷ്യ പസഫിക്-ടാലന്റ് അക്വിസിഷൻ ലീഡ് - എസ്.എസ്.ജി-ലെനോവോ ഇന്ത്യ ലെസ്ലി കാലിസ്റ്റസ്, ഇവൈ ടാലന്റ് കൺസൾട്ടിംഗ് അസിസ്റ്റന്റ് ഡയറക്ടർ അജിത് ഇഗ്നേഷ്യസ്, തിരുവനന്തപുരം ഹ്യൂമൻ റിസോഴ്സസ് ടി.സി.എസ് റീജിയണൽ ഹെഡ് മഞ്ജു നായർ എന്നിവർ സാങ്കേതിക പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ടി.കെ.എം ട്രസ്റ്റ് ട്രഷറർ ജനാബ് ജലാലുദീൻ മുസലിയാർ, ട്രസ്റ്റ് അംഗങ്ങളായ ജനാബ് അബ്ദുൾ കരീം മുസലിയാർ, ജനാബ് സാദിഖ് എസ്.താഹ, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. വി.എ. സന്തോഷ്, ഡീൻ ഡോ.തോമസ് മൈക്കിൾ എന്നിവർ സംസാരിച്ചു. ഓട്ടോമേഷനിലും കാര്യക്ഷമതയിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഡിജിറ്റൽ വർക്ക്പ്ലേസിലെ ജോലിയെ മാനുഷികമാക്കുന്നതിനെയാണ് ചർച്ചകൾ എടുത്തുകാട്ടിയത്. ഡിജിറ്റലൈസേഷൻ, ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയാൽ ആധുനിക ജോലിസ്ഥലം പുനർനിർമ്മിക്കപ്പെടുന്നു. ഈ മുന്നേറ്റങ്ങൾ കാര്യക്ഷമതയും നൂതനത്വവും വർദ്ധിപ്പിക്കുമ്പോൾ, അവ ജോലിയുടെ മാനുഷിക സത്തയെയും വെല്ലുവിളിക്കുന്നു. അൽഗോരിതങ്ങളുടെയും വെർച്വൽ സഹകരണത്തിന്റെയും ഒരു യുഗത്തിൽ ജോലിയെ പുനരുജ്ജീവിപ്പിക്കുക എന്നതിനർത്ഥം സഹാനുഭൂതി, വിശ്വാസം, ബന്ധം എന്നിവ പുനഃസ്ഥാപിക്കുക എന്നതാണ്. സാങ്കേതികവിദ്യ ഒരു സഹായിയായി വർത്തിക്കണം. ജോലിസ്ഥലങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്നതും അർത്ഥവത്തായതും മാനുഷികവുമായി തുടരുന്നുവെന്ന് ഉറപ്പാക്കുന്നതും ആളുകൾക്കും യന്ത്രങ്ങൾക്കും ഇടയിൽ ഐക്യം കൈവരിക്കുന്നതിലാണ് യഥാർത്ഥ പുരോഗതിയെന്നും കോൺക്ലേവ് വിലയിരുത്തി.

# മുനിസിപ്പൽ കോർപറേഷൻ വർക്കേഴ്സ് ഫെഡറേഷൻ കുടുംബസംഗമം

**കൊല്ലം :**തദ്ദേശ തെരഞ്ഞെടുപ്പിൽ എൽഡിഎഫിന് പിന്തുണ പ്രഖ്യാപിച്ച് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ തൊഴിലാളികൾ സംഘടിപ്പിച്ച കുടുംബ സംഗമം സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി എക്സ് ഏണസ്റ്റ് ഉദ്ഘാടനംചെയ്തു. ബി രാജേന്ദ്രബാബു അധ്യക്ഷനായി. യൂണിയൻ ജില്ലാ സെക്രട്ടറി എം സുബ്രഹ്മണ്യം, ഡെപ്യൂട്ടി മേയർ എസ് ജയൻ, സിപിഐ എം കൊല്ലം ഏരിയ സെക്രട്ടറി ബെയ്സിൽ ലാൽ. എൻജിഒ യൂണിയൻ ജില്ലാ സെക്രട്ടറി വി ആർ അജു, ടി എൻ ത്യാഗരാജൻ, സജീവ്, ജി ആനന്ദൻ, കെ രാജീവ്കുമാർഎന്നിവർ സംസാരിച്ചു.





# ആയുഷ് ശക്തിപ്പെടുത്തും : മന്ത്രി വീണാ ജോർജ്

**പത്തനംതിട്ട** :സംസ്ഥാനത്ത് ആയുഷ് ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ആയുഷ് ചികിത്സാകേന്ദ്രങ്ങളിലെ സിദ്ധ വർമ തെറാപ്പി യൂണിറ്റുകളുടെയും സിദ്ധ എൻസിഡി ക്ലിനിക്കുകളുടെയും സംസ്ഥാനതല ഉദ്ഘാടനം കടമ്മനിട്ട അക്ഷയ സെന്റർ അങ്കണത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ആയുഷ് ചികിത്സാരംഗത്ത് സംസ്ഥാനത്തിന്റെ പുതിയ കാൽവയ്പാണ് സിദ്ധവർമ തെറാപ്പി യൂണിറ്റുകൾ. ആയുർവേദത്തിലെ മർമ ചികിത്സയെ പോലെ പ്രാധാന്യമുള്ളതാണിത്. സിദ്ധചികിത്സ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനാണ് യൂണിറ്റുകൾ സ്ഥാപിക്കുന്നത്. സന്ധിവേദന, ആർത്രൈറ്റിസ്, മൈഗ്രെൻ, സ്ട്രോക്ക് പുനരധിവാസം, മാനസിക സമ്മർദം, ഉറക്കമില്ലായ്മ, ക്ഷീണം, സൈനസൈറ്റിസ്, ഫൈബ്രോമയാൾജിയ, ജീവിതശൈലി രോഗങ്ങൾ, കായിക പരിക്കുകൾ, ശസ്ത്രക്രിയാനന്തര പുനരധിവാസം എന്നിവയ്ക്ക് സിദ്ധ വർമ ചികിത്സ പ്രയോജനകരമാണ്. ചെലവ് കുറഞ്ഞതും ഗുണമേന്മയുള്ളതുമായ ചികിത്സ സിദ്ധ വർമ തെറാപ്പി യൂണിറ്റുകളുടെ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

നാരങ്ങാനം പഞ്ചായത്ത് പ്രസിഡന്റ് മിനി സോമരാജൻ അധ്യക്ഷയായി. സംസ്ഥാനത്ത് അഞ്ച് തെറാപ്പി യൂണിറ്റുകളും ഒരു സിദ്ധ ജീവിതശൈലീരോഗ ക്ലിനിക്കുമാണ് ആരംഭിച്ചത്. പാലക്കാട് ഓങ്ങല്ലൂർ, ആലപ്പുഴ മണ്ണഞ്ചേരി, അടൂർ കടമ്പനാട്, തിരുവനന്തപുരം ആറ്റിങ്ങലുമാണ് മറ്റ് തെറാപ്പി യൂണിറ്റുകൾ. കോഴിക്കോട് ജില്ലയിലെ കാക്കൂർ പഞ്ചായത്തിലാണ് സിദ്ധ ജീവിതശൈലീരോഗ ക്ലിനിക് ആരംഭിച്ചത്.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് കടമ്മനിട്ട കരുണാകരൻ, വികസന സ്ഥിരം സമിതി അധ്യക്ഷ റസിയ സണ്ണി, അബിദാഭായി, എം ഷീജ മോൾ, ഡോ. ഷീന വിമൽ, ഡോ. ജയനാരായണൻ, ഡോ. ജെ മീന, അഖില എന്നിവർ പങ്കെടുത്തു.

# പൂർത്തിയാകാതെ തിരുവല്ല നഗരസഭാ ഓഫീസ് പബ്ലിക് ടോയ്‌ലെറ്റ് ഇഴഞ്ഞുനീങ്ങി നിർമ്മാണം

**തിരുവല്ല:** നഗരസഭാവളപ്പിൽ ഓഫീസ് കെട്ടിടത്തിന്റെ പിന്നിലായി അഞ്ചു വർഷം മുമ്പ് കരാറുകാരന് സ്ഥലം കൈമാറി നിർമ്മാണം തുടങ്ങിയ പബ്ലിക് ടോയ്‌ലെറ്റ് ഇപ്പോഴും പൂർത്തിയായിട്ടില്ല. കേന്ദ്രാവിഷ്കൃത ഫണ്ട് ഉൾപ്പെടെ 12ലക്ഷം രൂപ വകയിരുത്തി അസിസ്റ്റന്റ് എൻജിനിയറുടെ നിർവഹണാധികാരത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് അനന്തമായി നീളുന്നത്. നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്ക് വന്നുപോകുന്ന പൊതുജനങ്ങൾക്കും നഗരസഭയിലെ ജീവനക്കാർക്കും കൗൺസിലർമാർക്കും ആവശ്യമായ വൃത്തിയുള്ള ടോയിലറ്റ് സംവിധാനം ഒരുക്കിനൽകാൻ കഴിയുന്നില്ലന്ന പരാതി വ്യാപകമാണ്. ജോലിസ്ഥലങ്ങൾ സ്ത്രീസൗഹാർദ്ദമാകണമെന്ന സർക്കാരിന്റെ പ്രത്യേക നിർദ്ദേശങ്ങൾക്കും പുല്ലുവില കൽപ്പിക്കുകയാണ് നഗരസഭാധികൃതർ. ജീവനക്കാരിൽ ഭൂരിപക്ഷവും സ്ത്രീകളായിട്ടും ടോയിലറ്റ് നിർമ്മാണം ഇത്തരത്തിൽ നീണ്ടുപോകുന്ന അധികൃതരുടെ നിലപാടിൽ പ്രതിഷേധം ശക്തമാണ്.പഴയ ഗോഡൗൺ പൊളിച്ചുനീക്കി പൊതുജനങ്ങൾക്കും ജീവനക്കാർക്കും വെവ്വേറേ ടോയിലെറ്റ് നിർമ്മിക്കാനാണ് 2020ഒക്ടോബറിൽ കരാർ നൽകിയത്. കരാർപ്രകാരം 2021ഏപ്രിൽ 30ന് പബ്ലിക് ടോയിലെറ്റ് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നിർമ്മാണം തുടങ്ങാൻ വൈകിയതോടെ നാലുതവണ സമയപരിധി നീട്ടിനൽകി. 2023ൽ ടോയിലെറ്റ് കെട്ടിടം മേൽക്കൂര വാർപ്പ് വരെ പ്ലാസ്റ്ററിംഗ് ഉൾപ്പെടെയുള്ള പണികൾ പൂർത്തിയാക്കി. ഇതിനിടെ 2,47,200രൂപയുടെ പാർട്ട് ബിൽ കരാറുകാരന് അനുവദിച്ചു നൽകി. ബാക്കി ജോലികൾ പൂർത്തിയാക്കാത്ത കരാറുകാരനെ ഒഴിവാക്കാൻ തീരുമാനിച്ചെങ്കിലും അയാളുടെ അപേക്ഷ പരിഗണിച്ച് 2023ൽ അനുമതി നൽകി. വീണ്ടും രണ്ടു വർഷം കൂടി കഴിഞ്ഞിട്ടും ടോയ്‌ലെറ്റിന്റെ പണികൾ തീർക്കാൻ കരാറുകാരന് കഴിഞ്ഞില്ല.



അഞ്ചുവർഷമായിട്ടും പണി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ യാതൊരു നിയമനടപടിയും സ്വീകരിക്കാതെ ക്രമവിരുദ്ധമായി കരാർ കാലാവധി നീട്ടിനൽകിയും പാർട്ട് ബിൽ അനുവദിച്ചു കൊടുത്തും നഗരസഭ കരാറുകാരന് ഒത്താശ ചെയ്യുകയാണെന്ന ആക്ഷേപം ശക്തമാണ്.ശുചിത്വപ്രഖ്യാപനം നടത്തിയ തിരുവല്ല നഗരസഭാവളപ്പിൽ വൃത്തിഹീനമായ ടോയ്‌ലറ്റ് ആരോഗ്യവിഭാഗം അധികൃതരുടെ മൂക്കിനുതാഴെയുണ്ട്. നഗരസഭാ കെട്ടിടത്തിന്റെ പിന്നിലേക്ക് ആളുകൾക്ക് പോകാൻപോലും പറ്റാത്തവിധം വൃത്തിഹീനമായി കിടക്കുകയാണ്. പഴയ ടോയ്‌ലെറ്റിന്റെ കതകിൽ കയർ കെട്ടിയിട്ടുണ്ടെങ്കിലും മലിനമായി തുറന്നു കിടക്കുകയാണ്. കെട്ടിടത്തിന്റെ മുൻവശത്തൊക്കെ ഇന്റർലോക്ക് പാകിയിട്ടുണ്ടെങ്കിലും പിന്നിൽ മാലിന്യങ്ങളുടെ ദുർഗന്ധം രൂക്ഷമാണ്. ഹെൽത്ത് വിഭാഗത്തിൽ ക്ളീൻസിറ്റി മാനേജർ, ഹെൽത്ത് സൂപ്പർവൈസർമാർ, പി.എച്ച്.ഐമാർ ഉൾപ്പെടെ 10ഉദ്യോഗസ്ഥരും 40ശുചീകരണ തൊഴിലാളികളും ജോലിചെയ്യുന്ന നഗരസഭയിലാണ് പുഴുത്ത് നാറുന്ന ടോയ്‌ലെറ്റ്.

# തെരുവുകളിലെ ബിനാമി കച്ചവടങ്ങൾ നിരോധിക്കണം

**ഇരവിപേരൂർ** വൻകിട കച്ചവടക്കാരുടെ ബിനാമി ഇടപാടിൽ വഴിയോരങ്ങളിൽ നടക്കുന്ന കച്ചവടങ്ങളെ കർശനമായി നിയന്ത്രിക്കണമെന്ന് വഴിയോര കച്ചവട തൊഴിലാളി ഫെഡറേഷൻ (വികെടിഎഫ്) ജില്ലാ സമ്മേളനം പ്രമേയത്തിൽ ആവശ്യപ്പെട്ടു. ഉത്സവങ്ങൾക്ക് രാത്രി 10വരെ മാത്രമേ മൈക്ക് അനുവദിക്കാനാവൂ എന്ന തീരുമാനം പിൻവലിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.ഇരവിപേരൂർ ശങ്കരമംഗലം ഹാളിൽ നടന്ന സമ്മേളനം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് പി ബി ഹർഷകുമാർ ഉദ്ഘാടനം ചെയ്തു. വികെടിഎഫ് ജില്ലാ വൈസ് പ്രസിഡന്റ് സലീം സുലൈമാൻ അധ്യക്ഷനായി. സംസ്ഥാന പ്രസിഡന്റ് ഡോ. കെ എസ് പ്രദീപ് കുമാർ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി അഡ്വ. ഫ്രാൻസിസ് വി ആന്റണി പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ടി എ റെജി കുമാർ വരവ് ചിലവ് കണക്കും, സംസ്ഥാന ജനറൽ സെക്രട്ടറി ആർ വി ഇക്ബാൽ സംഘടനാ റിപ്പോർട്ടും അവതരിപ്പിച്ചു. സ്വാഗതസംഘം ചെയർമാൻ ജിജി മാത്യു, സിഐടിയു ഇരവിപേരൂർ ഏരിയാ സെക്രട്ടറി കെ അനിൽകുമാർ എന്നിവർ സംസാരിച്ചു. ഓമനക്കുട്ടൻ പിള്ള (പ്രസിഡന്റ്), അഡ്വ. ഫ്രാൻസിസ് വി ആന്റണി, ബി മുരളീധരൻ, കെ എൻ സരസ്വതി, ഷാഹീർ പ്രണവം, പി ആർ വിഷ്ണു, സനീഷ് സാജൻ, അമ്പിളി അടൂർ (വൈസ് പ്രസിഡന്റുമാർ), ടി എ റെജി കുമാർ (ജനറൽ സെക്രട്ടറി), പി ആർ കുട്ടപ്പൻ, ശുഭ സുന്ദരൻ, ലത്തീഫ് കൊയ്പള്ളി, സലീം സുലൈമാൻ, എം ഒ മോഹൻദാസ് (ജോയിന്റ് സെക്രട്ടറിമാർ), പ്രമോദ് കണ്ണങ്കര (ട്രഷറർ), സെലീന അടൂർ (വനിതാ സബ് കമ്മറ്റി കൺവീനർ) എന്നിവർ ഭാരവാഹികളായി 48 അംഗ ജില്ലാ കമ്മറ്റിയെയും സമ്മേളനം തെരെഞ്ഞെടുത്തു.




# അന്നദാന സേവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം

**ചെങ്ങന്നൂർ:** ചെങ്ങന്നൂർ അമരാവതി മഹാലക്ഷ്മി ദേവസ്ഥാനം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നിത്യവും നടക്കുന്ന അന്നദാനത്തിന്റെയും മറ്റ് സേവന പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ശാന്തി അനുകൃഷ്ണൻ പൊന്നാടയണിച്ച് ലക്ഷ്മി ദേവിയുടെ ഫലകം നൽകി ആദരിച്ചു. ചടങ്ങിൽ ക്ഷേത്ര പരിപാലന കാര്യക്രമങ്ങളിൽ പങ്കെടുക്കുന്ന രാധാമണിയമ്മയ്ക്ക് ആദരവ് നൽകി. ചടങ്ങിൽ ബി.ജെ.പി ജില്ലാ അദ്ധ്യക്ഷൻ സന്ദീപ് വജസ്പതി , നിയോജകമണ്ഡലം പ്രസിഡന്റ് പ്രമോദ് ,സംസ്ഥാന സെക്രട്ടറി എം.വി ഗോപകുമാർ , സജു ഇടയ്ക്കൽ,വിനോദ് കുമാർ, വാർഡ് കൗൺസിലർ ശ്രീദേവി ബാലകൃഷ്ണൻ ,ഭക്ഷണ വിതരണ കോഡിനേറ്റർ ഗോപാലൻ, നിയോജകമണ്ഡലം സെക്രട്ടറി അനീഷ് കെ.ജി കർത്താ ,രോഹിത് പുത്തൻപുരയ്ക്കൽ, എന്നിവർ പങ്കെടുത്തു.





# 'ആലപ്പുഴയുടെ കാറ്റ് ഏറ്റാൽ ചിത്തഭ്രമം കുറച്ച് ഭേദം ആയേക്കും'; സുരേഷ് ഗോപിയോട് എസ്എഫ്ഐ സംസ്ഥാന പ്രസിഡന്റ്


**ആലപ്പുഴ:** കമ്യൂണിസം കൊണ്ട് തുലഞ്ഞു പോയ ജില്ലയാണ് ആലപ്പുഴയെന്ന കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ വിമർശനത്തിന് രൂക്ഷ ഭാഷയിൽ മറുപടി നൽകി എസ്എഫ്ഐ സംസ്ഥാന പ്രസിഡന്റ് എം ശിവപ്രസാദ്. ആലപ്പുഴയുടെ കാറ്റ് ഏറ്റാൽ ചിത്തഭ്രമം കുറച്ച് ഭേദം ആയേക്കുമെന്ന് ശിവപ്രസാദ് ഫെയ്സ്ബുക്കിൽ കുറിച്ചു.ചെരുപ്പ് ഊരി വീട്ടിൽ കയറുന്നത് പോലെയാണ് ബുദ്ധിയും ബോധവും ഉപേക്ഷിച്ച് ആർഎസ്എസിൽ ചേരുന്നത്. ഇതിന്റെ നല്ല ഉദാഹരണമാണ് കേന്ദ്ര പ്രജാപ്രമുഖൻ സുരേഷ് ഗോപി. ആലപ്പുഴയുടെ സമരചരിത്രത്തെ അപഹസിക്കുന്ന ഈ മന്ത്രിപുങ്കവൻ ഇവിടേക്ക് വന്ന് ആലപ്പുഴയുടെ കാറ്റ് ഏറ്റാൽ, മണ്ണിൽ ഒന്ന് തൊട്ടാൽ ഒരു പക്ഷെ മറ്റ് ചികിത്സകളില്ലാതെ ബാധിച്ചിരിക്കുന്ന ചിത്തഭ്രമം കുറച്ച് ഭേദം ആയേക്കുമെന്ന് പ്രത്യാശിക്കാം. ആലപ്പുഴയിലെ കാറ്റിനും, കടലിനും, മണ്ണിനും, വിണ്ണിനുമെല്ലാം ഒരു കഥ പറയാനുണ്ട്. ത്രസിപ്പിക്കുന്ന തൊഴിലാളി വർഗ്ഗ പോരാട്ടത്തിന്റെ ഉജ്ജ്വല സമര ചരിത്ര കഥ. ശിവപ്രസാദ് കുറിച്ചു.





# പുന്നപ്ര – വയലാർ: മർദ്ദിത ജനവിഭാഗങ്ങളുടെ പിൽക്കാല പോരാട്ടങ്ങൾക്ക് എന്നും പ്രചോദനം; മുഖ്യമന്ത്രി

**ആലപ്പുഴ :** മർദ്ദിത ജനവിഭാഗങ്ങളുടെ പിൽക്കാല പോരാട്ടങ്ങൾക്ക് എന്നും പ്രചോദനമായതാണ് പുന്നപ്ര - വയലാറിലെ ഐതിഹാസിക സമരമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദിവാൻ ഭരണത്തിനും ജന്മിത്തത്തിനും മുതലാളിത്ത ചൂഷണത്തിനുമെതിരെ കമ്യൂണിസ്റ്റ് പാർടിയുടെ മുൻകൈയിൽ കർഷകരും തൊഴിലാളികളും നടത്തിയ ഐതിഹാസികമായ പുന്നപ്ര - വയലാർ സമരത്തിന് വർഷം 79 വർഷം പൂർത്തിയാവുകയാണ്. ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലെ കർഷക ജനസാമാന്യം നടത്തിയ ധീരോദാത്തമായ പോരാട്ടത്തിന് സഖാവ് വി എസ് ഉൾപ്പെടെയുള്ളവർ ഉജ്ജ്വല നേതൃത്വമായി. വി എസിന്റെ അഭാവത്തിലുള്ള ആദ്യത്തെ പുന്നപ്ര-വയലാർ വാരാചരണമാണ് ഇത്തവണ.തൊഴിലാളി വർഗ്ഗത്തിന്റെ സംഘടിത മുന്നേറ്റത്തെയും അതിന്റെ മുന്നണിപ്പോരാളിയായ കമ്യൂണിസ്റ്റ് പാർടിയെയും തകർക്കാനുള്ള ഭരണവർഗത്തിന്റെ കൊടിയനീക്കമായിരുന്നു പുന്നപ്ര-വയലാറിലെ അടിച്ചമർത്തൽ. 1946 ഒക്ടോബർ 24 മുതൽ 27 വരെ ദിവാൻ പട്ടാളത്തിന്റെ യന്ത്രത്തോക്കുകളോട് സഖാക്കൾ പോരാടി. നിരവധി സഖാക്കൾ പുന്നപ്ര - വയലാറിൽ രക്തസാക്ഷികളായി. തിരുവിതാംകൂറിലെ രാജവാഴ്ചയ്ക്കും ദിവാൻ സി പി രാമസ്വാമി അയ്യരുടെ അമേരിക്കൻ മോഡൽ ഭരണക്രമത്തിനുമെതിരെ നടത്തിയ ത്യാഗനിർഭരമായ സമരം മർദ്ദിത ജനവിഭാഗങ്ങളുടെ പിൽക്കാല പോരാട്ടങ്ങൾക്ക് എന്നും പ്രചോദനമായിട്ടുണ്ട്. ദിവാൻ പട്ടാളത്തിന്റെ യന്ത്രത്തോക്കുകളോട് വാരിക്കുന്തവുമേന്തി പൊരുതിനിന്ന പുന്നപ്ര-വയലാറിലെ സമരേതിഹാസങ്ങൾ ഉൾപ്പെടെയാണ് ഫ്യൂഡൽ സാമൂഹിക സാഹചര്യങ്ങളിൽ നിന്നും ആധുനിക കേരളത്തിലേക്കുള്ള നാടിന്റെ മുന്നോട്ടുപോക്കിന് വിത്തുപാകിയത്- മുഖ്യമന്ത്രി പറഞ്ഞു.



# ധീരസ്മരണയിൽ പുന്നപ്ര – വയലാർ: ദീപശിഖാ പ്രയാണം ആരംഭിച്ചു

**ആലപ്പുഴ :** അനശ്വരരായ പുന്നപ്ര രക്തസാക്ഷികളും പി കൃഷ്ണപിള്ളയടക്കം മൺമറഞ്ഞ കമ്യൂണിസ്റ്റ് നേതാക്കളും അന്ത്യവിശ്രമം കൊള്ളുന്ന വലിയ ചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽനിന്ന് വയലാർ രക്തസാക്ഷികളുടെ ചുടുചോര വീണ വയലാർ രക്തസാക്ഷി മണ്ഡപത്തിലേക്കുള്ള ദീപശിഖാ റിലേയ്ക്ക് തുടക്കം. തിങ്കളാഴ്ച രാവിലെ 7.30ന് മുതിർന്ന സിപിഐ എം നേതാവ് ജി സുധാകരൻ ദീപശിഖ അത്‌ലീറ്റുകൾക്ക് കൈമാറി. ദീപശിഖ നൂറുകണക്കിന് വാഹനങ്ങളുടെ അകമ്പടിയായി വയലാറിലേക്ക് പ്രയാണം തുടങ്ങും.നിരവധി ഇടങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങി 11 മണിയോടെ വയലാർ രക്തസാക്ഷി മണ്ഡപത്തിൽ എത്തുമ്പോൾ വാരാചരണ കമ്മിറ്റി പ്രസിഡന്റ് എം സി സിദ്ധാർഥൻ ദീപം ഏറ്റുവാങ്ങി രക്തസാക്ഷിമണ്ഡപത്തിൽ സ്ഥാപിക്കും. വൈകിട്ട് പുന്നപ്ര- വയലാർ വാരാചരണത്തിന്റെ സമാപനം കുറിച്ചുകൊണ്ട് പൊതുസമ്മേളനം നടക്കും. പൊതുസമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

# പിഎം ശ്രീ; കേന്ദ്രം പറയുന്നതല്ല കേരളത്തിൽ പഠിപ്പിക്കുക: തോമസ് ഐസക്

**ആലപ്പുഴ:** കേന്ദ്രം പറയുന്നതല്ല, വിദ്യാഭ്യാസമേഖലയിൽ സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന കാര്യങ്ങളാണ് കേരളത്തിൽ പഠിപ്പിക്കുകയെന്ന് സിപിഐ എം കേന്ദ്രകമ്മിറ്റിയംഗം ഡോ. ടി എം തോമസ് ഐസക് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഹിന്ദുത്വ രാഷ്ട്രീയവും കാഴ്ചപ്പാടും വിദ്യാഭ്യാസത്തിൽ കലർത്താനുള്ള എല്ലാ ശ്രമങ്ങളെയും എതിർത്തു തോൽപ്പിക്കും. കേരളത്തിൽ സവർക്കറുടെ ചരിത്രം പഠിപ്പിക്കാമെന്നത് കെ സുരേന്ദ്രന്റെ മോഹം മാത്രമാണ്.പിഎം ശ്രീ പോലെതന്നെയാണ് ഉന്നത വിദ്യാഭ്യാസമേഖലയിൽ പിഎം ഉഷ പദ്ധതിയും. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേന്ദ്രത്തിന്റെ തെറ്റായ നയങ്ങൾക്കും ഗവർണറുടെ സമീപനങ്ങൾക്കും എതിരെ ഏറ്റവും വലിയ പോരാട്ടങ്ങൾ നടക്കുന്നത് കേരളത്തിലാണ്. അത്തരത്തിൽ സമരം മുന്നോട്ടുകൊണ്ടുപോകുമെന്നതിൽ സംശയംവേണ്ട.കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളെ എതിർക്കുമ്പോൾത്തന്നെ അവകാശപ്പെട്ട ധനസഹായം നേടാൻ ശ്രമിക്കണമെന്നും തോമസ് ഐസക് പറഞ്ഞു.



# നാലുചിറപ്പാലം സംസ്ഥാനത്തിന് അഭിമാനം: മുഖ്യമന്ത്രി പിണറായി വിജയൻ

**ആലപ്പുഴ:** നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച തോട്ടപ്പള്ളി നാലുചിറപ്പാലം സംസ്ഥാനത്തിന്റെ അഭിമാനപദ്ധതിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരളത്തിലെ ആദ്യത്തെ എക്സ്ട്രാഡോസ്ഡ് കേബിൾ സ്റ്റേ പാലമായ തോട്ടപ്പള്ളി നാലുചിറപ്പാലം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഈ നാടിന്റെ ചിരകാല സ്വപ്നമാണ് യാഥാർത്ഥ്യമായിരിക്കുന്നത്. 60 കോടി 73 ലക്ഷം രൂപ ചെലവിട്ടാണ് പാലം പൂർത്തിയാക്കിയത്. സംസ്ഥാനത്തെ ആദ്യ എക്സ്ട്രാഡോസ്ഡ് കേബിൾ സ്റ്റേ പാലം എന്ന പ്രത്യേകത ഈ പാലത്തിനുണ്ട്. പ്രത്യേകതരം കമ്പികൾ ഉപയോഗിച്ച് പാലം വലിച്ചുകെട്ടുന്ന രീതിയാണ് കേബിൾ സ്റ്റേ ഡിസൈൻ. യാത്രയ്ക്ക് കടത്തുവള്ളത്തെ ആയിച്ചിരുന്ന നാലുചിറക്കാർക്ക് വലിയ ആശ്വാസമായിരിക്കുകയാണ് പാലം. നഗരത്തിലേക്കും ദേശീയപാതയിലേക്കുള്ള യാത്രാസമയം ഇതോടെ 15 മിനുട്ടായിക്കുറഞ്ഞിരിക്കുകയാണ്. പക്ഷിച്ചിറകിന്റെ ആകൃതിയിലുള്ള ഈ മനോഹരമായ പാലം സഞ്ചാരികളെക്കൂടി ആകർഷിക്കുന്നതാണെന്നും മുഖ്യമന്ത്രി പറഞ്ഞു.പാലത്തിന് സമീപം ഒരുക്കിയ വേദിയിൽ നടന്ന ചടങ്ങിൽ ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു.ദേശീയ ജലപാതയിൽ ലീഡിങ് ചാനലിന് കുറുകെ കൊട്ടാരവളവ് കടത്തിന് സമീപം ദേശീയ ജലപാത മാനദണ്ഡങ്ങൾ പാലിച്ചാണ് പാലം നിർമ്മിച്ചിരിക്കുന്നത്. ജലഗതാഗതം തടസ്സപ്പെടാതിരിക്കാനായി 70 മീറ്ററുള്ള സെന്റർ സ്പാനാണ് ദേശീയ ജലപാതയ്ക്ക് കുറുകെ തൂണുകളില്ലാതെ മധ്യത്തിൽ ഒരുക്കിയിരിക്കുന്നത്.

458 മീറ്ററാണ് പാലത്തിന്റെ ആകെ നീളം. ഇരുവശത്തും 1.5 മീറ്റർ വീതിയുള്ള നടപ്പാതയുമുണ്ട്. ദേശീയപാത 66 നെയും അമ്പലപ്പുഴ -തിരുവല്ല സംസ്ഥാനപാതയെയും ബന്ധിപ്പിക്കുന്ന പാലം കരുമാടിയിൽ നിന്ന് തോട്ടപ്പള്ളി കൊട്ടാരവളവ് വരെ ദേശീയപാതയ്ക്ക് സമാന്തരപാതയായി മാറും. കാഴ്ച്ചകൾ കാണുന്നതിന് നടപ്പാതയോട് ചേർത്ത് മധ്യഭാഗത്ത് വിപുലീകരിച്ചിട്ടുള്ള പ്രത്യേക ഭാഗം പാലത്തിന്റെ പ്രധാന ആകർഷണമാണ്. തോട്ടപ്പള്ളി നാലുചിറ, ഇല്ലിച്ചിറ നിവാസികൾക്കും കാർഷിക മേഖലയ്ക്കും ജില്ലയുടെ ഗതാഗത രംഗത്തിനൊപ്പം വിനോദസഞ്ചാര മേഖലക്കും പാലം വലിയ മുതൽക്കൂട്ടാകും.

എച്ച് സലാം എംഎൽഎ, ജില്ലാ കളക്ടർ അലക്സ് വർഗീസ്, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, ബ്ലോക്ക് പഞ്ചായത്തംഗം ആർ രാജി, പുറക്കാട് പഞ്ചായത്ത് പ്രസിഡന്റ് എ എസ് സുദർശനൻ, വൈസ് പ്രസിഡന്റ് വിഎസ് മായാദേവി, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ വി എസ് ജിനുരാജ്, കെ രാജീവൻ, പ്രിയ അജേഷ്, കെ ആർ എഫ് ബി പ്രൊജക്റ്റ് ഡയറക്ടർ എം അശോക് കുമാർ, കെ ആർ എഫ് ബി- പി എം യു സൗത്ത് സർക്കിൾ ടീം ലീഡർ പി ആർ മഞ്ജുഷ, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ജനനി പദ്ധതിയിലൂടെ അമ്മമാരായത് ആയിരങ്ങൾ

**ആലപ്പുഴ:** ഒരു കുഞ്ഞിനായി വർഷങ്ങളോളം കാത്തിരിക്കുന്നവർക്ക് പ്രതീക്ഷയായി ഹോമിയോപ്പതി വകുപ്പിന്റെ ജനനിപദ്ധതി. 2012ൽ അമ്മയും കുഞ്ഞുമെന്ന പേരിൽ കണ്ണൂരിൽ പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെ സംസ്ഥാനത്ത് പിറന്നത് 3635 കുട്ടികൾ. ഐ.വി.എഫ്, ഐ.യു.ഐ തുടങ്ങിയ ചികിത്സയുടെ ഭീമമായ ചെലവ് താങ്ങാനാകാത്ത അവസ്ഥയിലാണ് ചികിത്സയും മരുന്നും സൗജന്യമായി ജനനിപദ്ധതിയിലൂടെ ലഭ്യമാക്കുന്നത്.പാർശ്വഫലങ്ങളില്ലാത്ത, തികച്ചും ശാസ്ത്രീയമായ രീതിയിൽ ഹോമിയോപ്പതി മരുന്നുകളിലൂടെ ഗർഭധാരണം സാദ്ധ്യമാക്കുന്നു എന്നതാണ് പ്രത്യേകത. പദ്ധതി ഫലം കണ്ടതോടെ 2013ൽ കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ വ്യാപിപ്പിക്കുകയും 2019ഓടെ ജനനിയെന്ന പേരിൽ സംസ്ഥാനത്തെ ജില്ലാ ഹോമിയോ ആശുപത്രികളിൽ ചികിത്സ ആരംഭിക്കുകയും ചെയ്തു. എല്ലാ ജില്ലാ ആശുപത്രികളിലും ആഴ്ചയിൽ തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ ചികിത്സ ലഭ്യമാണ്. കൂടാതെ വന്ധ്യത ചികിത്സയുമായി ബന്ധപ്പെട്ട ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സൗകര്യവും ആശുപത്രിയിലുണ്ട്. ബി.പി.എൽ മഞ്ഞ കാർഡുകാർക്ക് ഈ ടെസ്റ്റുകൾ സൗജന്യമാണ്. പിങ്ക് കാർഡുകൾക്ക് 50 ശതമാനവും ജനറൽ വിഭാഗത്തിന് 30 ശതമാനവും നിരക്കിൽ ഇളവ് ലഭിക്കും. ആഴ്ചയിൽ രണ്ടുദിവസം സ്കാനിംഗ് സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്.ആധുനികവും ചെലവേറിയതുമായ രീതികൾ അവലംബിച്ചിട്ടും ഗർഭിണിയാകാത്തവർ,ഗർഭിണിയായിട്ടും പലതരം കാരണങ്ങളാൽ ഗർഭസ്ഥ ശിശുവിനെ നഷ്ടമായവർ എന്നിവർക്കാണ് പദ്ധതിയിലൂടെ ചികിത്സ നൽകുന്നത്. പുരുഷ വന്ധ്യതയ്ക്ക് കാരണമായ ബീജക്കുറവ്, ബീജ ചലനശേഷിക്കുറവ്,വെരിക്കോസ്,ലൈംഗിക പ്രശ്നങ്ങൾ,പി.സി.ഒ.ഡി,ഫൈബ്രോയിഡ് പോലുള്ള ഗർഭാശയമുഴകൾ,ഹോർമോൺ തകരാറുകൾ തുടങ്ങിയവയ്ക്ക് ഫലപ്രദമായ ചികിത്സ ജനനി പദ്ധതിയിലൂടെ ലഭിക്കും. ജീവിതശൈലി രോഗങ്ങൾ കാരണമുള്ള വന്ധ്യതയ്ക്കും ചികിത്സയുണ്ട്.വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം,യോഗ, കൗൺസലിംഗ് എന്നിവ ഉൾപ്പെടെയുള്ള സേവനങ്ങളും ലഭിക്കും.

# സഹകരണ ബാങ്ക് സാധാരണക്കാരുടെ ആശ്രയം: മന്ത്രി വി എൻ വാസവൻ


**കോട്ടയം:** സാധാരണക്കാരുടെ ആശ്രയമാണ് സഹകരണ ബാങ്കെന്ന് മന്ത്രി വി എൻ വാസവൻ. അയ്മനം വില്ലേജ് സർവീസ് സഹകരണ ബാങ്കിന്റെ 100ാം വാർഷികത്തോടനുബന്ധിച്ച് ബാങ്കിന്റെ നവീകരിച്ച ഹെഡ് ഓഫീസും മെയിൻ ബ്രാഞ്ചും ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. ക്യു ആർ കോഡ് ഉപയോഗിച്ച് ഇടപാടുകാരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് പണം സ്വീകരിക്കുന്ന ഹോസ്റ്റ് ടു ഹോസ്റ്റ് സംവിധാനവും ലഘു സമ്പാദ്യ പദ്ധതിയും മന്ത്രി ഉദ്ഘാടനംചെയ്തു. നാടിന്റെ എല്ലാ വിഷമഘട്ടങ്ങളും തരണം ചെയ്യാൻ സഹകരണ ബാങ്ക് നൽകുന്ന പിന്തുണ ചെറുതല്ല. ബാങ്കിന്റെ ലാഭത്തിലൊരു പങ്ക് അതാത് പ്രദേശത്തെ പൊതു ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. റിസ്ക് ഫണ്ട് പോലുള്ള ഒരു പാട് ആശ്വാസ സഹായങ്ങൾ സഹകരണ മേഖല ഉറപ്പു വരുത്തുന്നു. 2.10കോടി രൂപയുടെ ഓഹരി മൂലധനവും 90 കോടി രൂപയുടെ നിക്ഷേപവും 63 കോടി രൂപയുടെ വായ്പയും നൽകിയിട്ടുള്ള ക്ലാസ് വൺ വിഭാഗത്തിൽപ്പെട്ട ബാങ്കാണ് അയ്മനം ബാങ്കെന്നും മന്ത്രി പറഞ്ഞു. നിർമാണ പ്രവർത്തനങ്ങൾ നടത്തിയ കോൺട്രാക്ടർ ഗ്രീൻ ഇന്റീരിയേഴ്സ് ഉടമ ഷൈനിയെ



മന്ത്രി ഉപഹാരം നൽകി ആദരിച്ചു. ബാങ്ക് പ്രസിഡന്റ് ഒ ആർ പ്രതീപ അധ്യക്ഷനായി. സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ കെ എം രാധാകൃഷ്ണൻ, ജില്ല സഹകരണ ആശുപത്രി വൈസ് പ്രസിഡന്റ് കെ എൻ വേണുഗോപാൽ, ജില്ല പഞ്ചായത്തംഗം കെ വി ബിന്ദു, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആര്യ രാജൻ, അയ്മനം പഞ്ചായത്ത് പ്രസിഡന്റ് വിജി രാജേഷ്, ജനപ്രതിനിധികളായ മനോജ് കരീമഠം, പ്രമോദ് തങ്കച്ചൻ, മുൻ പ്രസിഡന്റ് കെ കെ ഭാനു എന്നിവർ സംസാരിച്ചു. ബാങ്ക് വൈസ് പ്രസിഡന്റ് മിനി മനോജ് സ്വാഗതവും സെക്രട്ടറി ടി എസ് രഞ്ജിത നന്ദിയും പറഞ്ഞു.

# എം സി റോഡിൽ ടൂറിസ്റ്റ് ബസ് മറിഞ്ഞ് അപകടം; ഒരു മരണം

**കോട്ടയം :** എം സി റോഡിൽ ടൂറിസ്റ്റ് ബസ് മറിഞ്ഞ് അപകടം. അപകടത്തിൽ ഒരാൾ മരിച്ചു. 40 പേർക്ക് പരിക്കേറ്റു. തിങ്കൾ പുലർച്ചെ രണ്ടോടെയാ കുറവിലങ്ങാടായിരുന്നു അപകടം. കണ്ണൂർ ഇരിട്ടി സ്വദേശിനി സിന്ധ്യ (45) ആണ് മരിച്ചത്. തിരുവനന്തപുരത്തു നിന്നും വരികയായിരുന്ന ബസാണ് മറിഞ്ഞത്. ബസ് വളവ് തിരിയുന്നതിനിടെ റോഡിൽ മറിയുകയായിരുന്നുവെന്നാണ് വിവരം. പരിക്കേറ്റവർ കോട്ടയം മെഡിക്കൽ കോളേജിലും സ്വകാര്യ ആശുപത്രികളിലും ചികിത്സയിലാണ്.





# തൊഴിൽ തേടിയുള്ള പലായനം ഗൗരവത്തോടെ കാണണം;ആന്റോ ആന്റണി എംപി

**പൊൻകുന്നം :** തൊഴിൽ മേഖലയാകെ അരക്ഷിതാവസ്ഥയിലാണെന്നും തൊഴിൽ തേടി വിദേശരാജ്യങ്ങളിലേക്കുള്ള വിദ്യാർഥികളുടെ കൂട്ടപലായനം കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഗൗരവത്തോടെ കാണണമെന്നും ആന്റോ ആന്റണി എംപി. ഐഎൻടിയുസി ജില്ലാസെക്രട്ടറി അന്തരിച്ച പി.എ.മാത്യു പുന്നത്താനത്തിനെ അനുസ്മരിക്കാൻ ഐഎൻടിയുസി ചിറക്കടവ് മണ്ഡലം കമ്മിറ്റി നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
യൂണിയൻ ജില്ലാപ്രസിഡന്റും കെപിസിസി ജനറൽ സെക്രട്ടറിയുമായ ഫിലിപ്പ് ജോസഫ് അധ്യക്ഷതവഹിച്ചു. സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ അഡ്വ.പി.സതീശ് ചന്ദ്രൻ നായർ മുഖ്യപ്രഭാഷണം നടത്തി. യൂണിയൻ മണ്ഡലം സെക്രട്ടറി സനോജ് പനയ്ക്കൽ, ഇതര ട്രേഡ് യൂണിയൻ നേതാക്കളായ ഐ.എസ്.രാമചന്ദ്രൻ, പി.പ്രജിത്ത്, കെ.ജെ.തങ്കച്ചൻ, കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് സേവ്യർ മൂലകുന്ന്, യൂണിയൻ നേതാക്കളായ കെ.പി.മുകുന്ദൻ, സിബി വാഴൂർ, സുരേഷ് ടി.നായർ, അഡ്വ.അഭിലാഷ് ചന്ദ്രൻ, ഇ.ജെ.ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു.

## പൊൻകുന്നത്ത് വാഹനാപകടത്തിൽ യുവാവ് മരിച്ചു

**ൊൻകുന്നം:** കോട്ടയം പൊൻകുന്നത്ത് വാഹനാപകടത്തിൽ യുവാവ് മരിച്ചു. ചിറക്കടവ് ഈസ്റ്റ് താവൂർ തെന്നറമ്പിൽ അനൂപ് രവി (27) ആണ് മരിച്ചത്. പൊൻകുന്നം ഇളങ്ങുളം എസ് എൻ ഡി പി ഗുരുമന്ദിരത്തിന് സമീപം മിഥുലാപുരിയിൽ രാവിലെ 10 മണിയോടെയായിരുന്നു അപകടം. അനൂപ് സഞ്ചരിച്ച സ്കൂട്ടർ ഇന്നോവ കാറുമായി കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. അപകടത്തെ തുടർന്ന് അനൂപിനെ ഉടൻ തന്നെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരിച്ചു. പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാതയിലായിരുന്നു അപകടം.



## വാടകയ്ക്കെടുത്ത ടിപ്പറുമായി മുങ്ങിയയാൾ അറസ്റ്റിൽ

വാകത്താനം വാകത്താനത്ത് വാടകയ്ക്ക് എടുത്ത ടിപ്പറുമായി മുങ്ങിയ പ്രതി അറസ്റ്റിൽ. അമയന്നൂർ പുളിയന്മാക്കൽ കോയിക്കൽ വീട്ടിൽ സുധിൻ സുരേഷ് ബാബു(31) ആണ് പിടിയിലായത്. വാകത്താനം സ്വദേശിയുടെ പക്കൽനിന്ന് മാസം 8900 രൂപ വാടകയ്ക്ക് പ്രതി ടിപ്പർ കൈപ്പറ്റിയ ശേഷം കരാറിൻ പ്രകാരമുള്ള വാടകയോ വാഹനമോ ഉടമയ്ക്ക് നൽകാതെ പലയിടങ്ങളിലായി പ്രതി ഒളിവിൽ കഴിയുകയായിരുന്നു. ടിപ്പർ ഉടമയുടെ പരാതിയിൽ കേസെടുത്ത് അന്വേഷണം നടത്തിയ വാകത്താനം പൊലീസ് പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. പ്രതിക്കെതിരെ ഏറ്റുമാനൂർ, വർക്കല, തൊടുപുഴ സ്റ്റേഷനുകളിൽ സമാനമായ കേസുകളും കിടങ്ങൂർ സ്റ്റേഷനിൽ എൻഡിപിഎസ് പ്രകാരമുള്ള കേസും നിലവിലുണ്ട്.

# ബാങ്കിങ് മേഖലയിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണം; കെജിബിടിഇയു

കോട്ടയം : ബാങ്കിങ് മേഖലയിലെ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് കേരള ഗ്രാമീൺബാങ്ക് ടെമ്പററി എംപ്ലോയീസ് യൂണിയൻ കോട്ടയം, ഇടുക്കി സംയുക്ത ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ബിഇഎഫ്ഐ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.പി. ഷാ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വനിതാ സബ്കമ്മിറ്റി കൺവീനർ രമ്യാരാജ് അധ്യക്ഷത വഹിച്ചു. കെജിബിടിഇയു സംസ്ഥാന ജനറൽസെക്രട്ടറി എ.എ. ഷാജു പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. ബിഇഎഫ്ഐ സംസ്ഥാന കമ്മിറ്റിയംഗം പി. ഉണ്ണിക്കൃഷ്ണൻ, കെജിബിടിഇയു സംസ്ഥാന ട്രഷറർ വി.എം. ലീന, സംസ്ഥാന വൈസ് പ്രസിഡന്റ് പി. ബാലൻ, ബിടിഇഎഫ് ജില്ലാസെക്രട്ടറി തുഷാര എസ്.നായർ, കെജിബിഇയു ജില്ലാ സെക്രട്ടറി എബിൻ എം.ചെറിയാൻ, റിജോ ജോസ്, അനന്തു കെ.ശശി തുടങ്ങിയവർ പ്രസംഗിച്ചു. ഗ്രാമീണ ബാങ്കുകളുടെ സ്വകാര്യവത്കരണ നീക്കം ഉപേക്ഷിക്കുക, താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക, താത്കാലിക ജീവനക്കാരുടെ സേവന വേതനവ്യവസ്ഥകൾ നിർവചിക്കുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു. പ്രസിഡന്റായി സി. സമീറ, സെക്രട്ടറിയായി അനന്തു കെ.ശശി എന്നിവരെ തിരഞ്ഞെടുത്തു.






## പ്രാദേശിക വാർത്തകൾ

## ഇടുക്കി

# അടിമാലി താലൂക്ക് ആശുപത്രി കാത്ത്ലാബിന് 7.5 കോടി രൂപയുടെ അനുമതി, ദേവികുളത്ത് പുതിയ ആശുപത്രി: മന്ത്രി വീണാ ജോർജ്

**അടിമാലി :** അടിമാലി താലൂക്ക് ആശുപത്രിയിൽ നിർമ്മിച്ച ഒ.പി ആന്റ് ഡയഗനോസ്റ്റിക് ബ്ലോക്ക് കെട്ടിടത്തിന്റെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് ഓൺലൈനായി നിർവഹിച്ചു. മലയോര മേഖലയിൽ ആരോഗ്യരംഗത്ത് അനിവാര്യമായ മുഴുവൻ കാര്യങ്ങളും ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഇടുക്കി ഉൾപ്പെടെ ഏഴ് ജില്ലകളിൽ സർക്കാർ നേഴ്സിംഗ് കോളേജ് ആരംഭിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഗോത്രവർഗപഞ്ചായത്തായ ഇടമലക്കുടിയിലും, വട്ടവട, കാന്തല്ലൂർ, അടക്കം പാർശ്വവത്കരിക്കപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചു. വിസ്തൃതമായ ദേവികുളം താലൂക്കിൽ ദേവികുളത്ത് പുതിയ ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി അടിമാലി താലൂക്ക് ആശുപത്രിയിൽ കാത്ത്ലാബിന് 7.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായും കഴിയുന്നതും വേഗം കാത്ത്ലാബ് യാഥാർഥ്യമാക്കുന്നതിനുള്ള നിർദേശം നൽകിയതായും മന്ത്രി വ്യക്തമാക്കി. ലോകടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തിയ മൂന്നാർ, അടിമാലി പ്രദേശങ്ങളിൽ ചികിത്സാരംഗത്ത് അനിവാര്യമായ മുഴുവൻ കാര്യങ്ങളും ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും, മണ്ഡലത്തിൽ എംഎൽഎ എ.രാജ അടക്കം ഒരുപാട് പേരുടെ പ്രയത്നഫലമായാണ് ആരോഗ്യരംഗത്തുണ്ടാകുന്ന മാറ്റമെന്നും മന്ത്രി പറഞ്ഞു. ക്യാൻസർ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് അടിമാലി താലൂക്ക് ആശുപത്രിയിൽ മാമോഗ്രാഫി മെഷീൻ സ്ഥാപിച്ചിട്ടുള്ളതെന്നും, പരിശോധനകളിലൂടെ ഇത്തരം സേവനങ്ങൾ പ്രയോജനപ്പെടുത്താൻ സ്ത്രീകൾ ശ്രദ്ധിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. അടിമാലിയിൽ മണ്ണിടിഞ്ഞ് വീണ് മരിച്ച നെടുമ്പള്ളിക്കുടി ബിജുവിന് അനുശോചനം രേഖപ്പെടുത്തിയാണ് യോഗം ആരംഭിച്ചത്. നേഴ്സിംഗ് വിദ്യാർഥിയായ ബിജുവിന്റെ മകളുടെ മുഴുവൻ പഠന ചെലവും കോളേജ് ഏറ്റെടുത്തതായും മന്ത്രി വീണാ ജോർജ് അറിയിച്ചു. അടിമാലി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ ദിവസം മന്ത്രി നേരിട്ടെത്തി



നടത്താനിരുന്ന ഉദ്ഘാടനം മാറ്റിവയ്ക്കുകയായിരുന്നു. എ.രാജ എം.എൽ.എ അധ്യക്ഷത വഹിച്ചു. പ്രാദേശിക ഉദ്ഘാടനവും, പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനവും, മാമോഗ്രാം സ്വിച്ച് ഓൺകർമ്മവും എംഎൽഎ നിർവഹിച്ചു. അടിമാലി താലൂക്ക് ആശുപത്രിയിൽ കാത്ത്ലാബ് പ്രവർത്തനത്തിനൊപ്പം ഒരു കാർഡിയോളജിസ്റ്റ് തസ്തിക കൂടി അനുവദിക്കുമെന്ന് ആരോഗ്യമന്ത്രി ഉറപ്പു നൽകിയതായി എംഎൽഎ പറഞ്ഞു. അടിമാലി താലൂക്ക് ആശുപത്രിയിൽ 5 കോടി രൂപ ചെലവിൽ പുതിയ രണ്ട് ബ്ലോക്ക് കൂടി നിർമ്മിക്കുമെന്ന് എംഎൽഎ പറഞ്ഞു. അമ്മയും കുഞ്ഞും ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണെന്നും എംഎൽഎ അറിയിച്ചു. ഒ.പി, അത്യാഹിത വിഭാഗം, ഡയഗനോസ്റ്റിക് വിഭാഗം എന്നിവയാണ് പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കുക. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13.91 കോടി രൂപ ചെലവഴിച്ചാണ് ഒ.പി, ഡയഗനോസ്റ്റിക് ബ്ലോക്ക്, മാമോഗ്രാം എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. മൂന്ന് നിലകളിലായി 1357 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ നിർമ്മിച്ച കെട്ടിടത്തിൽ ഒ.പി , ഡ്രസിംഗ് റൂം, ഫാർമസി, എക്സ്-റേ, റ്റി.എം.ആർ യൂണിറ്റ്, കാത്തിരിപ്പ് കേന്ദ്രം എന്നീ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. കെട്ടിടത്തിൽ പ്ലംബിംഗ്, ഹൈ ടെൻഷൻ, വൈദ്യുതി, ലിഫ്റ്റ്, ഫയർ ഫൈറ്റിംഗ് സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ആരോഗ്യ കേരളം പദ്ധതിയിൽ 21.14 ലക്ഷം രൂപ ചെലവിലാണ് മാമോഗ്രാഫി മെഷ്യൻ ആശുപത്രിയിൽ സ്ഥാപിച്ചത്.അടിമാലി താലൂക്ക് ആശുപത്രി അങ്കണത്തിൽ ചേർന്ന യോഗത്തിൽ അടിമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സോമൻ ചെല്ലപ്പൻ, ത്രിതല പഞ്ചായത്ത് അംഗങ്ങളായ കോയ അമ്പാട്ട്, മേരി ജോർജ്, സനില രാജേന്ദ്രൻ, ജയ മധു വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളായ ടി.കെ ഷാജി, ചാണ്ടി പി അലക്സാണ്ടർ, കെ.എം ഷാജി, സിജോ മുണ്ടൻചിറ, ഷെരീഫ് തേളായി, പി.എൻ ഉത്തമൻ, രാജൻ വേണാട്, തങ്കച്ചൻ, അരുൺ പി മാണി എന്നിവർ സംസാരിച്ചു. അടിമാലി താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. ടി. ഹരിപ്രസാദ് റിപ്പോർട്ട് അവതരിപ്പിച്ചു. മുൻ ആശുപത്രി സൂപ്രണ്ട് സുനിൽ കുമാർ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഖയസ് ഇ.കെ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ തുടങ്ങി നിരവധിപേർ പങ്കെടുത്തു.

# കല്ലാനിക്കൽ സെന്റ് ജോർജ് യുപി സ്കൂളിൽ പൂർവ്വ അദ്ധ്യാപക ,വിദ്യാർത്ഥി സംഗമം നടത്തി

**തൊടുപുഴ:** കല്ലാനിക്കൽ സെന്റ്ജോർജ് യുപി സ്കൂളിന്റെ നവതി ആഘോഷങ്ങളോടനുബന്ധിച്ച് പൂർവ്വ വിദ്യാർത്ഥികളുടെയും സ്കൂളിൽ സേവനം ചെയ്തിരുന്ന അദ്ധ്യാപകരുടെയും സംഗമം നടത്തി. സ്കൂൾ മാനേജർ ഫാ. സോട്ടർ പെരിങ്ങാരപ്പിള്ളി അധ്യക്ഷതവഹിച്ച സംഗമം പി. ജെ ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കോതമംഗലം കോർപ്പറേറ്റ് എജുക്കേഷൻ സെക്രട്ടറി ഫാ. മാത്യു മുണ്ടക്കൽ അനുഗ്രഹ പ്രഭാഷണവും തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുനി സാബു മുഖ്യപ്രഭാഷണവും നടത്തി സ്കൂൾ സ്റ്റാഫ് സെക്രട്ടറി ജെസ്സി ജോസഫ് സ്വാഗതം പറഞ്ഞു.. ഇടവെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിൻസി മാർട്ടിൻ, ടോമി കാവാലം, ബേബി കാവാലം, ഡോ. സാജൻ മാത്യു, ഷൈനി തോമസ്, അബ്രഹാം എൻ. യു, ബിനോയി സെബാസ്റ്റ്യൻ, ശരണ്യ എസ് എന്നിവർ സംസാരിച്ചു. സംഗമത്തിൽ പൂർവ്വ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ആദരിക്കുകയും ഹെഡ് മാസ്റ്റർ ലിന്റോ ജോർജ് നന്ദി പറഞ്ഞു.




# അതിദാരിദ്ര്യമുക്തമാകാൻ ഓരോ കുടുംബത്തിനും വ്യത്യസ്ത മൈക്രപ്ലാനുകൾ തയ്യാറാക്കി: മന്ത്രി എം. ബി രാജേഷ്

**ഇടുക്കി :** അതിദാരിദ്ര്യം അനുഭവിച്ചിരുന്ന കുടുംബങ്ങളെ കണ്ടെത്തി ഓരോ കുടുംബത്തിനും പ്രത്യേകമായി മൈക്രോപ്ലാൻ തയ്യാറാക്കി നടത്തിയ പ്രവർത്തനത്തിലൂടെയാണ് കേരളം അതിദാരിദ്യമുക്ത സംസ്ഥാനമെന്ന പദവി കരസ്ഥമാക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ്. ജില്ലാ വികസന സദസും വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ വികസന സദസും വികസന സദസുകളുടെ സംസ്ഥാനതല സമാപന സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. അതിദാരിദ്ര്യത്തിന് കാരണമായ കാര്യങ്ങൾ പ്രത്യേകം കണ്ടെത്തി 64006 മൈക്രോപ്ലാനുകളാണ് തയ്യാറാക്കിയത്. ഇന്ത്യയുടെ ചരിത്രത്താലാദ്യമായാണ് ഇത്രയും മൈക്രോപ്ലാനുകൾ തയ്യാറാക്കിയത്. ഭക്ഷണം, ആരോഗ്യം ചികിത്സ, പാലിയേറ്റിവ് കെയർ, ഭിന്നശേഷിവിഭാഗം, വരുമാനം, ഉപജീവനം, വീട്, സ്ഥലം ഇല്ലാത്തവർ, വീടിന്റെ അറ്റകുറ്റപ്പണി തുടങ്ങി ഓരോ കുടുംബത്തിനും ഓരോ മൈക്രോപ്ലാനുകൾ തയ്യാറാക്കിയാണ് സംസ്ഥാനം ഈ പുരോഗതി കൈവരിച്ചത്. ഇതിൽ ഏറ്റവും വലിയ വെല്ലുവിളി വീടില്ലാത്തവർക്ക് വീടൊരുക്കുക എന്നതായിരുന്നു. വീടില്ലാത്തവരെ പരിഗണിക്കാനായി ഒറ്റ ഉത്തരവിലൂടെ എല്ലാവരെയും ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തി. ലൈഫ് പട്ടികയിൽ അവർക്ക് മുൻഗണന നൽകി. സ്ഥലമില്ലാത്തവർക്ക് സ്ഥലം നൽകുകയായിരുന്നു അടുത്ത വെല്ലുവിളി. അതിനായി സർക്കാർ മനസോടിത്തിരി മണ്ണ് പദ്ധതി ആവിഷ്ക്കരിച്ചു. സ്ഥലം വിട്ടു നൽകുന്നതിനായി മനസോടിത്തിരി മണ്ണ് പദ്ധതിയിൽ നിരവധി സംഭാവനകളാണ് ലഭിച്ചത്. അർഹരായവരെ കണ്ടെത്തിയാൽ അവർക്ക് ഭൂമി വാങ്ങാൻ പണം നൽകാൻ നിരവധി പേർ മുന്നോട്ടു വന്നു. ഈ സർക്കാരിന് പണം നൽകിയാൽ അത് അർഹരായവർക്ക് ലഭിക്കുമെന്ന വിശ്വാസമുണ്ടായി. 675 കുടുംബങ്ങൾക്ക് അങ്ങനെ ഭൂമി ലഭിച്ചു. അവശേഷിച്ചവർക്ക് ഭൂമി ലഭിക്കാൻ ഏതു വകുപ്പിന്റെ ഭൂമിയായാലും വീട് ഇല്ലാത്തവർക്ക് പതിച്ചു നൽകാൻ ജില്ലാ കളക്ടർക്ക് അധികാരം നൽകിയുള്ള ഉത്തരവ് മന്ത്രിസഭ പുറപ്പെടുവിച്ചുവെന്നും മന്ത്രി പറഞ്ഞു. കെട്ടിട നിർമാണ ചട്ടങ്ങളിൽ വലിയ മാറ്റം വരുന്ന വിജ്ഞാപനം രണ്ടു ദിവസത്തിനകം വരുമെന്ന് മന്ത്രി പറഞ്ഞു. 211 ചട്ടങ്ങളാണ് ഭേദഗതി ചെയ്യാൻ പോകുന്നത്. ജനജീവിതം കൂടുതൽ സുഗമമായി, എല്ലാ മേഖലയിലും മാറ്റങ്ങളും പുരോഗതിയും ഉണ്ടാക്കാൻ സഹായിക്കുന്ന നിരവധി കാര്യങ്ങൾ ഇക്കാലയളവിൽ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇടുക്കിയിലെ ഭൂപ്രശ്നമടക്കം എത്രയോ കാലമായുണ്ടായിരുന്ന ഊരാക്കുടുക്കുകൾ ഓരോന്നായി ഈ സർക്കാർ അഴിക്കുകയാണ്. ഈ മാറ്റങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കണം. അതിന് വികസന സദസുകൾ സഹായകരമാകും. സദസുകളിൽ ഉയർന്ന ആശയങ്ങൾ നാടിന്റെ പുരോഗതിക്ക് മുതൽക്കൂട്ടാകും.വികസനസദസിലൂടെ കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ ഒരുപാട് നിർദ്ദേശങ്ങളും ആശയങ്ങളുമാണ് പൊതുജനങ്ങൾ മുന്നോട്ട് വെച്ചതെന്നും മന്ത്രി കുട്ടിച്ചേർത്തു.ഇടുക്കിയെ അതിദാരിദ്ര്യമുക്ത ജില്ലയായി ചടങ്ങിൽ മന്ത്രി പ്രഖ്യാപിച്ചു. ജില്ലയിലെ അതിദാരിദ്ര്യരായ 2392 പേർക്കും ഭൗതികസാഹചര്യം ഒരുക്കിയതിന് ശേഷമാണ് പ്രഖ്യാപനം. ചെറുതോണി പുതിയ ബസ് സ്റ്റാൻഡിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീറണാംകുന്നേൽ അധ്യക്ഷത വഹിച്ചു.ജില്ലാ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് പഞ്ചായത്ത് പ്രസിഡന്റ് ജോർജ് പോളും അവതരിപ്പിച്ചു.

# നഗര കുടുംബാരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്തു

**കട്ടപ്പന:** നീണ്ട കാത്തിരിപ്പിനൊടുവിൽ വാഴവരയിലെ നഗര കുടുംബാരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്തു . നഗരസഭയുടെ 70 ലക്ഷം രൂപയും എം.എൽ.എ ഫണ്ട് 30 ലക്ഷം രൂപയും കേന്ദ്രസർക്കാർ ഹെൽത്ത് ഗ്രാൻഡ് അഞ്ചരലക്ഷം രൂപയും വിനിയോഗിച്ചാണ് നിർമ്മാണം പൂർത്തിയാക്കിയത്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള 18 സെന്റ് സ്ഥലം അനുവദിച്ചാണ് കെട്ടിടം നിർമ്മിച്ചത്. 2020 മാർച്ചിൽ ശിലാസ്ഥാപനം നടത്തിയ കെട്ടിടത്തിന്റെ പണികൾ ഇഴഞ്ഞുനീങ്ങിയത് പ്രതിഷേധത്തിന് കാരണമാക്കിയിരുന്നു. മന്ത്രി റോഷി അഗസ്റ്റിൻ നഗരകുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.പോളി ക്ലിനിക്കും ഇതോടൊപ്പം ആരംഭിക്കും. ഏഴ് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികയാണ് സജ്ജമാക്കിയിട്ടുള്ളത്. ഇ.എൻ.ഡി ഡോക്ടറുടെ സേവനവും ഇവിടെ ലഭ്യമാകും. ഒപ്പം ജനറൽ വിഭാഗത്തിൽ രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം വൈകാതെ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. നവീകരിച്ച സമ്പൂർണ്ണ ഓട്ടോമേറ്റഡ് ലാബ് ആരംഭിക്കും. എല്ലാ സേവനങ്ങളും പൂർണ്ണമായും സൗജന്യമാണ്. നഗരസഭ ചെയർപേഴ്സൺ ബീന ടോമി അധ്യക്ഷത വഹിച്ചു. ഡി.എം. ഒ സതീഷ് കെ.എൻ,നാഷണൽ ഹെൽത്ത് മിഷൻ ജില്ല പ്രോഗ്രാം മാനേജർ ഡോ. ഖയാസ് ഇ.കെ., നഗരസഭ വൈസ് ചെയർമാൻ അഡ്വ. കെ ജെ ബെന്നി,ജോയി വെട്ടിക്കുഴി, ലീലാമ്മ ബേബി ,മനോജ് മുരളി ,സിബി പാറപ്പായി ,ഐബി മോൾ രാജൻ, ജസ്സി ബെന്നി, ബെന്നി കുര്യൻ,പ്രശാന്ത് രാജു , ബിനു കേശവൻ, സോണിയ ജയ്ബി , സജിമോൾ ഷാജി. വി.ആർ സജി, അഡ്വ.മനോജ് എം തോമസ്, ജോസുകുട്ടി കണ്ണമുണ്ടയിൽ, രത്നമ്മ സുരേന്ദ്രൻ, കെ എൻ ഷാജി,സനീഷ് മോഹൻ, ഷാജി അഗസ്റ്റിൻ,അജീഷ് അറുകുഴി ,താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.ഉമാദേവി തുടങ്ങിയവർ സംസാരിച്ചു.



# പി. എം ശ്രീ, അവസരത്തിനൊത്ത് സർക്കാർ ഉയർന്നു: വെള്ളാപ്പള്ളി



**ആലുവ:** പി.എം ശ്രീ പദ്ധതിയിൽ ഒപ്പുവച്ചതിലൂടെ സംസ്ഥാന സർക്കാർ അവസരത്തിനൊത്ത് ഉയർന്നെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. ആലുവ യൂണിയൻ ആസ്ഥാനമന്ദിരത്തിന് കല്ലിടാനെത്തിയ വെള്ളാപ്പള്ളി മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു. കേന്ദ്രത്തിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട കോടിക്കണക്കിനു രൂപ ആദർശം പറഞ്ഞ് നഷ്ടപ്പെടുത്താതിരുന്നത് നല്ല കാര്യമാണ്. ഇതിന്റെ പേരിൽ സി.പി.എം–ബി.ജെ.പി അന്തർധാരയൊന്നുമില്ല. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പിയിൽ നിന്ന് ചർച്ച നടത്തി ആനുകൂല്യം നേടിയെടുക്കുന്നത് അന്തർധാരയല്ല,പ്രായോഗിക ബുദ്ധിയാണ്. നയം കാലാനുസൃതമായി മാറണമെന്നും വെള്ളാപ്പള്ളി പറഞ്ഞു. അതേസമയം,സി.പി.ഐ ജീവിച്ചിരുപ്പുണ്ടെന്ന് അറിയിക്കാനാണ് പി.എം ശ്രീ പദ്ധതിയിൽ ഒപ്പുവച്ചതിനെ എതിർക്കുന്നത്. പാസാക്കിയെന്ന് പിണറായി വിജയൻ പറയുമ്പോൾ സി.പി.ഐയുടെ എതിർപ്പ് അടങ്ങും. അതോടെ അണ്ണനും തമ്പിയും യോജിക്കും. സി.പി.ഐ എത്രയോ വിഷയങ്ങളിൽ നിലപാട് മാറ്റിയെന്നും വെള്ളാപ്പള്ളി പറഞ്ഞു.യോഗം പ്രസിഡന്റ് ഡോ. എം.എൻ. സോമൻ,ദേവസ്വം സെക്രട്ടറി അരയക്കണ്ടി സന്തോഷ്,എസ്.എൻ ട്രസ്റ്റ് ബോർഡ് മെമ്പർ പ്രീതി നടേശൻ,റബ്ബർ ബോർഡ് വൈസ് ചെയർമാൻ കെ.എ. ഉണ്ണികൃഷ്ണൻ,ആലുവ യൂണിയൻ പ്രസിഡന്റ് വി. സന്തോഷ് ബാബു,സെക്രട്ടറി എ.എൻ. രാമചന്ദ്രൻ,യോഗം അസി. സെക്രട്ടറി കെ.എസ്. സ്വാമിനാഥൻ എന്നിവരും വെള്ളാപ്പള്ളിക്കൊപ്പം ഉണ്ടായിരുന്നു.കേരളത്തിലെ ദേവസ്വം ബോർഡുകൾ പിരിച്ചുവിട്ട് സീനിയർ ഐ.എ.എസുകാരന്റെ നേതൃത്വത്തിൽ ഭരണസമിതിയെ നിയോഗിക്കണമെന്ന് വെള്ളാപ്പള്ളി നടേശൻ. ജൂനിയർ ഐ.എ.എസുകാരും ആർ.ഡി.ഒമാരും ജനപ്രതിനിധികളും ഭരണസമിതിയിൽ വേണം. ഫയലുകളെല്ലാം അവസാനം വകുപ്പ് മന്ത്രി ഒപ്പിടണം. കേന്ദ്ര സർക്കാരിന് കീഴിലുള്ള കോഫി ബോർഡ്, കയർ ബോർഡ് പോലുള്ള ഭരണസമിതി വന്നാൽ അഴിമതി കുറയുമെന്നും അദ്ദേഹം പറഞ്ഞു.

# എച്ച് എംടി ഭൂമിയിൽ കയ്യേറ്റം



**കളമശേരി :** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച് എംടിയുടെ ഭൂമിയിൽ വൻകയ്യേറ്റം. തൊഴിലാളി യൂണിയൻ 7ന് എച്ച്എംടി സംരക്ഷണ സദസ്സ് നടത്താനിരിക്കെ, കയ്യേറ്റത്തിനെതിരെയും അനധികൃത നിർമാണത്തിനെതിരെയും നടപടിയെടുക്കാൻ നഗരസഭയോ, എച്ച്എംടി മാനേജ്മെന്റോ തയാറായിട്ടില്ല. ഒരാഴ്ചയായി നിരന്തരം രണ്ടുകൂട്ടരോടും കയ്യേറ്റത്തെക്കുറിച്ച് അറിയിച്ചതാണെന്നു നാട്ടുകാർ പറഞ്ഞു. നഗരസഭാ ഉദ്യോഗസ്ഥരും എച്ച്എംടി ഉദ്യോഗസ്ഥരും ഇവിടെ പരിശോധന നടത്തിയിരുന്നു. സീപോർട്ട് എയർപോർട്ട് റോഡിൽ കുസാറ്റ് ബസ് കാത്തിരിപ്പു കേന്ദ്രത്തിനു സമീപത്താണു വ്യാപക കയ്യേറ്റം നടക്കുന്നത്. സ്ഥലം ആരുടേതാണെന്ന് തർക്കത്തിലാണ് എച്ച്എംടി മാനേജ്മെന്റും പൊതുമരാമത്ത് വകുപ്പും. തങ്ങൾക്ക് റോഡും കാനയും മാത്രമാണ് ഉള്ളതെന്നും അപ്പുറത്തേക്കുള്ള ഭൂമി എച്ച് എംടിയുടേതാണെന്നും പിഡബ്ല്യുഡി ഉദ്യോഗസ്ഥർ പറയുന്നു. വികസന പദ്ധതികൾക്കു സ്ഥലം വിട്ടുകൊടുക്കുന്നതിനു വൻതുക ഭൂമി വിലയായി ആവശ്യപ്പെടുന്ന എച്ച്എംടി ഭൂമി കയ്യേറ്റത്തിനെതിരെ നടപടി സ്വീകരിക്കാത്തതിൽ ആക്ഷേപം ശക്തമാണ്. നഗരസഭയുടെ അറിവോടെയാണു കയ്യേറ്റമെന്നു തോന്നിപ്പിക്കുന്ന വിധത്തിലാണ് നഗരസഭാ ഉദ്യോഗസ്ഥരുടെ ഇടപെടൽ. റോഡരികിൽ മാലിന്യം വലിച്ചെറിയുന്നതു തടയുന്നതിനു തട്ടുകടകൾ സഹായകമാണെന്നാണു നഗരസഭാധികൃതർ വ്യക്തമാക്കിയത്. മാലിന്യം വലിച്ചെറിയുന്നവരെ ഇവരുടെ സഹായത്തോടെ പിടികൂടാൻ ഇതുവരെ നഗരസഭയ്ക്കു കഴിഞ്ഞിട്ടില്ല.

ദിനംപ്രതി സീപോർട്ട് എയർപോർട്ടിൽ മാലിന്യം വർധിക്കുകയാണ്. കയ്യേറ്റക്കാർ കാനയിലേക്ക് ഒഴുക്കുന്ന മാലിന്യം കെട്ടിക്കിടന്നു കനത്ത ദുർഗന്ധമാണ് അനുഭവപ്പെടുന്നത്.

# 'കൊച്ചി സ്റ്റേഡിയത്തിന് ചുറ്റുമുള്ള മരങ്ങൾ മുറിച്ചുമാറ്റി, അർജന്റീന ടീമിന്റെ പേരിൽ ദുരൂഹ ഇടപാടുകൾ'; ഹൈബി ഈഡൻ



**കൊച്ചി:** അർജന്റീന ഫുട്ബോൾ ടീമിനെ കൊച്ചിയിലെത്തിക്കുന്നു എന്ന പ്രചാരണത്തിലൂടെ ദുരൂഹ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുണ്ടെന്ന ആരോപണവുമായി ഹൈബി ഈഡൻ എംപി. കൊച്ചി സ്റ്റേഡിയത്തിന്റെ നവീകരണമെന്ന പേരിലുള്ള ഇടപാടുകളും ദുരൂഹത നിറഞ്ഞതാണ്. സ്റ്റേഡിയം പൊളിച്ച് പണിയുന്നതിനായി ജിഡിസിഎയും (ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി) സ്പോൺസറും തമ്മിലുണ്ടാക്കിയ കരാർ പുറത്തുവിടണമെന്നും ഹൈബി ഈഡൻ ആവശ്യപ്പെട്ടു.

ഹൈബി ഈഡന്റെ വാക്കുകൾ

'കൊച്ചി സ്റ്റേഡിയത്തിന്റെ ഭാവി പോലും വലിയ ചോദ്യ ചിഹ്നമായിരിക്കുകയാണ്. ഇവിടെ നിന്ന് ക്രിക്കറ്റ് അപ്രത്യക്ഷമായി. കേരള ബ്ലാസ്റ്റേഴ്സ് പോലും കൊച്ചിവിട്ട് പോകുന്നുവെന്ന വാർത്തകൾ ആശങ്കയുണ്ടാക്കുകയാണ്. ഹോംഗ്രൗണ്ട് എന്ന നിലയിൽ കേരള ബ്ലാസ്റ്റേഴ്സ് നൽകിയിരുന്ന വാടകയായിരുന്നു ജിഡിസിഎയുടെ ഏറ്റവും വലിയ വരുമാനം. ഇപ്പോൾ സ്റ്റേഡിയം അനിശ്ചിതത്വത്തിലായിരിക്കുകയാണ്.

നിർമാണ പ്രവൃത്തികൾ നടത്തിവരുന്ന കമ്പനികൾക്കുള്ള യോഗ്യതയും വ്യക്തമാക്കണം. സ്റ്റേഡിയത്തിന് ചുറ്റുമുള്ള മരങ്ങൾ മുഴുവൻ മുറിച്ചുമാറ്റി. റോഡിലുള്ള മരങ്ങൾ സാധാരണ മുറിച്ചുമാറ്റുമ്പോൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നിരവധി നിബന്ധനകളുണ്ട്. അത് പാലിച്ചിട്ടുണ്ടോയെന്ന് ബന്ധപ്പെട്ടവർ വ്യക്തമാക്കണം.

ജിഡിസിഎയും സ്പോൺസറും തമ്മിലുണ്ടാക്കിയ കരാർ എവിടെയാണ്. ആരുടെ മേൽനോട്ടത്തിലാണ് കരാർ നടപടികൾ നടപ്പാക്കുന്നതെന്നും വ്യക്തമാക്കണം.'

# നോർത്ത് പറവൂരിൽ വീട്ടമ്മയെ ഭർത്താവ് ഇരുമ്പുവടികൊണ്ട് അടിച്ചുകൊന്നു

**നോർത്ത് പറവൂർ:**നോർത്ത് പറവൂർ വെടിമറയിൽ വീട്ടമ്മയെ ഭർത്താവ് ഇരുമ്പുവടിക്ക് അടിച്ചുകൊന്നു. ഉണ്ണികൃഷ്ണൻ എന്നയാളാണ് ഭാര്യ കോമള(58)ത്തെ തലയ്ക്ക് അടിച്ച് കൊലപ്പെടുത്തിയത്. ആക്രമണത്തിൽ ഇവരുടെ ഭിന്നശേഷിയുള്ള മകന് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. തിങ്കളാഴ്ച ഉച്ചയ്ക്കു ശേഷം മൂന്നരയോടെയാണ് സംഭവം. ഉണ്ണികൃഷ്ണൻ സ്ഥിരമായി മദ്യപിക്കുകയും കോമളത്തെ മർദിക്കുകയും ചെയ്യുമായിരുന്നെന്നാണ് വിവരം. ഉണ്ണികൃഷ്ണനെ പറവൂർ പോലീസ് കസ്റ്റഡിയിലെടുത്തു.

# അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം



*തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ സംഘടിപ്പിച്ച കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ എൻഹാൻസമെൻറ് സമ്മിറ്റിൽ സംസ്ഥാന സർക്കാരിൻറെ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദുവിൽ നിന്ന് ഫിസാറ്റിന് വേണ്ടി അധ്യാപകരായ ഡോ സുമയ്യ നസ്നിൻ പിച്ചും ഡോ ടി എം ഹരീഷും അവാർഡുകൾ ഏറ്റുവാങ്ങുന്നു*

**അങ്കമാലി :**ഫിസാറ്റ് എൻജിനിയറിങ് കോളേജിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം.നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ലഭിച്ച കോളേജുകളുടെ പട്ടികയിൽ നിന്ന് ഇ വർഷത്തെ മികച്ച കോളേജുകളെ തിരഞ്ഞെടുത്തതിൽ സംസ്ഥാന സർക്കാരിൻറെ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ് ഫിസാറ്റിന് ലഭിച്ചു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു അവാർഡ് വിതരണം ചെയ്തു. ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനും നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെൻററും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൺവയൺമെന്റും സംയുക്സ്തമായി തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ സംഘടിപ്പിച്ച കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ എൻഹാൻസമെൻറ് സമ്മിറ്റിൽ ആണ് അവാർഡ് വിതരണം ചെയ്തത് . കൂടാതെ സംസ്ഥാന സർക്കാർ ദേശിയ റോഡ് സുരക്ഷ മാസാചരണത്തിൻറെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ മികച്ച പ്രകടനം കാഴ്ച്ചവച്ചതിന് മികച്ച കോളേജിനുള്ള അംഗീകാരവും അങ്കമാലി ഫിസാറ്റ് എഞ്ചിനിയിറിങ് കോളേജിന് ലഭിച്ചു . കോളേജിന് വേണ്ടി അധ്യാപകരായ ഡോ സുമയ്യ നസ്നിൻ പിച്ചും ഡോ ടി എം ഹരീഷും അവാർഡുകൾ ഏറ്റുവാങ്ങി. നാഷണൽ അസ്സെസ്സ്മെൻറ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ അംഗീകാരം നേടിയ മികച്ച കോളേജുകളെ ആദരിച്ചതിൽ ഫിസാറ്റിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയിൽ നിന്നും കഴിഞ്ഞ ദിവസം അവാർഡ് ലഭിച്ചിരുന്നു. ദേശിയ റോഡ് സുരക്ഷാ വാരാചരണത്തിൻറെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളിൽ ഫിസാറ്റിലെ നാലു വിദ്യാർത്ഥികൾക്ക് പുരസ്കാരവും ലഭിച്ചു. ഫോട്ടോഗ്രാഫി വിഭാഗത്തിൽ തെരേസ ജെ , അമ്മു ബിജു എന്നിവർക്കും, ലോഗോ അവതരണ വിഭാഗത്തിൽ നിഖിൽ സതീശനും, സ്ലോഗൻ നിർമാണത്തിൽ നവീദ് എസ് പെയിന്റിംഗ് വിഭാഗത്തിൽ അനഞ്ജൻ വിജയിക്കും സമ്മാനങ്ങൾ ലഭിച്ചു .

# 'ടിക്കറ്റ് വിറ്റിട്ടില്ല, കളി നടന്നില്ലെങ്കിൽ വൻ നഷ്ടം, സഹിച്ചോളാം'– ആരോടും പൈസ വാങ്ങിയിട്ടില്ല, ഫ്രീയായി ചെയ്യുന്നുവെന്ന്

**കൊച്ചി:** നവംബർ 30–ന് മുമ്പ് സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവൃത്തികൾ തീർത്ത് കളിക്ക് അനുയോജ്യമാക്കി കൈമാറുമെന്ന് ആന്റോ അഗസ്റ്റിൻ. അർജന്റീന കേരളത്തിൽ എത്തില്ലെന്ന് ഉറപ്പായതിനു പിന്നാലെ സ്റ്റേഡിയത്തിലെ നിർമ്മാണ പ്രവൃത്തികളെച്ചൊല്ലി ഉയരുന്ന ചോദ്യങ്ങളിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. സ്റ്റേഡിയത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് രേഖാമൂലമുള്ള കരാർ എസ്കെഎഫുമായി (സ്പോർട്സ് കേരള ഫൗണ്ടേഷൻ) ഉണ്ടെന്നും മെസിയേയും സംഘത്തേയും കേരളത്തിലെത്തിക്കുമെന്ന് പ്രഖ്യാപിച്ച സ്പോൺസർ ആന്റോ അഗസ്റ്റിൻ പറഞ്ഞു. അർജന്റീനൻ സംഘത്തെ കേരളത്തിലെത്തിക്കും എന്നത് ഒരു സർക്കാർ പദ്ധതിയായിരുന്നു. അതിൽ ആദ്യത്തെ സ്പോൺസർ പിന്മാറിയപ്പോഴാണ് താൻ സ്പോൺസറായി വന്നത്. തിരുവനന്തപുരം സ്റ്റേഡിയം ആയിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ അത് ക്രിക്കറ്റ് സ്റ്റേഡിയം ആയതിനാൽ ഫിഫയുടെ റാങ്കിങ് ലഭിക്കാൻ പ്രയാസമായിരുന്നു. തുടർന്ന് കൊച്ചി സ്റ്റേഡിയം തീരുമാനിക്കുകയായിരുന്നു. ഫിഫ അനുമതിക്ക് വേണ്ടിയിട്ടാണ് കൊച്ചിയിലെ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തിയതെന്ന് ആന്റോ അഗസ്റ്റിൻ പറഞ്ഞു. ഇതിൽ തനിക്ക് അജണ്ടയില്ല, ലാഭം കൊയ്യാൻ ഉദ്ദേശവുമില്ല. കേരളത്തിൽ പണം മുടക്കുന്നവരെ ലാഭം കൊയ്യുന്നവരായിട്ടാകും ചിലർ കണ്ടിട്ടുണ്ടാവുക. എന്നാൽ അങ്ങനെ അല്ല. താൻ ഇറങ്ങിത്തിരിച്ചത് കേരളത്തിൽ ഒരു അന്താരാഷ്ട്ര ഫുട്ബോൾ മത്സരം കൊണ്ടുവരാനാണ്. കേരളത്തിലെ കായികം, ടൂറിസം തുടങ്ങിയവയുടെ വികസനമാണ് ഉദ്ദേശിച്ചത്. അതിന് വേണ്ടി താൻ പണം മുടക്കി. നഷ്ടം വന്നാൽ താൻ സഹിച്ചോളാം. കളി നടന്നില്ലെങ്കിൽ തനിക്ക് വലിയ നഷ്ടം ഉണ്ടാകും. തന്നെ സംബന്ധിച്ചിടത്തോളം ഒരാളുടേയും ഒരു പൈസയും താൻ വാങ്ങിയിട്ടില്ലെന്നും ടിക്കറ്റ് വിറ്റിട്ടില്ലെന്നും ആന്റോ അഗസ്റ്റിൻ പറഞ്ഞു. കാറ്റുപിടിച്ചാൽ താഴെ പോകുന്ന അവസ്ഥയിലായിരുന്നു ഫ്ലഡ് ലൈറ്റ്. ഉത്തരവാദിത്തമുള്ള ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമോ? ജിസിഡിഎ തീരുമാനിക്കുന്നു. ഞാൻ അത് ഫ്രീയായി ചെയ്തുകൊടുക്കുന്നു. ഇതിൽ സർക്കാരിന് നഷ്ടമില്ല. തനിക്ക് മാത്രമാണ് നഷ്ടം. രേഖാമൂലമുള്ള കരാർ എസ്കെഎഫുമായി ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# ആലപ്പുഴ കമ്മ്യൂണിസം കൊണ്ട് തുലഞ്ഞുപോയ ജില്ല സുരേഷ് ഗോപി



**തൃശ്ശൂർ:** കമ്മ്യൂണിസം കൊണ്ട് തുലഞ്ഞു പോയ ജില്ലയാണ് ആലപ്പുഴയെന്നും ഇല്ലായ്മയിൽ കിടക്കുന്ന ഈ ജില്ലയെ ഉയർത്തിക്കൊണ്ടുവരാനാണ് ശ്രമിച്ചതെന്നും കേന്ദ്രമന്ത്രി സുരേഷ് ഗോപി. ആലപ്പുഴയ്ക്ക് എയിംസ് ലഭിക്കണമെന്ന കാര്യത്തിലാണ് സുരേഷ് ഗോപിയുടെ പ്രതികരണം. തൃശ്ശൂരിൽ ലോക്സഭാ ജനപ്രതിനിധിയായി നടത്തുന്ന എസ്ജി കോഫി ടൈംസിന്റെ തൃശ്ശൂർ നഗരത്തിലെ പരിപാടിയിൽ സംസാരിക്കുകയായിരുന്നു സുരേഷ് ഗോപി. ആലപ്പുഴയിൽ ഒരു ആശുപത്രിയിലും ജനങ്ങൾക്ക് സൗകര്യമില്ല. ആലപ്പുഴയ്ക്ക് എയിംസ് ലഭിക്കാൻ തൃശ്ശൂരുകാർ വടക്കുന്നാഥനും ലൂർദ് മാതാവിനും മുന്നിൽ പ്രാർഥിക്കണം. 2016–ൽ പറഞ്ഞ കാര്യമാണ് എയിംസ് ആലപ്പുഴയ്ക്ക് വേണമെന്ന്. ഇപ്പോഴും അതിൽ ഉറച്ചു നിൽക്കുന്നു. തൃശ്ശൂരിൽ എയിംസ് വരുമെന്ന് പറഞ്ഞിട്ടില്ല. രാഷ്ട്രീയവും പ്രാദേശികതയുമല്ല ഇതിൽ കാണുന്നത്. നിലപാടുകളിൽ ഒറ്റത്തന്തയ്ക്ക് പിറന്നവൻ ആണെന്ന പ്രസ്താവന സുരേഷ് ഗോപി ആവർത്തിച്ചു. വാക്കും നിലപാടുകളും മാറ്റാറില്ല. തൃശ്ശൂരിൽ എംപിയാകുന്നതിന് മുൻപേ പറഞ്ഞതാണ് ആലപ്പുഴയിൽ എയിംസ് വേണമെന്ന്. കൊച്ചി മെട്രോ അങ്കമാലി കഴിഞ്ഞ് ഉപപാതയായി പാലിയേക്കര വഴി കോയമ്പത്തൂർക്ക് പോകണം. മറ്റൊരു ഉപപാതയായി നാട്ടിക, തൃപ്രയാർ, ഗുരുവായൂർ വഴി താനൂരിലും എത്തണം. രാജ്യത്തെ ഏറ്റവും വലിയ സോഷ്യലിസ്റ്റാണ് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രജ പ്രയോഗത്തിലെ രാഷ്ട്രീയം പറഞ്ഞത് വിവാദമാക്കാൻ കൂലി എഴുത്തുകാരെ നിയോഗിച്ചു. അതിലൊന്നും ഭയമില്ല. 50 വർഷമായി നടക്കാത്ത കാര്യങ്ങളടക്കം സംവാദ പരിപാടിയിൽ ചർച്ച ചെയ്തു. എന്നാൽ പ്രജ എന്നെല്ലാമുള്ള വാക്കുകളാണ് എടുത്തുകാണിക്കുന്നത്. എല്ലാം ജനം തിരിച്ചറിയുന്നുണ്ട്. പ്രജകളുടെ ക്ഷേമമാണ് തങ്ങൾ ലക്ഷ്യമിടുന്നത്. യൂണിഫോം സിവിൽകോഡ് നടപ്പാക്കണം. എങ്കിൽ മാത്രമേ എല്ലാവർക്കും തുല്യനിയമം ഉറപ്പാക്കാൻ സാധിക്കൂ.കോഫി ടൈംസിന്റെ 56 എഡിഷനുകൾ പൂർത്തിയാക്കി. മേൽത്തട്ട് വിഭാഗത്തിന്റെ പ്രശ്നങ്ങളാണ് ഇതിൽ ചർച്ച ചെയ്യുന്നത്. കലുങ്ക് സംവാദത്തിൽ ചർച്ച ചെയ്തത് അടിത്തട്ട് വിഭാഗത്തിന്റെ പ്രശ്നങ്ങളായിരുന്നു– സുരേഷ് ഗോപി പറഞ്ഞു.

# സമേതം – സർഗവേള 2025–26



**തൃശ്ശൂർ:** സമേതം – സർഗവേള 2025–26 ന്റെ ഭാഗമായി വരടിയം ഗവ.യു.പി.സ്കൂളിൽ സംഘടിപ്പിച്ചു വന്ന ത്രിദിന സമേതം കഥ – കവിതക്കൂട്ടം ശില്പശാല സമാപിച്ചു. 2025 ഒക്ടോബർ 23, 24, 25 തിയ്യതികളിലായി സംഘടിപ്പിച്ച ശില്പശാലയിൽ ശ്രീമതി. എൻ സ്മിത ടീച്ചർ, പി.വി സുരേഷ്, രാജൻ നെല്ലായി, ദിവ്യ ധർമ്മദത്തൻ, വി.യു രാധാകൃഷ്ണൻ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. ക്യാമ്പ് ഡയറക്ടർ ജയൻ അവണൂർ, വിദ്യാഭ്യാസപ്രവർത്തകർ വി.കെ മുകുന്ദൻ, കോ ഓർഡിനേറ്റർ കെ.വി രജീഷ് മാസ്റ്റർ എന്നിവർ ശില്പശാലക്ക് നേതൃത്വം നൽകി. ഒക്ടോബർ 25 ശനിയാഴ്ച സാഹിത്യ സദസ്സ്, വിദ്യാർത്ഥികളുടെ രചനകൾ ഉൾപ്പെടുത്തിയ മാഗസിൻ പ്രകാശനം, സമാപനസമ്മേളനം എന്നിവ സംഘടിപ്പിച്ചു. സാഹിത്യസദസ്സിൽ സുധീർ കുമാർ കൊളങ്ങാട്ടുകര, ശ്രീനന്ദിനി, യശോദ മുരളി, എ.വി ഉണ്ണികൃഷ്ണൻ മാസ്റ്റർ, Adv. ശുഭ സുമേഷ്, രാജലക്ഷ്മി ടീച്ചർ, എം.എസ് സിനിഷ, വി.കെ സുനിൽകുമാർ, സജീവൻ എ.പി എന്നിവർ വായനാനുഭവങ്ങളും എഴുത്ത് രീതികളും വിദ്യാർത്ഥികളുമായി പങ്കുവെച്ചു. തുടർന്ന് നടന്ന സമാപന യോഗം ബഹു. അവണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.തങ്കമണി ശങ്കുണ്ണി ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രധാനാധ്യാപിക വി.എ റഹ്മത്ത് ടീച്ചർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്തംഗം ശ്രീമതി. ലിനി ടീച്ചർ മുഖ്യാതിഥിയായി. ബഹു.വൈസ് പ്രസിഡന്റ് ശ്രീമതി. മിനി ഹരിദാസ്, മെമ്പർമാരായ ശ്രീ. രാധാകൃഷ്ണൻ, സി.ബി സജീവൻ, ജയൻ അവണൂർ, വി.കെ മുകുന്ദൻ, കെ.എൻ.കെ പ്രേംനാഥ് മാസ്റ്റർ, കെ.വി രജീഷ് മാസ്റ്റർ, കെ.എൻ സുനിത ടീച്ചർ എന്നിവർ സംസാരിച്ചു. ചടങ്ങിൽ വിദ്യാർത്ഥികളുടെ രചനാസമാഹാരം ' അക്ഷരസമേതം ' പ്രകാശനം ചെയ്തു. മൂന്ന് ദിവസത്തെ ശില്പശാല, വായനയുടെയും എഴുത്തിന്റെയും പുതിയ തലങ്ങളിലേക്കുള്ള വഴികാട്ടിയായി അനുഭവപ്പെട്ടു എന്ന് വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു. തുടർന്ന് വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ്, ഉപഹാരം എന്നിവ വിതരണം ചെയ്തു.

# നടിയെ ആക്രമിച്ച കേസിലെ അന്വേഷണ ഉദ്യോഗസ്ഥന് പരിക്ക്

**തൃശൂർ:** കുട്ടനെല്ലൂരിൽ പൊലീസ് ജീപ്പ് മറിഞ്ഞ് ഡിവൈഎസ്പി ഉൾപ്പെടെ രണ്ട് പൊലീസ് ഉദ്യോഗസ്ഥർക്ക് പരിക്ക്. ഡിവൈഎസ്പി ബൈജു പൗലോസിനും ജീപ്പ് ഓടിച്ചിരുന്ന പൊലീസ് ഡ്രൈവർക്കുമാണ് പരിക്കേറ്റത്. നടിയെ ആക്രമിച്ച കേസിലെ അന്വേഷണ ഉദ്യോഗസ്ഥനാണ് ഡിവൈഎസ്പി ബൈജു പൗലോസ്. ഇന്ന് രാവിലെ എട്ടരയോടെയായിരുന്നു അപകടം. ജീപ്പ് നിയന്ത്രണം വിട്ട് മറിയുകയായിരുന്നുവെന്നാണ് വിവരം. പരിക്കേറ്റവരെ ജൂബിലി മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അപകടത്തിൽ ബൈജു പൗലോസിന്റെ കൈയൊടിഞ്ഞു.

# മെസിയെക്കുറിച്ച് ചോദിച്ചതിന് ചാനൽ മൈക്കുകൾ തട്ടിത്തെറിപ്പിച്ച് മന്ത്രി



**തൃശൂർ:** ലയണൽ മെസിയെക്കുറിച്ചുള്ള മാദ്ധ്യമങ്ങളുടെ ചോദ്യങ്ങളിൽ പ്രകോപിതനായി കായികമന്ത്രി വി അബ്ദുറഹിമാൻ. അർജന്റീന ഫുട്ബോൾ ടീമിനെ കൊച്ചിയിലെത്തിക്കുന്നു എന്ന പ്രചാരണത്തിലൂടെ ദുരൂഹ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുണ്ടെന്ന് ഹൈബി ഈഡൻ എംപി ആരോപിച്ചിരുന്നു. ഇതുസംബന്ധിച്ച മാദ്ധ്യമങ്ങളുടെ ചോദ്യമാണ് മന്ത്രിയെ പ്രകോപിപ്പിച്ചത്. തൃശൂർ എരുമപ്പെട്ടിയിൽ സ്കൂൾ ഗ്രൗണ്ടിന്റെ ഉദ്ഘാടന ച്ചടങ്ങിനെത്തിയതായിരുന്നു മന്ത്രി.ഹൈബി ഈഡന്റെ ആരോപണങ്ങളിൽ പ്രതികരണം ചോദിക്കവേ അബ്ദുറഹിമാൻ ചാനൽ മൈക്കുകൾ തട്ടിത്തെറിപ്പിക്കുകയായിരുന്നു. പിന്നാലെ സ്കൂളിലേയ്ക്ക് കയറിപ്പോയി. അബ്ദുറഹിമാനോടൊപ്പമുണ്ടായിരുന്ന മുൻ മന്ത്രി എ സി മൊയ്തീനും മാദ്ധ്യമങ്ങളെ തടഞ്ഞു. ചാനൽ മൈക്കുകൾ പിടിച്ചുതാഴ്ത്തിയ അദ്ദേഹം വൃത്തികേട് കാണിക്കരുതെന്നും പറഞ്ഞു. മന്ത്രിക്കൊപ്പമുണ്ടായിരുന്ന സംഘം മാദ്ധ്യമപ്രവർത്തകരോട് തട്ടിക്കയറുകയും ചെയ്തു.

'കൊച്ചി സ്റ്റേഡിയത്തിന്റെ ഭാവി പോലും വലിയ ചോദ്യ ചിഹ്നമായിരിക്കുകയാണ്. ഇവിടെ നിന്ന് ക്രിക്കറ്റ് അപ്രത്യക്ഷമായി. കേരള ബ്ലാസ്റ്റേഴ്സ് പോലും കൊച്ചി വിട്ട് പോകുന്നുവെന്ന വാർത്തകൾ ആശങ്കയുണ്ടാക്കുകയാണ്. ഹോംഗ്രൗണ്ട് എന്ന നിലയിൽ കേരള ബ്ലാസ്റ്റേഴ്സ് നൽകിയിരുന്ന വാടകയായിരുന്നു ജിഡിസിഎയുടെ ഏറ്റവും വലിയ വരുമാനം. ഇപ്പോൾ സ്റ്റേഡിയം അനിശ്ചിതത്വത്തിലായിരിക്കുകയാണ്. നിർമാണ പ്രവൃത്തികൾ നടത്തിവരുന്ന കമ്പനികൾക്കുള്ള യോഗ്യതയും വ്യക്തമാക്കണം. സ്റ്റേഡിയത്തിന് ചുറ്റുമുള്ള മരങ്ങൾ മുഴുവൻ മുറിച്ചുമാറ്റി. റോഡിലുള്ള മരങ്ങൾ സാധാരണ മുറിച്ചു മാറ്റുമ്പോൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നിരവധി നിബന്ധനകളുണ്ട്. അത് പാലിച്ചിട്ടുണ്ടോയെന്ന് ബന്ധപ്പെട്ടവർ വ്യക്തമാക്കണം. ജിഡിസിഎയും സ്പോൺസറും തമ്മിലുണ്ടാക്കിയ കരാർ എവിടെയാണ്. ആരുടെ മേൽനോട്ടത്തിലാണ് കരാർ നടപടികൾ നടപ്പാക്കുന്നതെന്നും വ്യക്തമാക്കണം.'– എന്നായിരുന്നു ഹൈബി പറഞ്ഞത്.

# കനത്ത മഴ തുടരുന്നു, തൃശൂർ ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി


**തൃശൂർ:** ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയായിരിക്കുമെന്ന് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ അറിയിച്ചു. ജില്ലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിലാണ് മുൻകരുതൽ നടപടിയുടെ ഭാഗമായി ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചത്. സിബിഎസ്ഇ, ഐസിഎസ്ഇ, കേന്ദ്രീയ വിദ്യാലയം, അങ്കണവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. മുൻ കൂട്ടി നിശ്ചയിച്ച പരീക്ഷകൾ, അഭിമുഖങ്ങൾ, ജില്ലാ ശാസ്ത്രമേളകൾ എന്നിവയിൽ മാറ്റം ഉണ്ടാകില്ലെന്ന് കളക്ടർ അറിയിച്ചു.നേരത്തെ,പുത്തൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിദ്യാലയങ്ങൾക്ക് തൃശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടർ നാളെ അവധി പ്രഖ്യാപിച്ചിരുന്നു. പുത്തൂർ സുവോളജിക്കൽ പാർക്ക് ഉദ്ഘാടനത്തിന്റെ ഭാഗമായുള്ള ഗതാഗത നിയന്ത്രണവും ജനത്തിരക്കും പ്രമാണിച്ചാണ് അവധി പ്രഖ്യാപിച്ചത്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ അങ്കണവാടി ഉൾപ്പെടെയുള്ള മുഴുവൻ വിദ്യാലയങ്ങൾക്കും അവധി ബാധകമായിരിക്കുമെന്നാണ് അറിയിപ്പ്.അതേസമയം, കേരളത്തിൽ വരും മണിക്കൂറുകളിൽ ഇടിയോടു കൂടിയ മഴയ്ക്ക് സാദ്ധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. കേരളത്തിലെ എല്ലാ ജില്ലകൾക്കും മഴ മുന്നറിയിപ്പുണ്ട്. എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട് എന്നീ ജില്ലകൾക്ക് ഇന്ന് ഓറഞ്ച് അലർട്ടും മറ്റ് ജില്ലകൾക്ക് യെല്ലോ അലർട്ടും പ്രഖ്യാപിച്ചിരുന്നു.

# രാഹുലിനൊപ്പം വേദിപങ്കിട്ട നഗരസഭാദ്ധ്യക്ഷയെ തള്ളി ബി.ജെ.പി ജില്ലാ നേതൃത്വം



**പാലക്കാട്:** രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എയോടൊപ്പം വേദി പങ്കിട്ട് വെട്ടിലായി ബി.ജെ.പി ചെയർപേഴ്സൺ പ്രമീള ശശിധരൻ. സംഭവത്തിൽ പ്രമീളയെ പിന്തുണച്ചും വിമർശിച്ചും നേതാക്കൾ രംഗത്തെത്തി. എന്നാൽ ,കാര്യങ്ങൾ സംസ്ഥാന നേതൃത്വത്തോട് പറയുമെന്ന നിലപാടിലാണ് പ്രമീള.കഴിഞ്ഞ ദിവസമാണ് സ്റ്റേഡിയം ബൈപാസ് ജില്ലാ ആശുപത്രി ലിങ്ക് റോഡ് ഉദ്ഘാടന ചടങ്ങിൽ ചെയർ പേഴ്സൺ പ്രമീള ശശിധരൻ പങ്കെടുത്തത്. രാഹുലിന്റെ എം.എൽ.എ ഫണ്ട് ഉപയോഗിച്ചാണ് ഈ റോഡ് നിർമ്മിച്ചത്. രാഹുലിനെ പൊതു പരിപാടിയിൽ പങ്കെടുപ്പിക്കില്ലെന്നായിരുന്നു ബിജെപിയുടെ നിലപാട്. യുവതികളുടെ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ പരിപാടികളിൽ നിന്നും വിട്ടുനിന്നിരുന്നു. പിന്നീട് കെ.എസ്.ആർ.ടി.സി ബസിന്റെ ഉദ്ഘാടനത്തിനും റോഡ് ഉദ്ഘാടനത്തിനും എം.എൽ.എ പങ്കെടുത്തിരുന്നു. എ എം.എൽ.എയെ തടയുമെന്ന നിലപാടിലായിരുന്നു ബി.ജെ.പിയും സി.പി.എമ്മും.

രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുമായി വേദി പങ്കിടരുതെന്നത് പാർട്ടി നിലപാടാണെന്ന് ബിജെപി ജില്ലാ പ്രസിഡന്റ് പ്രശാന്ത് ശിവൻ. പ്രമീള അരുതാത്തത് ചെയ്തു. വിഷയത്തിൽ സംസ്ഥാന നേതൃത്വം ഇടപെടുന്നുണ്ട്. പാർട്ടി വേദികളിൽ വിഷയം അവതരിപ്പിച്ചിട്ടുണ്ടെന്നും പ്രശാന്ത് ശിവൻ പറഞ്ഞു. പ്രമീള ശശിധരൻ ചെയർ പേഴ്സൺ എന്ന നിലയ്ക്കാണ് രാഹുൽ മാങ്കൂട്ടത്തിലിന്റെ പരിപാടിക്ക് പോയതെന്ന് ബിജെപി ദേശീയ കൗൺസിൽ അംഗം എൻ ശിവരാജൻ പ്രതികരിച്ചു. രാഹുൽ വരുന്ന കാര്യം ചെയർപേഴ്സൺ അറിഞ്ഞില്ലെന്നും,വികസന കാര്യത്തിൽ രാഹുലുമായി സഹകരിക്കുന്നതിൽ തെറ്റില്ലെന്നും അദ്ദേഹം പറഞ്ഞു.



# ഗാനഗന്ധർവ്വന് പൂർണ സംഗീതദിനം സമ്മാനിച്ച് സ്വരലയ പാലക്കാട്

**പാലക്കാട്:** മലയാളികളുടെ ഗാനഗന്ധർവൻ കെ.ജെ.യേശുദാസിന്റെ 85-ാം പിറന്നാളിനോടനുബന്ധിച്ച് അദ്ദേഹം ആലപിച്ച് അനശ്വരമാക്കിയ 85 പാട്ടുകൾ കോർത്തിണക്കി ഒരു പൂർണദിവസം നീണ്ടുനിന്ന സംഗീതവിരുന്ന് ഒരുക്കി സ്വരലയ പാലക്കാട്. ചെമ്പൈ സ്മാരക സംഗീത കോളേജിലെ എം.ഡി.രാമനാഥൻ ഹാളിൽ രാവിലെ 10ന് ആരംഭിച്ച 'യേശുദാസ് @ 85' എന്ന പരിപാടി പ്രശസ്ത സംഗീതജ്ഞൻ മണ്ണൂർ രാജകുമാരനുണ്ണി ഉദ്ഘാടനം ചെയ്തു. സ്വരലയ സെക്രട്ടറി ടി.ആർ.അജയൻ അദ്ധ്യക്ഷനായി. സംവിധായകനും എഴുത്തുകാരനുമായ വിനോദ് മങ്കര 'യേശുദാസും മലയാള സംഗീതവും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. സംഗീത കോളേജ് പ്രിൻസിപ്പൽ മനോജ്കുമാർ തൊടുപുഴ പ്രഭാഷണം നടത്തി. സ്വരലയ സംയോജകനായ പി.സത്യൻ 'യേശുദാസ് @ 85' പരിപാടിയുടെ പരിപ്രേക്ഷ്യം അവതരിപ്പിച്ചു.ഉദ്ഘാടന സമ്മേളനത്തിന് സ്വരലയ വൈസ് പ്രസിഡന്റുമാരായ പ്രൊഫ: കെ. മോഹൻദാസ് സ്വാഗതവും, കെ.വിജയൻ നന്ദിയും പറഞ്ഞു.തുടർന്ന് രാത്രി 9വരെ നീണ്ടുനിന്ന സംഗീത വിരുന്നിൽ യേശുദാസ് ആലപിച്ച 85 ഗാനങ്ങൾ ബൽറാം, റെജി സദാനന്ദൻ, മഞ്ജു മേനോൻ, മുരളി മേനോൻ, മോഹൻ, നിഷാന്ത്, വിഷ്ണു കോയമ്പത്തൂർ, മാഹിർ, മണികണ്ഠൻ, സന്തോഷ് നമ്പ്യാർ, ജയപ്രകാശ് തുടങ്ങിയ 70 ഗായകർ ആലപിച്ചു. ജനുവരി ഒരു ഓർമ്മ എന്ന ചിത്രത്തിലെ 'സ്വാഗതം ഓതുമീ..' എന്ന ഗാനത്തിൽ തുടങ്ങി 'നീല പൊന്മാനെ..', 'ശ്യാമസുന്ദര പുഷ്പമേ..', 'ഉത്തരാ സ്വയംവരം..', 'അകലെ അകലെ നീലാകാശം..', 'ആദിയുഷസന്ധ്യ പൂത്തതിവിടെ..', 'കുടമുല്ല പൂവിനും..', 'ഹൃദയം കൊണ്ടെഴുതുന്ന കവിത..', 'തരളിത രാവിൽ മയങ്ങിയോ..', 'അമ്മാ എൻ ട്രഴയ്ക്കാത..', 'തൂങ്കാത വിഴികൾ..', 'നീ പാതി നാൻ പാതി..', 'കല്ല്യാണ തേൻ നിലാ..', 'ഏയ് മേരെ ഉദാസ് മൻ..', 'മന ഹോ തും..' എന്നിങ്ങനെ വിവിധ ഭാഷകളിലെ ഗാനങ്ങൾ സംഗീത വിരുന്നിൽ ശ്രദ്ധേയമായി. 'തിരികെ ഞാൻ വരുമെന്ന..' എന്ന ഗാനത്തോടെയാണ് പരിപാടിക്ക് തിരശീല വീണത്.

# കെഎസ്ടിഎ ജില്ലാ സമ്മേളനം തേങ്കുറുശിയിൽ

**കുഴൽമന്ദം** :കെഎസ്ടിഎ 35ാം ജില്ലാ സമ്മേളനം ഡിസംബർ 12,13,14 തീയതികളിൽ തേങ്കുറുശി ഗ്രീൻപാർക്ക് ഓഡിറ്റോറിയത്തിൽ നടക്കും. മതനിരപേക്ഷ ജനാധിപത്യ ഇന്ത്യ, വികസിത വൈജ്ഞാനിക നവകേരളം, സാർവത്രിക ഗുണമേന്മ വിദ്യാഭ്യാസം എന്നതാണ് ജില്ലാ സമ്മേളനത്തിന്റെ ആപ്തവാക്യം. 9,000 അധ്യാപകരെ പ്രതിനിധീകരിച്ച് 550 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. സ്വാഗതസംഘ രൂപീകരണയോഗം ചൊവ്വ വൈകിട്ട് നാലിന് തേങ്കുറുശി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ചേരും. സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം വി ചെന്താമരാക്ഷൻ ഉദ്ഘാടനം ചെയ്യും.



# അംബേദ്കർ ഗ്രാമം പദ്ധതി

**ചിറ്റൂർ:** നിയോജകമണ്ഡലത്തിൽ 8.50 കോടി രൂപ പട്ടികജാതി പട്ടികവർഗ ക്ഷേമത്തിന് വേണ്ടി ചെലവഴിച്ചിട്ടുണ്ടെന്ന് മന്ത്രി കെ.കൃഷ്ണൻകുട്ടി പറഞ്ഞു. അംബേദ്കർഗ്രാമം പദ്ധതി 2022 – 23 പെരുമാട്ടി പഞ്ചായത്ത് പാറക്കളം നഗർ

നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പാറക്കളം ജി.എം.എൽ.പി സ്കൂളിൽ നടന്ന പരിപാടിയിൽ പെരുമാട്ടി പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാധാകൃഷ്ണൻ അധ്യക്ഷയായി. കെ.ഇ.എൽ പ്രോജക്ട് മാനേജർ കെ.കെ.ഉണ്ണികൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പട്ടികജാതി വികസന ഓഫീസർ കെ.എസ്.കുമാരി ശ്രീജ പദ്ധതി വിശദീകരിച്ചു. മാധുരി പത്മനാഭൻ, കൃഷ്ണകുമാർ, കെ.സുരേഷ് മറ്റു മെമ്പർമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# പോസ്റ്റുമോർട്ടത്തിന് മുൻപേ മൃതദേഹം വിട്ടുനൽകി; വീട്ടിലെത്തി തിരികെ വാങ്ങി ആശുപത്രി അധികൃതർ



**പാലക്കാട്:** വിഷം അകത്തുചെന്ന് ജില്ലാ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ചയാളുടെ മൃതദേഹം പോസ്റ്റുമോർട്ടം ചെയ്യുംമുമ്പേ വീട്ടിലേക്ക് കൊണ്ടുപോകാനായി ബന്ധുക്കൾക്ക് വിട്ടുനൽകി. അസ്വാഭാവികമരണത്തിൽ പോസ്റ്റുമോർട്ടം പൂർത്തിയാക്കിയില്ലെന്ന അമളി മനസ്സിലാക്കിയ ആശുപത്രി അധികൃതർ ഉടനെ മരിച്ചയാളുടെ വീട്ടിലെത്തി മൃതദേഹം ആംബുലൻസിൽ ജില്ലാ ആശുപത്രിയിൽ തിരികെയെത്തിച്ചു. ഞായറാഴ്ച വൈകീട്ട് അഞ്ചരയോടെയായിരുന്നു സംഭവം.

സെപ്റ്റംബർ 25-ന് വിഷം കഴിച്ചനിലയിൽ ആശുപത്രിയിലെത്തിച്ച 62-കാരനായ മുണ്ടൂർ സ്വദേശിയാണ് ഞായറാഴ്ച വൈകീട്ട് അഞ്ചരയോടെ മരിച്ചത്. വിവരമറിയിച്ചതിനെത്തുടർന്ന് ബന്ധുക്കളെത്തി ആശുപത്രിയിലുണ്ടായിരുന്നവരുമായി സംസാരിച്ചു. മൃതദേഹം കൊണ്ടുപോകാമെന്ന് അറിയിച്ചതോടെ നടപടി പൂർത്തിയാക്കി ബന്ധുക്കൾ മൃതദേഹം ഏറ്റുവാങ്ങി വീട്ടിലെത്തിച്ചു.

കുറച്ചു സമയം കഴിഞ്ഞതോടെ ആശുപത്രി ജീവനക്കാരും പിന്നാലെയെത്തി. കാര്യമന്വേഷിച്ചതോടൊണ്, പോസ്റ്റുമോർട്ടം പൂർത്തിയാക്കിയില്ലെന്ന വിവരം ജീവനക്കാർ ബന്ധുക്കളോട് പറഞ്ഞത്. ജീവനക്കാർക്കൊപ്പം പോലീസും സ്ഥലത്തെത്തിയിരുന്നു. പോസ്റ്റുമോർട്ടം നടത്തിയാൽ മാത്രമേ മരണസർട്ടിഫിക്കറ്റ് ലഭിക്കൂയെന്നും ജില്ലാ ആശുപത്രിയുടെ സ്വന്തം ചെലവിൽ ആംബുലൻസടക്കം ജീവനക്കാരെ അയക്കാമെന്നും ഇവർ അറിയിച്ചു. പിന്നാലെ ബന്ധുക്കളും സമ്മതം മൂളിയതോടെയാണ് മൃതദേഹം തിരികെ ആംബുലൻസിൽ ജില്ലാ ആശുപത്രിയിലെത്തിച്ചത്. തിങ്കളാഴ്ച രാവിലെ പോസ്റ്റുമോർട്ടം പൂർത്തിയാക്കി മൃതദേഹം വിട്ടുകൊടുക്കും. സംഭവത്തിൽ ബന്ധുക്കൾക്ക് പരാതിയില്ല. എന്നാൽ, വീഴ്ച സംബന്ധിച്ച് ബന്ധപ്പെട്ട ഡോക്ടറിൽനിന്നും ജീവനക്കാരിൽനിന്നും വിശദീകരണം തേടുമെന്ന് ജില്ലാ ആശുപത്രി സൂപ്രണ്ട് ജയശ്രീ പറഞ്ഞു. ഒരു മാസത്തോളമായി ചികിത്സയിലായിരുന്നതിനാൽ സ്വാഭാവിക മരണമാണെന്ന് കരുതിയതാണ് സംഭവത്തിനിടയാക്കിയതെന്നും അവർ പറഞ്ഞു.

# രക്ഷാപ്രവർത്തനങ്ങൾക്ക് ചുമട്ടുതൊഴിലാളികളും

**പാലക്കാട്** രക്ഷാപ്രവർത്തനങ്ങൾക്ക് ചുമട്ടുതൊഴിലാളികളെ സജ്ജമാക്കുന്നതിന് റെഡ് ബ്രിഗേഡുമായി സിഐടിയു. സന്നദ്ധസേനയുടെ ജില്ലാ പരിശീലനക്യാമ്പ് ജില്ലാ സെക്രട്ടറി എം ഹംസ ഉദ്ഘാടനം ചെയ്തു. ഹെഡ് ലോഡ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി പി എൻ മോഹനൻ അധ്യക്ഷനായി. സി കെ നാരായണൻ, എസ് ഫജറുദ്ദീൻ, വി കെ മധു, ഇ ആർ കൃഷ്ണദാസ്, കെ ലക്ഷ്മണൻ എന്നിവർ സംസാരിച്ചു. ജയ്സൺ ഹില്ലാരിയോസ്, ആരോഗ്യവകുപ്പ് നഴ്സിങ് ഓഫീസർ മനോജ്, മുഹമ്മദ് കാസിം എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. യൂണിയൻ ജില്ലാ ട്രഷറർ ബി വിജയൻ സ്വാഗതവും കെ ഡി ഉദയകുമാർ നന്ദിയും പറഞ്ഞു. റോഡപകടങ്ങൾ, തീപിടിത്തം, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിൽ പലപ്പോഴും രക്ഷാപ്രവർത്തനത്തിന് ആദ്യമെത്തുന്നത് ചുമട്ടുതൊഴിലാളികളായിരിക്കും. ഇവരാണ് പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുക. ഇത്തരം അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള പരിശീലനമാണ് നൽകിയത്. ജില്ലയിൽനിന്ന് 500 പേർക്കാണ് പരിശീലനം നൽകുന്നത്.





# മലപ്പുറത്ത് ജീപ്പും ലോറിയും കൂട്ടിയിടിച്ച് വിദ്യാർഥിയ്ക്ക് ദാരുണാന്ത്യം



**മലപ്പുറം:** കണ്ണമംഗലം കൊളപ്പുറം വിമാനത്താവളം റോഡിൽ കണ്ണമംഗലം തോട്ടശ്ശേരിയറയ്ക്കടുത്ത് ചെങ്ങാനി മുല്ലപ്പടിക്കു സമീപം ജീപ്പും ലോറിയും കൂട്ടിയിടിച്ച് വിദ്യാർഥി മരിച്ചു. പള്ളിക്കൽ ബസാറിനടുത്ത ജവാൻസ് നഗറിൽ മർച്ചന്റ് നേവി ഉദ്യോഗസ്ഥൻ സജി നിവാസിൽ അത്തിപ്പറമ്പത്ത് സജീവ്കുമാറിന്റെ (സജി) മകന് ധനഞ്ജയ് (17) ആണ് മരിച്ചത്. കരിപ്പൂർ എയർപോർട്ട് സ്കൂളിലെ വിദ്യാർഥിയാണ് ധനഞ്ജയ്. കൂടെയുണ്ടായിരുന്ന ഹാഷിം, ഷമീം, ഫഹദ് , ആദർശ് എന്നിവരെ പരിക്കുകളോടെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. തിങ്കളാഴ്ച വൈകീട്ട് അഞ്ചരയോടെയായിരുന്നു നാടിനെ നടുക്കിയ അപകടം. അപകടത്തിന്റെ ആഘാതത്തിൽ ജീപ്പ് പൂർണമായും തകർന്നു. അപകടവിവരമറിഞ്ഞ് ഓടിയെത്തിയ നാട്ടുകാരാണ് രക്ഷാപ്രവർത്തനം നടത്തി പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിച്ചത്. കൊണ്ടോട്ടിയിലെ ആശുപത്രിയിലെത്തിച്ചപ്പോഴേക്കും ധനഞ്ജയ് മരിച്ചിരുന്നു. ഗുരുതരമായി പരിക്കേറ്റ ആദർശിനെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്കും ഷമീമിനെ കോഴിക്കോട് കെഎംസിടിയിലേക്കും മാറ്റി. ഷെഗിജയാണ് ധനഞ്ജയിന്റെ അമ്മ. സഹോദരി: ദീക്ഷ (കുഞ്ഞാറ്റ).



# തിരൂർ താലൂക്ക് ലൈബ്രറി കൗൺസിൽ വായന മത്സരം സംഘടിപ്പിച്ചു

**തിരൂർ:** താലൂക്ക് ലൈബ്രറി കൗൺസിൽ വായനാ മത്സരം സംഘടിപ്പിച്ചു. എൽ.പി, യു.പി, വനിത വിഭാഗങ്ങൾക്കായി നടന്ന മത്സരങ്ങൾ ലൈബ്രറി കൗൺസിൽ ജില്ല സെക്രട്ടറി കെ.പി.ശങ്കരൻ ഉദ്ഘാടനം ചെയ്തു. തിരൂർ ബോയ്സ് എച്ച്.എസ്.എസിൽ നടന്ന മത്സരത്തിൽ തിരൂർ താലൂക്കിലെ 24 പഞ്ചായത്തിലെയും മുനിസിപ്പൽ പ്രദേശങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട 72 മത്സരാർത്ഥികൾ എൽ.പി, യു.പി വിഭാഗങ്ങളിൽ നിന്നും 29 പേർ വനിതാ വിഭാഗത്തിലും വായനാമത്സരത്തിൽ പങ്കെടുത്തു. ഓഡിയോ വിഷൽ ടെസ്റ്റും എഴുത്തു പരീക്ഷയും നടന്നു.താലൂക്ക് സെക്രട്ടറി പി.രവീന്ദ്രൻ, പ്രസിഡന്റ് ബാബു മലോൽ, ജോ. സെക്രട്ടറി സി. മുരളീധരൻ, വൈസ് പ്രസിഡന്റ് പിപി.മുഹമ്മദാലി, പി.പി ബിജു, ജസീറ, കെ.പി.നൗഷാദ്, ചന്ദ്രമതി, വി.വി സത്യാനന്ദൻ, മിഥുൻ എന്നിവർ മത്സരത്തിന് നേതൃത്വം നൽകി.


# ജില്ലയിലെ നിത്യഹരിതമാക്കി 187 പച്ചത്തുരുത്തുകൾ

**മലപ്പുറം:** ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ജില്ലയിൽ സ്ഥാപിച്ചത് 187 പച്ചത്തുരുത്തുകൾ. 85.735 ഏക്കറാണ് ആകെ നിത്യഹരിതമാക്കിയത്. 69 പഞ്ചായത്തുകളിലായി 147ഉം 11 നഗരസഭകളിലായി 40 എണ്ണവുമാണ് സ്ഥാപിച്ചത്. നഗരസഭകളിൽ കൊണ്ടോട്ടിയിൽ മാത്രമാണ് പദ്ധതി നടപ്പാക്കാനുള്ളത്. ഈ മാസം എട്ട് പച്ചത്തുരുത്തുകളാണ് ലക്ഷ്യം വയ്ക്കുന്നത്. കഴിഞ്ഞ മാസം 16 പച്ചത്തുരുത്തുകളാണ് സ്ഥാപിച്ചത്.

പൊതുസ്ഥലങ്ങളിൽ ഉൾപ്പെടെ ഫലവൃക്ഷത്തൈകളും നാട്ടുസസ്യങ്ങളും നട്ടുവളർത്തി സ്വാഭാവിക ജൈവവൈവിദ്ധ്യ തുരുത്തുകളുണ്ടാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കാൻ പച്ചത്തുരുത്തുകളിലൂടെ സാധിക്കും. ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ 2019ലാണ് പദ്ധതി ആരംഭിച്ചത്. ജില്ലയിൽ മാതൃകാ പച്ചത്തുരുത്തായി തിരഞ്ഞെടുത്തിരിക്കുന്ന സ്കൂൾ അരീക്കോട് ജി.എച്ച്.എസ്.എസ് ആണ്. സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനവും സ്കൂളിന് ലഭിച്ചിരുന്നു.പച്ചത്തുരുത്തുകൾക്ക് പുറമേ 'ഒരു തൈ നടാം' വൃക്ഷവൽക്കരണ ക്യാമ്പയിനിന്റെ ജില്ലാതല പ്രഖ്യാപനം ഇന്ന് നടക്കും. ക്യാമ്പയിനിലൂടെ ലക്ഷ്യം വെച്ച 12 ലക്ഷം തൈകളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. പച്ചത്തുരുത്ത് പദ്ധതിയെ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതോടൊപ്പം സമഗ്ര വൃക്ഷവൽക്കരണ പ്രവർത്തനവും ലക്ഷ്യമിട്ടാണ് ഒരു തൈ നടാം കാമ്പെയിൻ ജൂൺ അഞ്ചിന് ആരംഭിച്ചത്. വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മ സേനാംഗങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വായനാശാലകൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ, ആരാധനാലയങ്ങൾ തുടങ്ങി എല്ലാ വിഭാഗങ്ങളെയും പങ്കെടുപ്പിച്ചായിരുന്നു ക്യാമ്പയിൻ നടന്നത്.

ആകെ പച്ചത്തുരുത്തുകൾ – 187
ആകെ വിസ്തൃതി – 85.735 ഏക്കർ
പഞ്ചായത്തുകളിൽ സ്ഥാപിച്ചത് – 147
നഗരസഭകളിൽ സ്ഥാപിച്ചത് – 40

ഓരോ മാസവും നിശ്ചിത എണ്ണം പച്ചത്തുരുത്തുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നത്. ഈ മാസം ലക്ഷ്യമിട്ട എട്ട് പച്ചത്തുരുത്തുകളുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. കൊണ്ടോട്ടി നഗരസഭയിലും പദ്ധതി ഉടൻ നടപ്പിലാക്കും. ഹരിത കേരളം മിഷൻ അധികൃതർ



# കോഴിക്കോട്ടേക്ക് പുതിയ വന്ദേഭാരത് സർവീസ് വരുന്നു; യാത്രക്കാർക്ക് പ്രതീക്ഷ നൽകി വേറെയും ട്രെയിനുകൾ ?

**കോഴിക്കോട്:** മലബാറിന്റെ യാത്ര ക്ലേശങ്ങൾക്ക് പരിഹാരമാകുന്നുവെന്ന വാർത്തയാണ് റെയിൽവേ അധികൃതരിൽ നിന്ന് ലഭിക്കുന്നത്. മലബാറിലേക്ക് കൂടുതൽ ട്രെയിനുകൾ അനുവദിക്കണമെന്ന ആവശ്യവുമായി ബിജെപി ജില്ല അദ്ധ്യക്ഷൻ കെപി പ്രകാശ് ബാബു കേന്ദ്ര റെയിൽവേ സഹമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അനുകൂല നടപടികൾ ഉറപ്പ് ലഭിച്ചിരിക്കുന്നത്. സഹമന്ത്രി വി സോമണ്ണയ്ക്ക് ബിജെപി നേതാക്കൾ നിവേദനം നൽകി. കോഴിക്കോടിന് വന്ദേഭാരത് എന്നതാണ് പരിഗണിക്കുന്ന സർവീസുകളിൽ ഏറ്റവും പ്രധാനപ്പെട്ടത്. രാജ്യത്തെ ഭൂരിഭാഗം റൂട്ടുകളിലും വന്ദേഭാരത് സർവീസുകൾ ലാഭത്തിലാണ് ഓടുന്നത്. എന്നാൽ യാത്രക്കാരുടെ എണ്ണത്തിൽ വളരെ പിന്നിലാണ് മംഗളൂരു – ഗോവ വന്ദേഭാരത് സർവീസ്. ഈ ട്രെയിൻ കോഴിക്കോടേക്ക് നീട്ടുന്ന കാര്യമാണ് റെയിൽവേ പരിഗണിക്കുന്നത്. മംഗളൂരുവിലേക്ക് നിരവധി മലയാളികൾ പ്രത്യേകിച്ച് മലബാറിൽ നിന്ന് ദിവസേന യാത്ര ചെയ്യുന്നതിനാൽ ഈ സർവീസ് കേരളത്തിൽ ഹിറ്റാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.മംഗളൂരു – ഗോവ- മംഗളൂരു വന്ദേഭാരത് കോഴിക്കോട് സ്റ്റേഷനിലേക്ക് നീക്കാൻ കഴിഞ്ഞില്ലെങ്കിൽ പകരം പുതിയ വന്ദേഭാരത് സ്ലീപ്പർ കേരളത്തിന് അനുവദിക്കുന്ന മുറയ്ക്ക് അത് കോഴിക്കോട് വഴി സർവീസ് നടത്തുന്ന റൂട്ടിനെ പരിഗണിക്കാമെന്ന ഉറപ്പാണ് മന്ത്രി നൽകിയിരിക്കുന്നത്. കണ്ണൂർ യശ്വന്തപുര ട്രെയിൻ കോഴിക്കോട് വരെ നീട്ടേണ്ടതിന്റെയും മംഗലാപുരം -രാമേശ്വരം ട്രെയിനും അനുവദിക്കണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.അതുപോലെ തന്നെ മലബാറിലെ യാത്രക്കാർ വലിയ യാത്രാദുരിതം അനുവദിക്കുന്ന പാലക്കാട് – കാസർകോഡ് റൂട്ടിലേക്കും പുതിയ ട്രെയിൻ എന്ന ആവശ്യവും അനുഭാവപൂർവം പരിഗണിക്കാമെന്നും കേന്ദ്ര റെയിൽവേ സഹമന്ത്രി നിവേദനം നൽകാനെത്തിയ ബിജെപി പ്രതിനിധി സംഘത്തിന് ഉറപ്പ് നൽകിയെന്നാണ് വിവരം.





## 'ആചാര്യസുധ 54' ആഘോഷമായി; വേദാചാര്യന് ആശംസകൾ നേർന്ന് പ്രമുഖർ

**കോഴിക്കോട്:** വേദ പണ്ഡിതനും കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ കുലപതിയുമായ ആചാര്യശ്രീ രാജേഷിന്റെ 54ാം ജന്മദിനാഘോഷം 'ആചാര്യസുധ 54' വേദ മഹാമന്ദിരത്തിൽ നടന്നു. മന്ത്രി എ.കെ. ശശീന്ദ്രൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആക്ടിംഗ് ചെയർപേഴ്സൺ കെ. ബൈജുനാഥ്, മുൻ ഗോവ ഗവർണർ പി.എസ് ശ്രീധരൻ പിള്ള, ബി.ജെ.പി മുൻ സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ, മാതൃഭൂമി ചെയർമാൻ പി.വി ചന്ദ്രൻ, ജോ. മാനേജിംഗ് എഡിറ്റർ പി.വി നിധീഷ്, കെ.പി.സി.സി ജനറൽ സെക്രട്ടറി കെ. ജയന്ത്, കോഴിക്കോട് എസ്.എൻ.ഡി.പി യൂണിയൻ സെക്രട്ടറി സി.സുധീഷ്, ഭാരതീയ വിദ്യാനികേതൻ പ്രസിഡന്റ് പി. ഗോപാലൻ കുട്ടി, കേസരി എഡിറ്റർ ഡോ. എൻ.ആർ മധു, കെ.വി.ആർ ചെയർമാൻ കെ.പി. നായർ, കോർപ്പറേഷൻ കൗൺസിലർ അനുരാധ തായാട്ട്, ബി.ജെ.പി നേതാക്കളായ പ്രകാശ് ബാബു, ടി. ദേവദാസ് തുടങ്ങി നിരവധി പേർ ആശംസകളർപ്പിച്ചു. കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി, സ്പീക്കർ എ.എൻ ഷംസീർ, ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവരും ആശംസകൾ അറിയിച്ചു. ആചാര്യശ്രീ രാജേഷിന്റെ ശിഷ്യർ നേതൃത്വം നൽകിയ വിഷ്ണു സഹസ്രനാമ ജപത്തോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ഓംകാര ജപവും ജന്മദിന യജ്ഞവും നടന്നു. പ്രവീൺ കുമാർ ശാസ്ത്രി, കൃഷ്ണ ചന്ദ്ര വേദാലങ്കാർ എന്നിവർ യജ്ഞത്തിന് കാർമികത്വം വഹിച്ചു. തുടർന്ന് ആചാര്യശ്രീ രാജേഷിന്റെ വേദ പ്രവചനം നടന്നു. ജന്മദിനാഘോഷത്തോടനുബന്ധിച്ച് വീൽ ചെയർ നൽകുന്ന പദ്ധതി മന്ത്രി ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പത്ത് പേർക്ക് വീൽ ചെയർ നൽകി. ഭക്ഷ്യ കിറ്റ് വിതരണവും നടന്നു. താനൂർ, തിരൂർ, പരപ്പനങ്ങാടി, തലശ്ശേരി, കൂത്തുപറമ്പ് എന്നിവിടങ്ങളിലും 2500ഓളം ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.

## ആനക്കാംപൊയിൽ– മേപ്പാടി തുരങ്കപാത പ്രാരംഭ പ്രവൃത്തി തുടങ്ങി

**കോഴിക്കോട്:** വയനാട്-കോഴിക്കോട് ജില്ലകളുടെ സമഗ്രവികസനത്തിന് ഊന്നൽ നൽകുന്ന ആനക്കാംപൊയിൽ- കള്ളാടി -മേപ്പാടി തുരങ്കപാത നിർമ്മാണത്തിന്റെ പ്രാരംഭ പ്രവൃത്തികൾ തുടങ്ങി. ഇവിടത്തെ യാത്രാക്ലേശത്തിനുകൂടി പരിഹാരമാവുന്ന തുരങ്കപാതയുടെ നിർമ്മാണം അതിവേഗം സാദ്ധ്യമാക്കാനുള്ള പ്രവൃത്തികളാണ് തുടങ്ങിയത്.

തുരങ്കം ആരംഭിക്കുന്ന തിരുവമ്പാടി ആനക്കാംപൊയിൽ മറിപ്പുഴയ്ക്ക് കുറുകെ താത്കാലിക പാലം നിർമ്മാണം ആരംഭിച്ചു. നിലവിൽ സ്വർഗം കുന്നിലേക്കെത്തുന്ന, മറിപ്പുഴയ്ക്ക് കുറുകെയുള്ള തൂക്കുപാലം പൊട്ടിവീണതിനാൽ കോൺക്രീറ്റ് പൈപ്പുകൾ ഉപയോഗിച്ച് വഴിയൊരുക്കുകയാണ്. പാലം ചെന്നെത്തുകടണൽ നിർമ്മിക്കുന്ന സ്വർഗം കുന്നിലാണ്. പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവും പുരോഗതിയിലാണ്. ബെയ്‌ലി പാലം മോഡലിലാണ് താത്കാലിക പാലം. പാലം പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ കൂടുതൽ യന്ത്രസാമഗ്രികൾ എത്തിച്ച് സ്വർഗംകുന്ന് ഭാഗത്തെ മണ്ണ് പരിശോധന ആരംഭിക്കും. തുരങ്കപാത അവസാനിക്കുന്ന വയനാട് മേപ്പാടി



മീനാക്ഷിയിലും റോഡ് നിർമ്മാണം ആരംഭിച്ചു. ഈ ഭാഗത്തെ മണ്ണ് പരിശോധനയും തുടങ്ങി. ഇവ പൂർത്തിയാവുന്നതോടെ മറിപ്പുഴയിൽ നിർമ്മിക്കുന്ന പ്രധാന പാലത്തിന്റെ പ്രവൃത്തിയും വയനാട് കോഴിക്കോട് ജില്ലകളുടെ ഇരുഭാഗത്തു നിന്നും ഒരേസമയം തുരങ്കത്തിന്റെ നിർമ്മാണവും ആരംഭിക്കും. തുരങ്കപാതയുമായി ബന്ധിപ്പിക്കുന്ന മുത്തപ്പൻപുഴ ആനക്കാംപൊയിൽ റോഡിന്റെ വീതി കൂട്ടലും പുരോഗമിക്കുകയാണ്.

ഭോപ്പാൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ദുലീപ് ബിൽഡ് കോൺ കമ്പനിയാണ് നിർമ്മാണപ്രവൃത്തികൾ നടത്തുന്നത്.ജനുവരിയോടെ തുരങ്കനിർമ്മാണം ആരംഭിക്കും. സിലിൻഡർ ആകൃതിയിലുള്ള ഭീമാകാരമായ ബോറിംഗ് മെഷീൻ ഉപയോഗിച്ചാണ് തുരങ്കമുണ്ടാക്കുക. തുടക്കഭാഗം ഡ്രില്ല് ചെയ്ത ശേഷം പാറപൊട്ടിച്ച് പാതയൊരുക്കുന്ന ന്യൂ ആസ്ട്രിയൻ ടണലിംഗ് രീതിയാണ് പ്രയോഗിക്കുക. പാറയുടെ ഘടനയും ഉറപ്പും കൃത്യമായി പരിശോധിച്ച ശേഷമേ നിർമ്മാണം തുടങ്ങുകയുള്ളൂ. നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും കൃത്യമായ സുരക്ഷാപരിശോധനകൾ നടത്തും. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനാണ് നടത്തിപ്പ് ചുമതല.

?8.73 കി.മീ. തുരങ്കം

?മറിപ്പുഴ (കോഴിക്കോട്) മുതൽ മീനാക്ഷി പാലം (വയനാട്) വരെ അപ്രോച്ച് റോഡ് ഉൾപ്പെടെ 8.73 കിലോമീറ്റർ നീളത്തിൽ നാലുവരിയിൽ തുരങ്കപാത. ഇതിൽ 8.11 കിലോമീറ്റർ ദൂരം ഇരട്ട തുരങ്കങ്ങൾ. ഓരോ ടണലും രണ്ടു വരി.

?വയനാട് ജില്ലയിൽ 5.58 കിലോമീറ്ററും കോഴിക്കോട് 3.15 കിലോമീറ്ററും നീളം. ആറു വളവുകളുള്ള റൂട്ടിൽ ഓരോ 300 മീറ്ററിലും ഇരട്ടത്തുരങ്കങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ക്രോസ് പാസേജ്.

ആനക്കാം പൊയിലിൽ മറിപ്പുഴയ്ക്ക് കുറുകെ തുരങ്കം ആരംഭിക്കുന്ന സ്വർഗം കുന്നിലേക്ക് 70 മീറ്റർ നീളത്തിൽ പുതിയ പാലം. പാലമിറങ്ങി 200 മീറ്റർ പിന്നിട്ടാൽ തുരങ്കത്തിലേക്ക് കടക്കാംതുരങ്കപാതയ്ക്ക് വീതി 10മീറ്റർ തുരങ്കങ്ങൾ തമ്മിലുള്ള അകലം 15 മീറ്റർ ആവശ്യമുള്ള ഭൂമി: 33 ഹെക്ടർ 5771 മീറ്റർ വനമേഖലയിലൂടെയും 2964 മീറ്റർ സ്വകാര്യ ഭൂമിയിലും ചെലവ്: 2134 കോടി രൂപ 2030ഓടെ പൂർത്തിയാകും

## ഹോമിയോ മെഡിക്കൽ കോളേജിൽ നിയമനം

**കോഴിക്കോട്** :ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വകുപ്പിൽ പ്രൊഫസർ തസ്തികയിലും, സർജറി വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും ഉള്ള ഒഴിവുകളിലേക്ക് റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമനം നടത്തുന്നു. കേരളത്തിലെ ഗവ. / എയ്ഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിരമിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി / നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ള അധ്യാപകർക്ക് അപേക്ഷിക്കാം. നവംബർ 15 ന് മുൻപായി പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസ്, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം 695009 എന്ന മേൽവിലാസത്തിൽ അപേക്ഷ ലഭിക്കണം.

## സ്കൂട്ടറിൽ തട്ടിയ ലോറിക്കടിയിൽപ്പെട്ട് യുവതിയ്ക്ക് ദാരുണാന്ത്യം

**കോഴിക്കോട്:** സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന യുവതി ലോറിക്കടിയിൽപ്പെട്ട് മരിച്ചു. കോഴിക്കോട് നല്ലളം സ്വദേശി സുഹറയാണ് മരിച്ചത്. കണ്ണഞ്ചേരിയിൽ പെട്രോൾ പമ്പിന് സമീപത്തായി ഞായറാഴ്ച വൈകീട്ടോടെയാണ് അപകടമുണ്ടായത്. കോഴിക്കോട്ടുനിന്ന് രാമനാട്ടുകര ഭാഗത്തേക്ക് വരികയായിരുന്ന ലോറിയാണ് അപകടമുണ്ടാക്കിയത്. സുഹറയും സ്കൂട്ടറിൽ ഇതേ ദിശയിൽ സഞ്ചരിക്കുകയായിരുന്നു. സ്കൂട്ടറിൽ ലോറി തട്ടിയതിനെത്തുടർന്ന് നിയന്ത്രണം നഷ്ടപ്പെട്ട സുഹറ ലോറിക്കടിയിൽ അകപ്പെട്ടു. യുവതിയുടെ ശിരസ്സിലൂടെ ലോറിയുടെ പിൻചക്രം കയറിയിറങ്ങി

## 16കാരിയുടെ പ്രസവം; പെൺകുട്ടിയുടെ മൊഴി വ്യാജം, ഒന്നിലധികം പേർ പീഡിപ്പിച്ചതായും റിപ്പോർട്ട്

**കോഴിക്കോട്:** ബാലുശ്ശേരിയിൽ ലൈംഗിക പീഡനത്തിനിരയായ പതിനാറുകാരി പ്രസവിച്ചതുമായി ബന്ധപ്പെട്ട കേസിൽ ദുരൂഹത.പാലക്കാട് സ്വദേശിയായ പെൺകുട്ടിയും കുടുംബവും ബാലുശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ വാടകയ്ക്ക് താമസിച്ചുവരികയായിരുന്നു. ആഴ്ചകൾക്ക് മുൻപാണ് പെൺകുട്ടിയെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചതും പ്രസവിച്ചതും. പ്രായപൂർത്തിയാകാത്തതിനാൽ വിവരം ആശുപത്രി അധികൃതർ പോലീസിനെ അറിയിച്ചിരുന്നു.സംഭവത്തിൽ പോക്സോ വകുപ്പ് ചുമത്തി പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. പിന്നീട് പോലീസ് ഉദ്യോഗസ്ഥർ ആശുപത്രിയിലെത്തി പെൺകുട്ടിയുടെയും കുടുംബത്തിന്റെയും മൊഴിയെടുത്തു. ഒരു യുവാവുമായി തന്റെ വിവാഹം നിശ്ചയിച്ചിരുന്നതായും പിന്നീട് ഇയാൾ കോയമ്പത്തൂരിൽ അപകടത്തിൽ മരിച്ചതായും പെൺകുട്ടി മൊഴി നൽകിയിരുന്നു. മരിച്ചയാളാണ് കുഞ്ഞിന്റെ പിതാവെന്നായിരുന്നു മൊഴി. എന്നാൽ പൊലീസ് നടത്തിയ അന്വേഷണത്തിൽ ഇങ്ങനെയൊരു അപകടമരണം കണ്ടെത്താനായില്ല. യഥാർഥ പ്രതിയെ രക്ഷിക്കാൻ പെൺകുട്ടി നുണ പറയുകയാണോ എന്ന സംശയത്തിലാണ് പോലീസ്. പെൺകുട്ടിയെ ഒന്നിലധികം പേർ പീഡിപ്പിച്ചെന്നും പോലീസ് സംശയിക്കുന്നുണ്ട്.

## സ്വത്തിനുവേണ്ടി അമ്മയെ കൊലപ്പെടുത്താൻ ശ്രമം



**കോഴിക്കോട്:** സ്വത്തിനുവേണ്ടി അമ്മയെ കൊലപ്പെടുത്താൻ ശ്രമം. സംഭവത്തിൽ മകനെ അറസ്റ്റ് ചെയ്തു.വേങ്ങേരി കൊടക്കാട് വീട്ടിൽ താമസിക്കുന്ന 76 വയസ്സുള്ള വയോധികയെ വീടും സ്ഥലവും ബാങ്കിലുള്ള ഡിപ്പോസിറ്റും ആവശ്യപ്പെട്ടുകൊണ്ട് മകൻ ഉപദ്രവിക്കുകയായിരുന്നു. വേങ്ങേരി സ്വദേശി കൊടക്കാട് വീട്ടിൽ സലിൽ കുമാറി(50)നെയാണ് ചേവായൂർ പോലീസ് പിടികൂടിയത്. വെള്ളിയാഴ്ച ഉച്ചയ്ക്ക് വയോധിക മുറിയിലിരിക്കുമ്പോൾ പ്രതി വാതിൽ തള്ളിത്തുറന്ന് ചീത്തവിളിക്കുകയും വീടും സ്ഥലവും ബാങ്കിലുള്ള ഡിപ്പോസിറ്റും എഴുതിത്തരണമെന്നു പറഞ്ഞ് കൈകൊണ്ട് വയോധികയുടെ നെഞ്ചത്തുകുത്തുകയും മുഖത്തടിക്കുകയുമായിരുന്നെന്ന് പോലീസ് പറഞ്ഞു. വീട്ടിലെ ബഹളംകേട്ട് ഓടിയെത്തിയ അടുത്തവീട്ടിലെ യുവാവ് പ്രതിയെ പിടിച്ചുമാറ്റി.തുടർന്ന്, വയോധികയുടെ പരാതിയിൽ ചേവായൂർ പോലീസ് കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തുകയായിരുന്നു. പ്രതിയെ വേങ്ങേരിയിൽനിന്നാണ് അന്വേഷണസംഘം കസ്റ്റഡിയിലെടുത്തത്.സ്വത്ത് ഇപ്പോൾ എഴുതിത്തരില്ലെന്നുപറഞ്ഞപ്പോൾ റൂമിലുണ്ടായിരുന്ന നിലവിളക്കുകൊണ്ട് വയോധികയുടെ തലയ്ക്കടിക്കാൻശ്രമിച്ചെന്നും പോലീസ് പറഞ്ഞു.

## കമ്യൂണിസ്റ്റുകാരുടെ പോരാട്ടം ചരിത്രപാഠം ഉൾക്കൊണ്ട്: കൗർ

**കോഴിക്കോട്:** കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയത്തിനും സാമ്പത്തിക നയങ്ങൾക്കുമെതിരെ കമ്യൂണിസ്റ്റുകാർ പോരാട്ടം നടത്തുന്നത് ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊണ്ടാണെന്ന് സി.പി.ഐ ദേശീയ സെക്രട്ടറി അമർജിത്ത് കൗർ പറഞ്ഞു.കേന്ദ്ര ഫാസിസ്റ്റ് ഭരണകൂടത്തിന്റെ ചതിക്കുഴികളെ കമ്മ്യൂണിസ്റ്റുകാർ കരുതിയിരിക്കണം. അദാനിക്കും അംബാനിക്കും കുത്തക മുതലാളിത്തത്തിനുമെതിരായ പോരാട്ടം ചരിത്രത്തിൽ നിന്നുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണെന്നും അവർ പറഞ്ഞു.



# മുണ്ടക്കൈ–ചൂരൽമല ടൗൺഷിപ്പ്: വൈദ്യുതി വിതരണം ഭൂഗർഭശൃംഖലയിൽ

കല്പറ്റ: മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ അതിജീവിതർക്ക് പുൽപ്പാറയിൽ സർക്കാർ ഒരുക്കുന്ന ടൗൺഷിപ്പിലെ വൈദ്യുതിവിതരണം അത്യാധുനിക സംവിധാനത്തോടെ. വൈദ്യുതത്തൂണുകൾക്കും വിതരണലൈനിനും പകരമായി ഭൂഗർഭ വൈദ്യുത വിതരണ ശൃംഖലയാണുള്ളത്. ടൗൺഷിപ്പിലെ വീട്, വഴി, വൈദ്യുതി തുടങ്ങിയ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

റോഡ് നിർമാണത്തിനൊപ്പം ഭൂഗർഭ വൈദ്യുതി വിതരണത്തിനുള്ള കേബിൾ വലിക്കുന്നതിനുള്ള കുഴികളെടുക്കുന്ന പ്രവൃത്തി നടക്കുന്നു. ടൗൺഷിപ്പിനുള്ളിൽ നിർമിക്കുന്ന 110 കെവി സബ്സ്റ്റേഷനിൽനിന്ന് 11 കെവി ലൈൻ ഭൂഗർഭ വിതരണ ശൃംഖലയിലേക്ക് എത്തിച്ചാണ് വീട്, പൊതുകെട്ടിടങ്ങൾ, തെരുവുവിളക്ക് തുടങ്ങിയവയിലേക്കെല്ലാം വൈദ്യുതി എത്തിക്കുക. കുടിവെള്ള വിതരണവും കേബിൾ ഡപ്തുകളിലൂടെയാണ് നടത്തുക. റോഡിന് ഒരുവശത്ത് കേബിൾ ഡപ്ത്തും മറുവശത്ത് ഡ്രെയിനേജും സജ്ജീകരിക്കും. ടൗൺഷിപ്പിനുള്ളിൽ 11.72 കിലോമീറ്ററാണ് റോഡ്.അഞ്ചുസോണുകളിലായി 410 വീടാണ് ടൗൺഷിപ്പിൽ നിർമിക്കുന്നത്. ഒന്നാം സോണിന്റെ അവസാന ഭാഗത്തുനിന്ന് തുടങ്ങുന്ന ടൗൺഷിപ്പിലെ മൂന്നാം കവാടത്തിലൂടെയുള്ള റോഡിൽ കുഴിയെടുത്ത് തുടങ്ങി. 1.20 മീറ്റർ ആഴത്തിലാണ് വൈദ്യുത, കുടിവെള്ള വിതരണത്തിനായുള്ള കുഴിയെടുക്കുന്നത്. എന്നാൽ ഭൂപ്രകൃതിക്ക് അനുസരിച്ച് വ്യത്യസ്ത അളവിലാണ് ഡ്രെയിനേജിനുള്ള കുഴി.



### സോളാറും ഉറപ്പാക്കും

സബ്സ്റ്റേഷനിലൂടെയുള്ള വൈദ്യുതിക്ക് പുറമെ ടൗൺഷിപ്പിലെ എല്ലാ വീടുകളിലും പൊതുകെട്ടിടങ്ങളിലും സോളാർ പാനലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വീടൊന്നിൽ രണ്ടു കിലോവാട്ടിന്റെ സോളാർ പാനലാണ് സ്ഥാപിക്കുക. ഉപയോഗശേഷമുള്ള വൈദ്യുതി കെഎസ്ഇബിക്ക് നൽകി ഗുണഭോക്താക്കൾക്ക് ഇതിലൂടെ വരുമാനം നേടാനുമാകും. ടൗൺഷിപ്പിൽ കെഎസ്ഇബി നിർമിക്കുന്ന 110 കെവി സബ്സ്റ്റേഷനുള്ള ഭൂമി മുൻപ് കൈമാറിയിരുന്നു. 2.34 ഏക്കറാണ് കൈമാറിയത്. ഒന്നാമത്തെ സോണിൽ പ്രവേശനകവാടത്തോട് ചേർന്നാണ് സബ് സ്റ്റേഷൻ.മഴയിലും പ്രവൃത്തി മുടങ്ങിയില്ലപ്രതികൂല കാലാവസ്ഥയെ മറികടന്ന് ടൗൺഷിപ്പ് പ്രവൃത്തി പുരോഗമിക്കുകയാണ്. മാതൃകാ വീട് ഉൾപ്പെടെ 10 വീട് ഇതുവരെ വാർത്തു. 331 വീടിന് നിലമൊരുക്കി. 231 വീടിന് അടിത്തറയായി. 30 വീടിന് പില്ലർ ഉയർന്നു.


## ബത്തേരിയിൽ കടുവയുടെ ആക്രമണത്തിൽ പശുവും പശുക്കിടാവും ചത്തു

ബത്തേരി:നൂൽപ്പുഴ ഏഴേക്കർ കുന്നിൽ കടുവയുടെ ആക്രമണത്തിൽ ഗർഭിണിയായ പശുവും പശുക്കിടാവും ചത്തു. ഏഴേക്കർ കുന്ന് സ്വദേശി നാരായണിയുടെ പശുവിനെയും ഒരു വയസ്സുള്ള കിടാവിനെയുമാണ് കടുവ കൊന്നത്.ഇന്നലെ രാവിലെ 11 മണിയോടെ മേയാൻ കെട്ടിയ സ്ഥലത്തുവെച്ചാണ് ആക്രമണമുണ്ടായത്. ശബ്ദം കേട്ടെത്തിയ നാട്ടുകാരാണ് പശുക്കളെ കടുവ ആക്രമിക്കുന്നത് കണ്ടത്. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ വനംവകുപ്പ് ഉദ്യോഗസ്ഥർ തുടർനടപടികൾ സ്വീകരിച്ചു. പ്രദേശത്ത് കടുവാശല്യം രൂക്ഷമാണെന്നും എത്രയും പെട്ടെന്ന് കൂടുവെച്ച് കടുവയെ പിടികൂടണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.



## മുട്ടിൽ മരംമുറി കേസ്; കർഷകരുടെ അപ്പീൽ തള്ളി

**കൽപ്പറ്റ** :മുട്ടിൽ മരം മുറി കേസിൽ കർഷകർക്ക് എതിരെ റവന്യൂ വകുപ്പ് നീക്കം. 29 കർഷകരുടെ അപ്പീൽ അപാകത ആരോപിച്ചു തള്ളി. ഈ 29 കർഷകരുടെ ഭൂമിയിൽ നിന്നാണ് അഗസ്റ്റിൻ സഹോദരന്മാർ മരം മുറിച്ചിരുന്നത്. ഇവരെ കേസിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സർക്കാറിലേക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. എന്നാൽ ഇതിൽ അപാകതകൾ ഉണ്ടെന്നാണ് ഇപ്പോൾ പറയുന്നത്. രേഖകൾ സഹിതം 15 ദിവസനത്തിനകം അപ്പീൽ നൽകാനാണ് മാനന്തവാടി സബ് കലക്ടർ നോട്ടീസ് നൽകിയിരിക്കുന്നത്.അല്ലാത്തപക്ഷം നടപടിയുമായി മുന്നോട്ട് പോകുമെന്നും നോട്ടീസിൽ മുന്നറിയിപ്പുണ്ട്.ഇതോടെയാണ് ആദിവാസികൾ ഉൾപ്പടെയുള്ള കർഷകർ ആശങ്കയിലായിരിക്കുന്നത്. മുറിച്ച മരത്തിന്റെ പിഴത്തുകയടക്കം സർക്കാറിലേക്ക് അടക്കേണ്ടി വരുമോ എന്ന ആശങ്കയും കർഷകർക്കുണ്ട്. എന്നാൽ കർഷകർ ഈ വിഷയത്തിൽ ആശങ്കപ്പെടേണ്ടെന്നും ഇത് സ്വാഭാവിക നടപടിക്രമങ്ങൾ മാത്രമാണെന്നുമാണ് റവന്യു അധികൃതരുടെ വിശദീകരണം.2020 – 21ലാണ് മുട്ടിലിൽ നടന്ന കോടികളുടെ അനധികൃത മരംമുറി നടന്നത്.



## സൗജന്യ മെഡിക്കൽ ക്യാമ്പ്

**മാനന്തവാടി:** റോട്ടറി ഇന്റർനാഷണലിന്റെയും,ലിയോ മെട്രോ ആശുപത്രിയുടേയും സഹകരണത്തോടെ ജന്മനാ ഹൃദയ വൈകല്യമുള്ള കുട്ടികൾക്ക് ഒരു രോഗിക്ക് ഒന്നരലക്ഷത്തോളം രൂപ ചെലവുവരുന്ന പ്രോസിജീയർ തികച്ചും സൗജന്യമായി ചെയ്യുന്നതിന്റെ മുന്നോടിയായി 2025 നവംബർ മാസം 1-ാം തീയതി ശനിയാഴ്ച മൂന്ന് മണി മുതൽ അഞ്ച് മണി വരെ വിദഗ്ദ ഡോക്ടർമാർ മാനന്തവാടി സെന്റ് ജോസഫ് മിഷൻ ആശുപത്രിയിൽവച്ച് പരിശോധന നടത്തുന്നു. ഈ സുവർണ്ണാവസരം എല്ലാവരും പരമാവധി ഉപയോഗപ്പെടുത്തണമെന്ന് റോട്ടറി കബനിവാലി മാനന്തവാടി പ്രസിഡണ്ട് ഷാജി എബ്രഹാം, ജോൺസൺ ജോൺ, ജിൻസ് ഫാന്റസി, ഷിബി നെല്ലിച്ചുവട്ടിൽ എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9074375635,9447219141 , 9447263035 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.



## പാൽച്ചുരത്തിൽ ലോറി കൊക്കയിലേക്ക് മറിഞ്ഞു ഒരാൾ മരിച്ചു; ഒരാൾക്ക് പരിക്ക്

**പാൽച്ചുരം:** പാൽച്ചുരത്തിൽ ലോറി കൊക്കയിലേക്ക് മറിഞ്ഞു. അപകടത്തിൽ ലോറി ഡ്രൈവർ തമിഴ്നാട് സ്വദേശി സെന്തിൽ കുമാർ (54) മരണപ്പെട്ടു. സഹയാത്രികനായ സെന്തിൽ (44) നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. കമ്പിയുടെ കേബിൾ കയറ്റി കാസർകോഡേക്ക് പോകുന്ന തിനിടെ രാത്രി 11.30 ഓടെയായിരുന്നു അപകടം. നിയന്ത്രണം വിട്ട ലോറി നൂറടിയോളം താഴ്ചയിലേക്ക് പതിച്ചു. ഇതിനിടയിൽ ലോറിയിലുണ്ടായി രുന്ന സഹായി സെന്തിൽ ചാടി രക്ഷപ്പെടുകയായിരുന്നു. തുടർന്ന് മാന ന്തവാടിയിൽ നിന്നുള്ള അഗ്നിരക്ഷാ സേനയും, പോലീസും, നാട്ടുകാരും രക്ഷാപ്രവർത്തനം നടത്തിയെങ്കിലും ലോറിയിൽ കുടുങ്ങിയ ഡ്രൈവർ സെന്തിൽ കുമാറിനെ രക്ഷിക്കാൻ കഴിഞ്ഞില്ല. അഗ്നി രക്ഷാ സേനാംഗങ്ങൾ ഏറെ പരിശ്രമിച്ചാണ് ഡ്രൈവറെ പുറത്തെടുത്തത്. മൃതദേഹംമാന ന്തവാടി മെഡിക്കൽ കോളേജിൽ നടന്ന പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടു നൽകി

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആൻഡ് റിസേർച്ചിന്റെ നിലവാരം ഉയർത്തുന്നതിന് ഇടപെടണമെന്നാവശ്യപ്പെട്ട് പ്രിയങ്ക ഗാന്ധി എം.പി

**കൽപറ്റ:** സുൽത്താൻ ബത്തേരി, ചെതലയത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആൻഡ് റിസേർച്ചിന്റെ നിലവാരം ഉയർത്തുന്നതിനുള്ള കാലിക്കറ്റ് സർവകലാശാലയുടെ ശുപാർശ നടപ്പാക്കുന്നതിന് കേന്ദ്ര ട്രൈബൽ വകുപ്പ് മന്ത്രി ധർമ്മേന്ദ്ര പ്രാധാന് കത്തയച്ച് പ്രിയങ്ക ഗാന്ധി എം.പി. ഗോത്ര വിഭാഗത്തിലെ വിദ്യാർത്ഥികളുടെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കുന്നതിനാണ് പഠന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. കേരളത്തിലെ ഏറ്റവും അധികം ആദിവാസി ജനസംഖ്യയുള്ള വയനാട്ടിലെയും പരിസര പ്രദേശങ്ങളിലെയും വിദ്യാർത്ഥികൾ ഗോത്ര മേഖലയിലെ പാരമ്പര്യ അറിവും സംസ്കാരവും പഠിക്കുന്നതിനും സംരക്ഷിക്കുന്നതിനും സഹായകമാവുന്നതാണ് ഇൻസ്റ്റിറ്റ്യൂട്ട്. പത്തര ഏക്കർ ഉള്ള കാമ്പസിന്റെ നവീകരണവും അധിക കോഴ്സുകളും പരിപാടികളും അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണവും കരിയർ അഡ്വാൻസ്മെന്റും പരിശീലന കേന്ദ്രവും ഉൾപ്പെടുന്ന വിശദമായ പദ്ധതിയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി സമർപ്പിച്ചിട്ടുള്ളതെന്ന് കത്തിൽ ചൂണ്ടിക്കാണിക്കുന്നു. രാഹുൽ ഗാന്ധി എം.പി. ആയിരിക്കുമ്പോൾ 2022 ൽ അന്നത്തെ കേന്ദ്ര ട്രൈബൽ വകുപ്പ് മന്ത്രിയുമായി വിഷയം ഉന്നയിച്ചപ്പോൾ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിരുന്നുവെന്നാണ് മറുപടി ലഭിച്ചത്. 2023 ൽ വിഷയം രാഹുൽ ഗാന്ധി പാർലമെന്റിൽ ഉന്നയിച്ചപ്പോൾ ട്രൈബൽ വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമാക്കാൻ സാധിക്കുമോ എന്ന് ആരാഞ്ഞിട്ടുണ്ടെന്നാണ് ബന്ധപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ഇത് സംബന്ധിച്ച ഇന്നത്തെ അവസ്ഥ അറിയിക്കണമെന്നും മന്ത്രിയുടെ നേരിട്ടുള്ള ഇടപെടൽ വേണമെന്നും പ്രിയങ്ക ഗാന്ധി എം.പി. കത്തിൽ ആവശ്യപ്പെട്ടു.



## കണ്ണൂർ

# കീഴല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രം ഇനി കുടുംബാരോഗ്യകേന്ദ്രം

**കണ്ണൂർ:** കീഴല്ലൂർ ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി മാറുന്നു. നവീകരിച്ച കുടുംബാരോഗ്യ കേന്ദ്രം ഒക്ടോബർ 29 ന് ആരോഗ്യമന്ത്രി വീണാ ജോർജ് ഓൺലൈനായി ഉദ്ഘാടനം ചെയ്യും. കെ.കെ ശൈലജ ടീച്ചർ എം.എൽ.എ അധ്യക്ഷയാവും.കുടുംബാരോഗ്യ കേന്ദ്രമായി ഉയരുന്നതോടെ ജനറൽ ഒ.പി, ലാബ് സൗകര്യം, പാപ്സ്മിയർ പരിശോധന, ശ്വാസ്, ആശ്വാസ ക്ലിനിക്കുകൾ, കുത്തിവെപ്പ് സേവനങ്ങൾ, ഗർഭിണികൾക്കുള്ള പരിപാലനം, കാഴ്ച പരിശോധന (മാസത്തിൽ ഒരിക്കൽ), ആരോഗ്യ വിദ്യാഭ്യാസം, കൗൺസിലിംഗ്, സ്കൂൾ ആരോഗ്യ സേവനങ്ങൾ, കുടുംബക്ഷേമ മാർഗനിർദേശങ്ങൾ, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ, ക്ഷയരോഗ ചികിത്സ, കൗമാര-വാർധക്യ ബോധവൽക്കരണം, ദുരിത നിയന്ത്രണ പ്രവർത്തനങ്ങൾ, ആർ ബി എസ് കെ, ജെ എസ് എസ് കെ പദ്ധതികൾ, എല്ലാ ദിവസവും എൻ സി ഡി ക്ലിനിക് തുടങ്ങി നിരവധി സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാകും.കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് ആവശ്യമായ മിനിമം സ്റ്റാഫ് പാറ്റേൺ നിലവിൽ ഒരുക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഒരു ഡോക്ടറെയും ഒരു നഴ്സിംഗ് ഓഫീസറെയും അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം പഞ്ചായത്ത് പ്രൊജക്ട് മുഖേനയും ആശുപത്രി വികസന സമിതിയുടെയും സഹകരണത്തോടെ അധിക ജീവനക്കാരെയും നിയമിച്ചു.

# സൂപ്പർ ലീഗ് കേരള ഫുട്ബോൾ നവംബർ 7 മുതൽ കണ്ണൂരിൽ; സംഘാടക സമിതി രൂപീകരണം ഒക്ടോബർ 31 ന്

**കണ്ണൂർ:** സൂപ്പർ ലീഗ് കേരള ഫുട്ബോൾ നവംബർ 7 മുതൽ കണ്ണൂർ മുൻസിപ്പിൾ ജവഹർ സ്റ്റേഡിയത്തിൽ നടക്കും. കണ്ണൂർ വാരിയേഴ്സിന്റെ ഹോം ഗ്രൗണ്ടായ ജവഹർ സ്റ്റേഡിയത്തിൽ ഫോഴ്സ കൊച്ചി, തൃശൂർ മാജിക് എഫ്സി, മലപ്പുറം എഫ്സി, കാലിക്കറ്റ് എഫ്സി, തിരുവനന്തപുരം കൊമ്പൻസ് എന്നീ ടീമുകൾക്കെതിരെ ഏറ്റുമുട്ടും. അഞ്ച് മത്സരങ്ങളായിരിക്കും കണ്ണൂരിൽ നടക്കുക. വിവിധ ഗ്രൗണ്ടുകളിലായി ആകെ 30 ലീഗ് റൗണ്ട് മൽസരങ്ങളും സെമി ഫൈനൽ, ഫൈനൽ മത്സരങ്ങളുമായിരിക്കും നടക്കുന്നത്. ജവഹർ സ്റ്റേഡിയത്തിൽ 15,000 ത്തോളം കാണികളെയാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. കണ്ണൂരിലെ മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിനുള്ള സംഘാടക സമിതി രൂപീകരണ യോഗം ഒക്ടോബർ 31 ന് 4 മണിക്ക് ചേമ്പർ ഓഫ് കോമേഴ്സ് ഹാളിൽ നടത്താൻ തീരുമാനിച്ചു. ആലോചനാ യോഗത്തിൽ ജില്ലാ സ്പോർട്സ് കൗൺസിൽ മുൻ വൈസ് പ്രസിഡന്റ് എം കെ നാസർ അധ്യക്ഷനായി. കണ്ണൂർ വാരിയേഴ്സ് ക്ലബ്ബ് ചെയർമാൻ ഡോ. എംപി ഹസ്സൻ കുഞ്ഞി ഖത്തറിൽ നിന്ന് ഓൺലൈനായി പങ്കെടുത്തു. വാരിയേഴ്സ് ക്ലബ്ബ് ഡയരക്ടർ മുഹമ്മദ് സാലി, ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് പ്രൊഫ. പി കെ ജഗനാഥൻ, വെങ്കിടേഷ് രാമകൃഷ്ണൻ, പി കെ ബൈജു, ഷാഹിൻപള്ളിക്കണ്ടി, പികെ വേലായുധൻ, സി സെയ്ദ്, പിടികെ റെയിസ് തുടങ്ങിയവർ സംസാരിച്ചു.

# കല്യാശ്ശേരി മണ്ഡലത്തിലെ മുഴുവൻ സ്കൂളുകൾക്കും ലാപ്ടോപ്പ് വിതരണം ചെയ്തു

**കല്യാശ്ശേരി :**കല്യാശ്ശേരി മണ്ഡലത്തിലെ മുഴുവൻ സ്കൂളുകൾക്കും അനുവദിച്ച ലാപ്ടോപ്പുകളുടെ വിതരണോദ്ഘാടനം എം വിജിൻ എം എൽ എ നിർവഹിച്ചു. സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സർക്കാർ എയ്ഡഡ് മേഖലയിലെ എൽ പി - യു പി സ്കൂളുകൾക്ക് ലാപ് ടോപ്പുകളും ഗവ. ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 12 ലക്ഷം രൂപയുടെ ഹൈടെക് സ്മാർട്ട് ക്ലാസ്സുകളുമാണ് അനുവദിച്ചത്. ഇതിനായി എം വിജിൻ എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും രണ്ടര കോടി രൂപയാണ് ചെലവഴിച്ചത്. എരിപുരം മാടായി ബാങ്ക് പിസിസിസി ഹാളിൽ നടന്ന പരിപാടിയിൽ എസ് എസ് കെ ജില്ലാ പ്രൊജക്ട് ഓഫീസർ ഇ സി വിനോദ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡണ്ടുമാരായ എം ശ്രീധരൻ, ടി നിഷ, ടി സുലജ, എ പ്രാർത്ഥന, കെ രതി, കല്യാശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി നിഷ, മാടായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഡോ കെ പി സംഗീത, പാപ്പിനിശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ജാൻസി, എസ് എസ് കെ ജില്ലാ പ്രോഗ്രാം ഓഫീസർ ഡോ രാജേഷ് കടന്നപ്പള്ളി, പ്രിൻസിപ്പാൾ ഫോറം കൺവീനർ കെ ആർ ശ്രീലത, എച്ച് എം ഫോറം കൺവീനർ ടി വി സതീഷ് ചന്ദ്രൻ കല്യാശ്ശേരി മണ്ഡലം സമഗ്ര വിദ്യാഭ്യാസ പദ്ധതി കൺവീനർ സി വി സുരേഷ് ബാബു, മാടായി ബിപിസി എ.വി വിനോദ് കുമാർ എന്നിവർ പങ്കെടുത്തു.

# നെടുങ്ങോം ഹയർ സെക്കൻഡറി സ്കൂൾ പുതിയ കെട്ടിടം സ്പീക്കർ ഉദ്ഘാടനം ചെയ്തു



**നെടുങ്ങോം :**ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിടം നിയമസഭാ സ്പീക്കർ അഡ്വ. എ.എൻ ഷംസീർ ഉദ്ഘാടനം ചെയ്തു. വിദ്യാർഥികൾ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ചെറിയ പ്രായത്തിൽ ശീലിക്കേണ്ടതാണെന്നും അതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയുമെന്നും സ്പീക്കർ പറഞ്ഞു.നാല് കോടി രൂപ ചെലവിൽ മൂന്നു നിലകളിലായി നിർമിച്ച കെട്ടിടത്തിൽ ആറ് ക്ലാസ് മുറികൾ, പ്രിൻസിപ്പൽ റൂം, സ്റ്റാഫ് റൂം, കമ്പ്യൂട്ടർ ലാബ്, ബയോളജി ലാബ്, ഗേൾസ് റൂം, ലൈബ്രറി, എൻ എസ് എസ് റൂം, ടോയ്ലറ്റ്, ലിഫ്റ്റ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനായിരുന്നു പദ്ധതിയുടെ നിർമാണ ചുമതല.അഡ്വ. സജീവ് ജോസഫ് എം എൽ എ അധ്യക്ഷനായി. ശ്രീകണ്ഠാപുരം നഗരസഭ അധ്യക്ഷ ഡോ. കെ.വി ഫിലോമിന ടീച്ചർ, സ്ഥിരം സമിതി അധ്യക്ഷരായ ത്രേസ്യാമ്മ മാത്യു, പി.പി ചന്ദ്രാംഗതൻ മാസ്റ്റർ, കൗൺസിലർമാരായ വി.സി രവീന്ദ്രൻ, കെ.ഒ പ്രദീപൻ, കണ്ണൂർ ആർ ഡി ഡി എ.കെ വിനോദ് കുമാർ, ഡിഡിഇ ഡി ഷൈനി, തളിപ്പറമ്പ് ഡിഇഒ എസ് വന്ദന, പ്രിൻസിപ്പൽ ബോബി മാത്യു, പ്രധാനാധ്യാപിക പി എൻ ഗീത, പിടിഎ പ്രസിഡന്റുമാരായ കെ ഭാസ്കരൻ, എം.എം ലിജി, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# മണക്കടവ് കുടുംബാരോഗ്യ കേന്ദ്രം നാടിനു സമർപ്പിച്ചു

**ഉദയഗിരി:**ഗ്രാമ പഞ്ചായത്തിലെ മണക്കടവ് കുടുംബാരോഗ്യ കേന്ദ്രം നിയമസഭാ സ്പീക്കർ അഡ്വ. എ എൻ. ഷംസീർ നാടിനു സമർപ്പിച്ചു. അഡ്വ. സജീവ് ജോസഫ് എം എൽ എ അധ്യക്ഷത വഹിച്ചു.ഉദയഗിരി പഞ്ചായത്തിലെ മണക്കടവിൽ 1.56 കോടി ചെലവിലാണ് പ്രാഥമികാരോഗ്യകേന്ദ്രം നിർമ്മിച്ചത്. നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടുപയോഗിച്ച് നിർമിച്ച കെട്ടിടത്തിൽ രജിസ്ട്രേഷൻ കൗണ്ടർ, പ്രീ ചെക്കപ്പ് മുറി, ഇ.സി.ജി, ഒ.പി, നഴ്സിങ് സ്റ്റേഷൻ, ഫാർമസി, ലാബ്, ഒബ്സർവേഷൻ മുറികൾ തുടങ്ങിയവ പ്രവർത്തിക്കും. ബേസ് മെന്റ് ഫ്ലോറിൽ കോൺഫറൻസ് ഹാളും ഒരുക്കിയിട്ടുണ്ട്.ഉദയഗിരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എസ് ചന്ദ്രശേഖരൻ, വൈസ് പ്രസിഡന്റ് ബിന്ദു ഷാജു, സ്ഥിരസമിതി അധ്യക്ഷരായ കെ ടി സുരേഷ് കുമാർ, കെ എസ് അബിഷ , ഷീജ വിനോദ്, തളിപ്പറമ്പ് ബ്ലോക്ക് അംഗങ്ങളായ സരിത ജോസ്, ഗിരിജാമണി ടീച്ചർ, ഉദയഗിരി ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ വി സി പ്രകാശ്, ടോമി കാടൻകാവിൽ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പിയുഷ് എം നമ്പൂതിരിപ്പാട്, ഡിപിഎം പി കെ അനിൽകുമാർ, സിഡിഎസ് ചെയർപേഴ്സൺ സൂര്യ പ്രകാശ്, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# വിജ്ഞാനകേരളം തൊഴിൽമേള; 35 പേർക്ക് നിയമനം

**കണ്ണൂർ:** വിജ്ഞാനകേരളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടത്തിയ പ്ലേസ്മെന്റ് ഡ്രൈവിൽ 35 പേർക്ക് നിയമനം. അപ്പോളോ ടയേഴ്സ് ചെന്നൈ യൂണിറ്റിലെ പ്രൊഡക്ഷൻ ട്രെയിനി തസ്തികയിലേക്കാണ് നിയമനം. ഐ ടി ഐ, പോളിടെക്നിക്, ബി ടെക് ബിരുദധാരികൾക്കായിരുന്നു അവസരം. ഡി ഡബ്ല്യു എം എസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിരുന്ന 61 ഉദ്യോഗാർഥികളാണ് താലൂക്ക് കോൺഫറൻസ് ഹാളിൽ നടന്ന തൊഴിൽമേളയിൽ പങ്കെടുത്തത്. തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർഥികൾ ചെന്നൈയിൽ നടക്കുന്ന മെഡിക്കൽ പരിശോധനയ്ക്ക് ശേഷം നവംബർ രണ്ടാം വാരത്തോടെ ജോലിയിൽ പ്രവേശിക്കും.




# തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാകണം വനിതാ കമ്മീഷൻ

**കണ്ണൂർ:** വിദ്യാസമ്പന്നരായ സ്ത്രീകൾ പോലും തൊഴിലിടങ്ങളിൽ ചൂഷണത്തിന് വിധേയരാകുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് കൃത്യമായ വേതനം നൽകുന്നതിൽ വിട്ടുവീഴ്ച വരുത്തുന്ന പ്രവണത വനിതാ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇതിനെതിരെ കമ്മീഷൻ ശക്തമായ നടപടി സ്വീകരിക്കുമെന്നും സംസ്ഥാന വനിതാ കമ്മീഷൻ അംഗം പി കുഞ്ഞായിഷ പറഞ്ഞു. . കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ വനിതാ കമ്മീഷൻ അദാലത്തിനുശേഷം സംസാരിക്കുകയായിരുന്നു കമ്മീഷൻ അംഗം. കുടുംബപരമായ വിഷയങ്ങൾ, അതിർത്തി-വഴി തർക്കങ്ങൾ, അയൽവാസികൾ തമ്മിലുള്ള പ്രശ്നങ്ങൾ തുടങ്ങിയവ ബാഹ്യ ഇടപെടലുകൾ മൂലം പരിഹരിക്കാൻ കഴിയാത്ത സാമൂഹിക പ്രശ്നങ്ങളായി വളരുന്ന സാഹചര്യത്തിൽ, അവ തുടക്കത്തിൽ തന്നെ പരിഹരിക്കാൻ ജാഗ്രതാ സമിതികളുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.കുടുംബപരമായ വിഷയങ്ങൾ പൊതുസമൂഹത്തിൽ വലിയ പ്രശ്നങ്ങളായി വളരുന്നത് ഒഴിവാക്കാൻ ഓരോ പഞ്ചായത്തുകളിലുമുള്ള ജാഗ്രതാ സമിതികൾക്ക് സാധിക്കും. ഇത്തരം പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന് ആവശ്യമായ പരിശീലനങ്ങൾ വനിതാ കമ്മീഷൻ ഇതിനോടകം സമിതികൾക്ക് നൽകിയിട്ടുണ്ട്.കുടുംബപ്രശ്നങ്ങളിൽ ഇടപെടുന്നതിന് ജാഗ്രതാ സമിതികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ള പശ്ചാത്തലത്തിൽ, സമിതികൾ നല്ല രീതിയിൽ പ്രവർത്തിക്കണം. ജാഗ്രതാ സമിതികളും മറ്റ് നിയമ സഹായ സംവിധാനങ്ങളും പരമാവധി പ്രയോജനപ്പെടുത്തുവാൻ പൊതുജനങ്ങളും തയ്യാറാകണമെന്നും കമ്മീഷൻ അഭ്യർത്ഥിച്ചു.കാസർകോട് തിങ്കളാഴ്ച നടത്തിയ സിറ്റിങ്ങിൽ 23 പരാതികൾ പരിഗണിച്ചു. ഇതിൽ ഒരെണ്ണം തീർപ്പാക്കി. ഒരു പരാതി ജാഗ്രത സമിതിയിലേക്ക് അയച്ചിട്ടുണ്ട്.ഒരു പരാതി സെക്രട്ടറിയുടെ റിപ്പോർട്ടിനു വേണ്ടി അയച്ചിട്ടുണ്ട്.20 പരാതികൾ അടുത്ത അദാലത്തിലേക്ക് മാറ്റിവെച്ചു. അഡ്വ. ഇന്ദിരവതി , കൗൺസിലർ രമ്യ മോൾ,എ എസ് ഐ സുപ്രഭ , എന്നിവരും അദാലത്തിൽ പങ്കെടുത്തു. കുടുംബ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികളും, വഴിതർക്കങ്ങൾ, തൊഴിലിടങ്ങളിലെ വേതന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികളും ലഭിച്ചു.

# കൊട്ടിയൂർ സ്പെഷ്യൽ പ്രൊജക്റ്റ് : വിവരശേഖരണം ആരംഭിച്ചു

**കൊട്ടിയൂർ :**ഗ്രാമപഞ്ചായത്തിലെ പണിയ മേഖലയിലെ കുടുംബങ്ങളെ കേന്ദ്രീകരിച്ച് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം ആരംഭിച്ചു. ഓരോ കുടുംബങ്ങളുടെയും അവസ്ഥ വിശകലനം ചെയ്ത് അവർക്ക് അനുയോജ്യമായ പ്ലാൻ തയ്യാറാക്കുകയാണ് പദ്ധതി. ഇതിന്റെ ആദ്യ ഘട്ടമായാണ് കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച വിവര ശേഖരണം. ഇതിലൂടെ ലഭിക്കുന്ന വസ്തുതകൾ ഉന്നതി തലത്തിൽ വിശകലനം ചെയ്ത് പഞ്ചായത്ത് തലത്തിൽ മൈക്രോ പ്ലാൻ രൂപപ്പെടുത്തും. .കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ 194 വീടുകളിലായി 269 പണിയ കുടുംബങ്ങളാണുള്ളത്. ഇത്രയും കുടുംബങ്ങളുടെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ആവശ്യമായ മേഖലകളിൽ സേവനം ലഭ്യമാക്കുകയാണ് ലക്ഷ്യം. കുടുംബശ്രീ പ്രവർത്തനങ്ങൾ ഇതോടൊപ്പം വ്യാപിപ്പിക്കുകയും നൂതന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും. കൊട്ടിയൂരിൽ നടന്ന മൈക്രോ പ്ലാൻ എന്യൂമറേറ്റർമാർക്കുള്ള പരിശീലനത്തിൽ സംസ്ഥാന പ്രോഗ്രാം മാനേജർ പ്രഭാകരൻ ക്ലാസെടുത്തു. സി ഡി എസ് ചെയർപേഴ്സൺ ബീന പുതുശ്ശേരി, വൈസ് ചെയർപേഴ്സൺ പുഷ്പ കുമാരി, അസി. ജില്ലാ മിഷൻ കോഓർഡിനേറ്റർ കെ വിജിത്ത്, ജില്ലാ പ്രോഗ്രാം മാനേജർ പി വിനേഷ്, അനിമേറ്റർ കോഓർഡിനേറ്റർ ജോബി രാഘവൻ, മെന്റർമാർ, അനിമേറ്റർമാർ എന്നിവർ പങ്കെടുത്തു.

# ചുഴലി ഹയർസെക്കൻഡറി സ്കൂൾ പുതിയ കെട്ടിടം സ്പീക്കർ ഉദ്ഘാടനം ചെയ്തു

**ചുഴലി :**ഗവ. ഹയർ സെക്കൻഡറി സ്കൂളിനായി നിർമിച്ച പുതിയ കെട്ടിടം നിയമസഭാ സ്പീക്കർ അഡ്വ. എ.എൻ ഷംസീർ ഉദ്ഘാടനം ചെയ്തു. സ്കൂളുകളിൽ ആധുനിക ലൈബ്രറികൾ ഒരുക്കണമെന്നും വിദ്യാർഥികൾ വായിച്ച് വളരണമെന്നും സ്പീക്കർ പറഞ്ഞു.സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി കിഫ്ബി വഴി 3.4 കോടി രൂപയാണ് സ്കൂൾ കെട്ടിടത്തിനായി അനുവദിച്ചത്. മൂന്ന് നിലകളുള്ള കെട്ടിടത്തിന്റെ ഓരോ നിലയിലും ആറ് വീതം ക്ലാസ് മുറികളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റുകളും ഒരുക്കിയിട്ടുണ്ട്. കില പി എം യു നിർമാണ ചുമതല നിർവഹിച്ച കെട്ടിടത്തിന്റെ മേൽനോട്ട ചുമതല ചെങ്ങളായി ഗ്രാമപഞ്ചായത്താണ് നിർവഹിച്ചത്.അഡ്വ. സജീവ് ജോസഫ് എം എൽ എ അധ്യക്ഷനായി. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ രത്നകുമാരി മുഖ്യാതിഥിയായി. ചെങ്ങളായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.പി മോഹനൻ, വൈസ് പ്രസിഡന്റ് കെ.എം ശോഭന ടീച്ചർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ എൻ നാരായണൻ, ജനാർദ്ദനൻ കൊയ്യം, കില അസി. പ്രൊജക്ട് എഞ്ചിനീയർ കീർത്തന, പ്രിൻസിപ്പൽ കെ.കെ പ്രേമരാജൻ, പ്രധാനാധ്യാപകൻ മണി കുന്നിൽ, സ്റ്റാഫ് സെക്രട്ടറിമാരായ കെ സഹദേവൻ, സനൂജ സെബാസ്റ്റ്യൻ, പി ടി എ പ്രസിഡന്റുമാരായ ഇ.കെ ബാലകൃഷ്ണൻ, പി.വി കവിത, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## കാസർഗോഡ്

## പ്രാദേശിക വാർത്തകൾ

# പോലീസ് മർദനം ഫോണിൽ പകർത്തിയ പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് നേരെ പോലീസ് അതിക്രമം

**കാസർകോട്:** മൊഗ്രാലിൽ നാട്ടുകാരെ പോലീസ് മർദിക്കുന്ന ദൃശ്യങ്ങൾ ഫോണിൽ പകർത്തിയ 17 കാരനെ ക്രൂരമായി മർദിച്ച് കുമ്പള പോലീസ്. പരാതിയുമായി സ്റ്റേഷനിലെത്തിയ കുട്ടിയെയും മാതാപിതാക്കളെയും കേസിൽ പ്രതി ചേർക്കാനും ശ്രമിച്ചതായി പരാതി.ഒക്ടോബർ 17നായിരുന്നു കേസിനാസ്പദമായ സംഭവം. കലോത്സവത്തിനിടയിലുണ്ടായ വാക്കുതർക്കം അടിപിടിയിലേക്ക് നീങ്ങുകയും റോഡിലേക്ക് തർക്കം നീളുകയും ചെയ്തതോടെയാണ് കുമ്പള പോലീസ് സ്ഥലത്തെത്തിയത്. എന്നാൽ സംഭവുമായി യാതൊരു ബന്ധവുമില്ലാത്ത നാട്ടുകാരെയും പോലീസ് മർദിച്ചുവെന്നാണ് ആരോപണം. ഈ ദൃശ്യങ്ങൾ പകർത്തിയ പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് നേരെയും പോലീസ് അതിക്രമം അഴിച്ചുവിട്ടു. കുട്ടികൾ ദൃശ്യങ്ങൾ പകർത്തിയത് ശ്രദ്ധയിൽപ്പെട്ട പോലീസ് ഇവർക്ക് സമീപമെത്തുകയും ലാത്തി കൊണ്ട് മർദിക്കുകയുമായിരുന്നുവെന്നും മർദനമേറ്റ 17കാരൻ പറയുന്നു. പരിക്കേറ്റ 17 കാരനെ അടുത്ത ബന്ധുവെത്തിയാണ് ആശുപത്രിയിലെത്തിച്ചത്. ആശുപത്രി അധികൃതർ വിഷയം പോലീസിൽ അറിയിക്കണമെന്ന് ആവശ്യപ്പെടുകയും വിഷയം പോലീസിൽ അറിയിക്കുകയും ചെയ്തു. രണ്ടു ദിവസം കഴിഞ്ഞ് പോലീസ് സ്റ്റേഷനിൽ നിന്നും വിളിപ്പിച്ചതിനെ തുടർന്ന് കുട്ടിയും മാതാപിതാക്കളും സ്റ്റേഷനിലെത്തി. മൊഴി രേഖപ്പെടുത്താനാവും വിളിച്ചുവരുത്തിയിട്ടുണ്ടാകുയെന്നാണ് കുടുംബം വിചാരിച്ചത്. എന്നാൽ പോലീസ് സ്റ്റേഷനിൽ ഇന്റിമേഷൻ എത്തിയ സമയം ഒപ്പിടാൻ എന്ന വ്യാജേന വിളിച്ചുവരുത്തി വ്യാജകേസിൽ കുടുക്കാൻ ശ്രമിക്കുകയായിരുന്നുവെന്ന് കുടുംബം ആരോപിക്കുന്നു.പതിനേഴുകാരനെയും സുഹൃത്തുക്കളെയും കടയുടെ മുന്നിൽ നിന്നും പോലീസ് പിടിച്ചുകൊണ്ടുപോകുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. സംഭവത്തിൽ കുട്ടിയുടെ കുടുംബം മുഖ്യമന്ത്രിക്കും ജില്ലാ പോലീസ് മേധാവിക്കും മനുഷ്യാവകാശ കമ്മീഷനും പരാതി നൽകിയട്ടുണ്ട്.

# കേന്ദ്ര സർവ്വകലാശാലയിൽ പുതിയ അക്കാഡമിക് ബ്ലോക്ക് 30ന് കേന്ദ്ര മന്ത്രി ജോർജ്ജ് കുര്യൻ തറക്കല്ലിടും

**കാസർകോട്:** കേരള കേന്ദ്ര സർവകലാശാലയിലെ പുതിയ അക്കാഡമിക് ബ്ലോക്കിന് 30 കേന്ദ്ര ന്യൂനപക്ഷ കാര്യ സഹമന്ത്രി ജോർജ്ജ് കുര്യന് തറക്കല്ലിടും. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) പദ്ധതിയിൽ ഉൾപ്പെടുത്തി 52.68 കോടി രൂപയാണ് പുതിയ ബ്ലോക്ക് നിർമ്മിക്കാൻ അനുവദിച്ചതെന്ന് രജിസ്ട്രാർ ഇൻ ചാർജ്ജ് ഡോ.ആർ. ജയപ്രകാശ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. രാവിലെ 10ന് പെരിയ ക്യാമ്പസിന് നടക്കുന്ന പരിപാടിയിൽ വൈസ് ചാൻസലർ പ്രൊഫ. സിദ്ദു പി. അല്ഗുർ അദ്ധ്യക്ഷത വഹിക്കും. രാജ്മോഹൻ ഉണ്ണിത്താൻ എം.പി, സി.എച്ച്. കുഞ്ഞമ്പു എം.എൽ. എ തുടങ്ങിയവർ സംബന്ധിക്കും. 03:48ബിസിനസ് സ്റ്റഡീസ് സ്കൂളിന് കീഴിലുള്ള മനേജ്മെന്റ് സ്റ്റഡീസ്, ടൂറിസം സ്റ്റഡീസ്, കെമേഴ്സ് ആൻഡ് ഇന്റർനാഷണൽ ബിസിനസ് എന്നീ പഠന വിഭാഗങ്ങൾക്കായാണ് നാല് നിലകളിലുള്ള കെട്ടിടം ഒരുങ്ങുന്നത്. 7500 സ്ക്വയർ മീറ്ററിൽ കേരളീയ മാതൃകയിലുള്ള കെട്ടിടത്തിൽ 25 സ്മാർട്ട് ക്ളാസ് റൂം, ഡിപ്പാർട്ടമെന്റൽ ലൈബ്രറി, കമ്പ്യൂട്ടർലാബ്, ഓഫീസ് മുറികൾ, എന്നിവയുണ്ടാകും. 50 കിലോ വാട്ട് സോളാർ പവർ പ്ലാൻഡ്, 1 ലക്ഷം ലിറ്ററിന്റെ മഴവെള്ള സംഭരണി, 500 പേരെ ഉൾക്കൊള്ളുന്ന സെമിനാർഹാൾ തുടങ്ങിയ പ്രത്യേകതയുമുണ്ട്..രജിസ്ട്രാർ ഇൻ ചാർജ് ഡോ.ആർ. ജയപ്രകാശ്, ഫിനാൻസ് ഓഫീസർ ഇൻ ചാർജ്ജ് പ്രൊഫ. രജേന്ദ്ര പിലാങ്കട്ട, പബ്ലിക് റിലേഷൻസ് ഓഫീസർ കെ.സുജിത് എന്നിവർ വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.




# തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാകണം വനിതാ കമ്മീഷൻ

**കാസർഗോഡ്:** വിദ്യാസമ്പന്നരായ സ്ത്രീകൾ പോലും തൊഴിലിടങ്ങളിൽ ചൂഷണത്തിന് വിധേയരാകുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് കൃത്യമായ വേതനം നൽകുന്നതിൽ വിട്ടുവീഴ്ച വരുത്തുന്ന പ്രവണത വനിതാ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇതിനെതിരെ കമ്മീഷൻ ശക്തമായ നടപടി സ്വീകരിക്കുമെന്നും സംസ്ഥാന വനിതാ കമ്മീഷൻ അംഗം പി കുഞ്ഞായിഷ പറഞ്ഞു. . കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ വനിതാ കമ്മീഷൻ അദാലത്തിനുശേഷം സംസാരിക്കുകയായിരുന്നു കമ്മീഷൻ അംഗം. കുടുംബപരമായ വിഷയങ്ങൾ, അതിർത്തി-വഴി തർക്കങ്ങൾ, അയൽവാസികൾ തമ്മിലുള്ള പ്രശ്നങ്ങൾ തുടങ്ങിയവ ബാഹ്യ ഇടപെടലുകൾ മൂലം പരിഹരിക്കാൻ കഴിയാത്ത സാമൂഹിക പ്രശ്നങ്ങളായി വളരുന്ന സാഹചര്യത്തിൽ, അവ തുടക്കത്തിൽ തന്നെ പരിഹരിക്കാൻ ജാഗ്രതാ സമിതികളുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു ഒരു പരാതി ജാഗ്രത സമിതിയിലേക്ക് അയച്ചിട്ടുണ്ട്.ഒരു പരാതി സെക്രട്ടറിയുടെ റിപ്പോർട്ടിനു വേണ്ടി അയച്ചിട്ടുണ്ട്.20 പരാതികൾ അടുത്ത അദാലത്തിലേക്ക് മാറ്റിവെച്ചു. അഡ്വ. ഇന്ദിരവതി , കൗൺസിലർ രമ്യ മോൾ,എ എസ് ഐ സുപ്രഭ , എന്നിവരും അദാലത്തിൽ പങ്കെടുത്തു. കുടുംബ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികളും, വഴിതർക്കങ്ങൾ, തൊഴിലിടങ്ങളിലെ വേതന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികളും ലഭിച്ചു.

# തെരുവുനായ നിയന്ത്രണ പദ്ധതി: വാക്സിനേഷന് തളിപ്പറമ്പിൽ നിന്ന് തുടക്കം

**തളിപ്പറമ്പ്:** ജില്ലയിൽ തെരുവുനായകൾക്ക് വാക്സിനേഷൻ നൽകുന്ന പദ്ധതിക്ക് തളിപ്പറമ്പ് നഗരത്തിൽ തുടക്കമായി.

കോടതി റോഡ്, ബസ് സ്റ്റാൻഡ്, താലൂക്ക് ഓഫീസ്, പോസ്റ്റ് ഓഫീസ്, കാക്കാത്തോട് ബസ് സ്റ്റാൻഡ്, മാർക്കറ്റ് പരിസരങ്ങളിലുൾപ്പെടെ ഉദ്യോഗസ്ഥരും ജീവനക്കാരും എത്തി തെരുവുനായകൾക്ക് വാക്സിൻ നൽകി.

ഡോക്ടർമാരായ മുഹമ്മദ് ബഷീർ, ഹാഫിസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പദ്ധതി നടപ്പിലാക്കിയത്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ വിമൽ, അനീഷും എന്നിവർ ഡോക്ടർമാരുടെ സഹായത്തിനെത്തി. മലപ്പുറത്ത് നിന്ന് എത്തിയ അംഗീകൃത ലൈസൻസുള്ള ജിതേഷിന്റെ നേതൃത്വത്തിലുള്ള നായ പിടിത്തക്കാരാണ് നായകളെ പിടികൂടിയത്. പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.പി.മുഹമ്മദ് നിസാർ സംഘത്തിന് നേതൃത്വം നൽകി.നഗരസഭ ചെയർപേഴ്സൺ മുർഷിദ കൊങ്ങായി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. വൈസ് ചെയർമാൻ കല്ലിങ്കീൽ പത്മനാഭൻ അദ്ധ്യക്ഷത വഹിച്ചു. സ്ഥിരംസമിതി അദ്ധ്യക്ഷരായ പി.പി മുഹമ്മദ് നിസാർ, പി.റജുല, കൗൺസിലർമാരായ ഒ.സുഭാഗ്യം, കെ.രമേശൻ, സി.പി.മനോജ്, റഹ്മത്ത് ബീഗം തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. എം.കെ.ഷബിത സ്വാഗതം പറഞ്ഞു.

സേഫ് ടെയിൽ , സേഫ് തളിപ്പറമ്പ്' പദ്ധതിയുടെ തുടർച്ച നായകളെ തെരുവിൽ നിന്ന് പിടികൂടി അവിടെ വച്ച് തന്നെ വാക്സിൻ നൽകി വിട്ടയക്കുകയാണ് ചെയ്യുന്നത്. വാക്സിൻ നൽകിയവയുടെ കഴുത്തിൽ അടയാളമായി



ബെൽറ്റും കെട്ടി നൽകും.പതിനഞ്ച് ദിവസങ്ങളിലായി മുഴുവൻ വാർഡുകളിലും തെരുവുനായകൾക്ക് വാക്സിൻ നൽകും. പദ്ധതിയുടെ ആദ്യഘട്ടം 'സേഫ് ടെയിൽ, സേഫ് തളിപ്പറമ്പ്' എന്ന പേരിൽ ആഗസ്തിൽ ഉദ്ഘാടനം ചെയ്തിരുന്നു. അന്ന് ഒരു മാസം നീളുന്ന കാമ്പയിനിൽ വളർത്തുനായകൾക്കാണ് കുത്തിവെപ്പ് നൽകിയത്. രണ്ടാംഘട്ടമായാണ് തെരുവനായകൾക്കും വാക്സിൻ നൽകു

# പാണത്തൂർ ഗവ. എച്ച്. എസിന് ഊട്ടുപ്പുര നിർമ്മിക്കണം ബാലാവകാശ കമ്മിഷൻ


**കാസർഗോഡ്:** പാണത്തൂർ ഗവ.എച്ച്.എസിന് ഊട്ടുപ്പുര നിമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബാലാവകാശ കമ്മിഷൻ ഉത്തരവായി. ഊട്ടുപ്പുര നിമ്മിക്കുന്നതുമായി ബന്ധപ്പെട്ട ടെൻഡർ കരാർ നടപടികൾ സ്വീകരിച്ച് മാർച്ച് 31 നകം നിർമാണം പൂർത്തിയാക്കാൻ കമ്മിഷൻ അംഗം ബി.മോഹൻകുമാർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും വിദ്യാഭ്യാസ ഉപ ഡയറക്ടർക്കും നിർദ്ദേശം നൽകി. ഊട്ടുപുര നിർമ്മാണത്തിന് ആവശ്യമായ സ്ഥലം നിജപ്പെടുത്തി നവംബർ 20നകം സെക്രട്ടറിക്ക് റിപ്പോർട്ട് നൽകണം. ഊട്ടുപുര നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കി തരുന്ന സമയത്ത് രണ്ടാം എതിർകക്ഷി നിർമ്മാണ ജോലിക്കാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഊട്ടുപുര നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ അനുവദിച്ച തുകയേക്കാൾ അധികരിക്കുതയാണെങ്കിൽ അത് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കണം.

സ്കൂളിൽ 600 കുട്ടികളാണ് പഠിക്കുന്നത്. ഇതിൽ പകുതിയിലധികവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരാണ്. കുട്ടികൾ കടവരാന്തയിലും, പുഴവക്കിലും, സ്കൂൾ ഗ്രൗണ്ടിലും ഇരുന്നാണ് ഭക്ഷണം കഴിക്കുന്നതെന്നും, ഭക്ഷണം കഴിക്കുന്ന സമയത്ത് തെരുവുനായ്ക്കൾ ആക്രമിക്കാൻ വരാറുണ്ടെന്നും അതിനാൽ കുട്ടികൾക്ക് ഊട്ടുപ്പുര നിർമ്മിച്ച് പ്രശ്ന പരിഹാരം കാണണമെന്നുമുള്ള പാണത്തൂർ സ്വദേശി തമ്പാൻ നൽകിയ പരാതിയിന്മേലാണ് ഉത്തരവ്. കമ്മിഷന്റെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 2012 ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കമ്മിഷന് ലഭ്യമാക്കേണ്ടതാണ്

# ആർത്തവ വേദന കുറയ്ക്കാൻ ഇഞ്ചി

ഇഞ്ചിയിൽ ജിഞ്ചറോൾ പോലുള്ള ബയോ ആക്റ്റീവ് സംയുക്തങ്ങൾ അടങ്ങിയിട്ടുണ്ട്. മോളിക്യൂൾസ് ജേണലിൽ പ്രസിദ്ധീകരിച്ച ഒരു പഠനം ഇഞ്ചിയിൽ ആന്റി-ഇൻഫ്ലമേറ്ററി, ആന്റി ഓക്സിഡന്റ് ഗുണങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തി.ദഹനസംബന്ധമായ പ്രശ്നങ്ങൾക്കുള്ള പ്രതിവിധിയായി കൂടിയാണ് ഇഞ്ചി. ഒരു വ്യക്തിക്ക് ഭക്ഷണം ദഹിപ്പിക്കാൻ എടുക്കുന്ന സമയത്തിൽ ഇഞ്ചി നല്ല സ്വാധീനം ചെലുത്തുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഭക്ഷണത്തിൽ ഇഞ്ചി ചേർക്കുന്നത് വയറുവേദന, വയറുവേദന, വയറുനിറഞ്ഞതായി തോന്നൽ, ഓക്കാനം, ഇറിറ്റബിൾ ബവൽ സിൻഡ്രോം (ഐബിഎസ്) തുടങ്ങിയ ദഹനപ്രശ്നങ്ങളിൽ നിന്ന് മുക്തി നേടാനും സഹായിച്ചേക്കാം.ആർത്തവ വേദന കുറയ്ക്കാൻ ഇഞ്ചി സഹായകമാണ്. ഇഞ്ചിയിൽ ജിഞ്ചറോൾ എന്ന സംയുക്തം ഉണ്ട്, ഇതിന് ആന്റിഓക്സിഡന്റും ആൻറി ഇൻഫ്ലമേറ്ററി ഗുണങ്ങളുമുണ്ട്, ഇത് വയറുവേദന കുറയ്ക്കാൻ സഹായിക്കുകയും ശരീരത്തിലെ ഊർജ്ജം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. മോശം കൊളസ്ട്രോളിന്റെ അളവ് കൂടുന്നത് ഹൃദ്രോഗ സാധ്യത വർദ്ധിപ്പിക്കുന്നു. ഇഞ്ചിയിൽ എൽഡിഎൽ കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കുന്ന ഗുണങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് ജേണൽ ഓഫ് ന്യൂട്രീഷനൽ പ്രസിദ്ധീകരിച്ച പഠനത്തിൽ പറയുന്നു.ശരീരഭാരം കുറയ്ക്കാൻ സഹായിക്കുന്ന പ്രമേഹ വിരുദ്ധ ഗുണങ്ങൾ ഇഞ്ചിയിൽ അടങ്ങിയിരിക്കുന്നു. ഇറാനിയൻ ജേണൽ ഓഫ് ഫാർമസ്യൂട്ടിക്കൽ റിസർച്ചിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ, ദിവസവും ഇഞ്ചി കഴിക്കുന്നത് ടൈപ്പ് 2 പ്രമേഹമുള്ളവരിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് ഗണ്യമായി കുറയുന്നതായി കണ്ടെത്തി. ഇൻസുലിൻ സംവേദനക്ഷമത മെച്ചപ്പെടുത്താനും പ്രമേഹവുമായി ബന്ധപ്പെട്ട സങ്കീർണതകൾ കുറയ്ക്കാനും ഇഞ്ചി സഹായിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.


# പിസ്ത കഴിച്ചാലുള്ള ഗുണങ്ങൾ



ആരോഗ്യത്തിന് ഏറെ ഗുണകരമായ ഒരു നട്സാണ് പിസ്ത. കാത്സ്യം, അയൺ, സിങ്ക് എന്നിവ പിസ്തയിൽ ധാരാളം അടങ്ങിയിട്ടുണ്ട്.ഇത് കൂടാതെ വിറ്റാമിൻ എ, ബി 6, കെ, സി, ഇ എന്നിവയും ഫോസ്ഫറസ്, പ്രോട്ടീൻ തുടങ്ങിയവയും പിസ്തയിൽ ധാരാളമായി അടങ്ങിയിട്ടുണ്ട്. ഫൈബർ ധാരാളം അടങ്ങിയ പിസ്ത കഴിക്കുന്നത് വിശപ്പ് കുറയ്ക്കാൻ സഹായിക്കും. ഇതുവഴി അമിതവണ്ണം കുറയ്ക്കാനും കഴിയും. പിസ്തയിൽ അടങ്ങിയിരിക്കുന്ന നാരുകൾ കുടലിൻറെ ആരോഗ്യത്തിനും നല്ലതാണ്. നല്ല ദഹനത്തിനു പിസ്ത സഹായിക്കും. ഇവ രക്തസമ്മർദ്ദം കുറയ്ക്കാനും സഹായിക്കുമെന്നും ചില പഠനങ്ങൾ പറയുന്നു. കൊളസ്ട്രോൾ കുറയ്ക്കാൻ ഈ നട്സിന് കഴിയും. പിസ്തയിലെ ആന്റിഓക്സിഡന്റുകളുടെ സാന്നിധ്യം കൊളസ്ട്രോൾ കുറയ്ക്കാൻ സഹായിക്കും. ഹൃദ്രോഗ സാധ്യത കുറയ്ക്കാനും ഇത് സഹായിക്കും.രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും പിസ്ത നല്ലതാണ്. പിസ്തയ്ക്ക് കുറഞ്ഞ ഗ്ലൈസെമിക് ഇൻഡക്സ് ഉള്ളതിനാൽ പ്രമേഹരോഗികൾക്ക് പിസ്ത ഡയറ്റിൽ ഉൾപ്പെടുത്താം. കണ്ണിന്റെ ആരോഗ്യം നിലനിർത്താനും തലച്ചോറിന്റെ ആരോഗ്യത്തിനും ഉത്തമമാണ് പിസ്ത. പിസ്തയിൽ അടങ്ങിയിട്ടുള്ള വിറ്റാമിൻ ബി രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് നിയന്ത്രിക്കാനും സഹായിക്കും.പ്രോട്ടീന്റെ കലവറയാണ് പിസ്ത. 100 ഗ്രാം പിസ്തയിൽ ഏകദേശം 20 ഗ്രാമോളം പ്രോട്ടീൻ അടങ്ങിയിട്ടുണ്ട്. അതിനാൽ ഇവ ശരീരത്തിന് ആവശ്യമായ ഊർജ്ജം നൽകും. ഗർഭിണികൾ ഡയറ്റിൽ ഉൾപ്പെടുത്തേണ്ട ഒന്നാണ് ഇവ. ധാരാളം ആന്റിഓക്സിഡന്റുകൾ അടങ്ങിയിട്ടുള്ളതിനാൽ പ്രതിരോധശേഷി വർധിപ്പിക്കാനും പിസ്ത സഹായിക്കും. യുവത്വം നിലനിർത്താനും ചർമ്മത്തിൻറെ ആരോഗ്യത്തിനും പിസ്തയിലടങ്ങിയി

# ആഴ്ചയിൽ എത്ര ദിവസം ടോയ്ലറ്റിൽ പോകണം?

ദിവസവും അതിരാവിലെ മലവിസർജ്ജനം നടത്തുന്നവരാണ് നമ്മളിൽ ഭൂരിഭാഗം പേരും. അത് നല്ലൊരു ശീലവുമാണ്. എങ്കിലും ദിവസവും മലവിസർജ്ജനം നടത്തേണ്ടത് അത്യാവശ്യമാണോ? എന്താണ് ഇതേ കുറിച്ച് ആരോഗ്യവിദഗ്ധർ പറയുന്നതെന്ന് നോക്കാം.നിങ്ങളുടെ ദഹനവ്യവസ്ഥയുടെ ശരിയായ പ്രവർത്തനത്തിന് എല്ലാ ദിവസവും നിങ്ങളുടെ കുടൽ തുറക്കുന്നത് അത്യന്താപേക്ഷിതമല്ല. അതായത് ദിവസവും മലവിസർജ്ജനം നടത്തിയില്ലെങ്കിൽ അത് ഗുരുതരമായ സ്ഥിതിവിശേഷമല്ല. എന്നിരുന്നാലും ഏറ്റവും ചുരുങ്ങിയത് ആഴ്ചയിൽ മൂന്ന് തവണയെങ്കിലും തീർച്ചയായും മലവിസർജ്ജനത്തിനു ശരീരം തയ്യാറാകണം. അതിൽ കുറവാണെങ്കിൽ നിങ്ങൾക്ക് എന്തെങ്കിലും രോഗാവസ്ഥയുണ്ടാകുമെന്ന് സാരം. വൈദ്യസഹായം തേടുകയാണ് അതിനുള്ള പ്രതിവിധി. ചില മരുന്നുകളുടെ തുടർച്ചയായ ഉപയോഗം, നാരുകൾ കുറവായ ഭക്ഷണക്രമം, മറ്റ് രോഗാവസ്ഥ എന്നിവയെല്ലാം നിങ്ങളുടെ മലബന്ധത്തിനു കാരണമായേക്കാം. സ്ഥിരമായ മലവിസർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗം ധാരാളം വെള്ളം കുടിക്കുന്നതും ഫൈബറിന്റെ അളവ് കൂടുതലുള്ള ഭക്ഷണ സാധനങ്ങൾ കഴിക്കുന്നതുമാണ്. ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിവ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുന്നത് മലവിസർജ്ജനം സുഗമമാക്കും.



# പേവിഷബാധ-പ്രതിരോധം ഊർജിതമാക്കണം

പേവിഷബാധമൂലമുള്ള മരണങ്ങൾ ഒഴിവാക്കുന്നതിനായി പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഷിനു കെ എസ് അറിയിച്ചു.മൃഗങ്ങളുടെ കടിയേറ്റാൽ ഉടനെ മുറിവ് സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകാനും പ്രതിരോധ കുത്തിവയ്പ്പ് എടുക്കാനും പ്രത്യേകം ശ്രദ്ധിക്കണം.മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന മാരകമായ ജന്തുജന്യ രോഗമാണ് പേവിഷബാധ. നായ്ക്കളാണ് പ്രധാന രോഗവാഹകർ. എന്നാൽ പൂച്ച, കുറുക്കൻ, അണ്ണാൻ, കുതിര, വവ്വാൽ തുടങ്ങിയവയും രോഗവാഹകരിൽ പെടുന്നു. രോഗം ബാധിച്ച മൃഗങ്ങളുടെ ഉമിനീരിൽ കാണുന്ന പേവിഷബാധയുടെ വൈറസുകൾ മൃഗങ്ങളുടെ കടി, മാന്തൽ, പോറൽ, നക്കൽ എന്നിവയിലൂടെ ശരീരത്തിലെത്തി സുഷ്മനാ നാഡിയേയും തലച്ചോറിനെയും ബാധിക്കുന്നു.

രോഗലക്ഷണങ്ങൾ

തലവേദന, ക്ഷീണം, നേരിയ പനി, കടിയേറ്റ ഭാഗത്ത് അനുഭവപ്പെടുന്ന വേദനയും തരിപ്പുമാണ് പ്രാരംഭ ലക്ഷണങ്ങൾ, അതിനു ശേഷം വെളിച്ചത്തോടും വായുവിനോടും വെള്ളത്തിനോടും ഉള്ള ഭയം പ്രത്യക്ഷമാകുന്നു. രോഗാണു ശരീരത്തിൽ പ്രവേശിച്ച് രോഗലക്ഷണങ്ങൾ പ്രകടമാവാൻ സാധാരണ ഗതിയിൽ 2-3 മാസം വരെ എടുക്കും. എന്നാൽ ചിലർക്ക് നാല് ദിവസത്തിനകം രോഗലക്ഷണങ്ങൾ പ്രകടമാകാം ചിലപ്പോൾ ഇത് 6 വർഷം വരെ എടുത്തേക്കാം.

പ്രഥമ ശുശ്രൂഷ പ്രധാനം

പച്ച വെള്ളവും സോപ്പും ഉപയോഗിച്ച് കടിയേറ്റ ഭാഗം 10-15 മിനിട്ട് നന്നായി കഴുകുക. പൈപ്പിൽ നിന്ന് വെള്ളം തുറന്ന് വിട്ട് കഴുകുന്നത് ഉത്തമം. പേവിഷബാധയുടെ അണുക്കളിൽ കൊഴുപ്പ് അധികമുണ്ട്. ഇങ്ങനെ സോപ്പുപയോഗിച്ച് കഴുകിയാൽ 99 ശതമാനം അണുക്കളും ഇല്ലാതാകുന്നു. ബീറ്റാഡിൻ ലോഷൻ/ ഓയിൻമെന്റ് ലഭ്യമാണെങ്കിൽ മുറിവ് കഴുകിയ ശേഷം പുരട്ടാവുന്നതാണ്. മുറിവ് കെട്ടിവയ്ക്കരുത്.

പ്രതിരോധ മാർഗങ്ങൾ

രോഗവാഹകരായ വളർത്ത് മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നത് രോഗപ്രതിരോധത്തിൽ പ്രധാനമാണ്. വളർത്ത് മൃഗങ്ങൾക്ക് ആറ് മാസം പ്രായമായാൽ ആദ്യ കുത്തിവയ്പ്പ് എടുക്കാം പിന്നീട് ഓരോ വർഷ ഇടവേളയിൽ പ്രതിരോധകുത്തിവയ്പ്പ് എടുക്കണം. പേവിഷബാധക്ക് ഫലപ്രദമായ ചികിത്സ ഇല്ലാത്തതിനാൽ കടിയോ മാന്തലോ പോറലോ ഏറ്റാൽ കുത്തിവയ്പ്പ് എടുക്കേണ്ടത് അനിവാര്യമാണ്.

പേവിഷബാധയ്ക്കെതിരെ തൊലിപ്പുറത്ത് എടുക്കുന്ന കുത്തിവയ്പ്പ് (ഐ ഡി ആർ വി) നൽകുന്നത്. 0, 3, 7 & 28 ദിവസങ്ങളിലാണ് കുത്തിവയ്പ്പുകൾ എടുക്കേണ്ടത്. മുറിവിന്റെ സ്വഭാവമനുസരിച്ച് ഇമ്മ്യൂണോ ഗ്ലോബുലിൻ കുത്തിവയ്പ്പും നൽകാറുണ്ട്. യഥാസമയം കുത്തിവയ്പ്പ് എടുത്താൽ പേവിഷ ബാധ മൂലമുള്ള മരണം തടയാം. ഡോക്ടർ നിർദേശിക്കുന്ന ദിവസങ്ങളിൽ തന്നെ പ്രതിരോധ കുത്തിവയ്പ്പുകൾ നിർബന്ധമായും എടുക്കണം.

പൂർണമായ വാക്സിൻ ഷെഡ്യൂൾ എടുത്ത ആളുകൾക്ക് വാക്സിൻ ഷെഡ്യൂൾ പൂർത്തിയായി മൂന്ന് മാസത്തിനുള്ളിലാണ് സമ്പർക്കം ഉണ്ടാകുന്നതെങ്കിൽ വാക്സിൻ വീണ്ടും എടുക്കേണ്ടതില്ല. മൂന്ന് മാസം കഴിഞ്ഞാണ് എങ്കിൽ രണ്ട് ഡോസ് (Do & D3) വാക്സിൻ എടുക്കണം. പട്ടി, പൂച്ച ഇവയെ സ്ഥിരം കൈകാര്യം ചെയ്യുന്നവരും, വന്യമൃഗങ്ങളുമായി ഇടപഴകുന്നവരും മുൻകൂട്ടി പ്രതിരോധ കുത്തിവെപ്പ് എടുക്കേണ്ടതാണ്. ആദ്യ പ്രതിരോധ കുത്തിവയ്പ്പിന് ശേഷം ഏഴാം ദിവസവും ഇരുപത്തിയൊന്നാം/ഇരുപത്തിയെട്ടാം ദിവസവും കുത്തിവയ്പ്പ് എടുക്കേണ്ടതാണ്. ആകെ മൂന്ന് ഡോസുകൾ

പേവിഷബാധ പ്രതിരോധ ചികിത്സാ മാനദണ്ഡങ്ങൾ

കാറ്റഗറി 1- മൃഗങ്ങളെ തൊടുക, ഭക്ഷണം കൊടുക്കുക, മുറിവുകൾ ഇല്ലാത്ത തൊലിപ്പുറത്ത് നക്കുക. ഇവയ്ക്ക് കുത്തിവയ്പ്പ് നൽകേണ്ടതില്ല സോപ്പും ധാരാളം വെള്ളവുമുപയോഗിച്ച് കഴുകുക.

കാറ്റഗറി 2- തൊലിപ്പുറത്തുള്ള മാന്തൽ, രക്തം വരാത്ത ചെറിയ പോറലുകൾ. പ്രതിരോധ കുത്തിവയ്പ്പ് എടുക്കണം. കളഞ്ഞ മാത്രം

കാറ്റഗറി 3 - രക്തം പൊടിഞ്ഞ മുറിവുകൾ, മുറിവുള്ള തൊലിപ്പുറത്തെ നക്കൽ, ചുണ്ടിലോ വായിലോ നക്കൽ, വന്യമൃഗങ്ങളുടെ കടി. ഇവയ്ക്ക് ഐഡി ആർ വി യും റാബിസ് ഇമ്മ്യൂണോ ഗ്ലോബുലിനും എടുക്കണം.

എത്ര വിശ്വസ്തനായ പട്ടിയോ മറ്റേതെങ്കിലും മൃഗങ്ങളോ കടിച്ചാലും മുറിവ് സാരമുള്ളതല്ലെങ്കിൽ കൂടി നിസാരമായി കാണരുത്. നായ്ക്കൾ മനുഷ്യരുമായി വളരെ ഇണങ്ങി ജീവിക്കുമെങ്കിലും അവയെ ഭയപ്പെടുത്തുകയോ ദേഷ്യപ്പെടുത്തുകയോ ചെയ്താൽ കടിക്കാൻ സാധ്യത കൂടുതലാണ്. പ്രത്യേകിച്ച് മൃഗങ്ങൾ ഭക്ഷണം കഴിക്കുക, കൂടിനുള്ളിൽ അടയ്ക്കപ്പെടുക, ഉറങ്ങുക, രോഗാവസ്ഥയിലാകുക, കുഞ്ഞുങ്ങളുടെ സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുക എന്നീ സന്ദർഭങ്ങളിൽ ശല്യപ്പെടുത്തുന്നത് അക്രമണ സ്വഭാവം കൂട്ടാനിടയാകും. ഇത്തരം സന്ദർഭങ്ങളിൽ മൃഗങ്ങളിൽ നിന്നും അകലം പാലിക്കുക. വളർത്തു മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.

# വായിലിട്ട് ചവച്ചരയ്ക്കുമ്പോൾ പല്ലിനെ മറക്കരുത്

പല്ലിന്റെ ആരോഗ്യം മോശമാകുന്നത് പല ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകാറുണ്ട്. അതുകൊണ്ട് മറ്റേതൊരു അവയവത്തിന്റെ ആരോഗ്യത്തിലും കാണിക്കുന്ന ശ്രദ്ധ പല്ലിന്റെ കാര്യത്തിലും വേണം. പലപ്പോഴും നിസാരമെന്ന് കരുതുന്ന കാര്യങ്ങൾ പല്ലിനെ പ്രതികൂലമായി ബാധിക്കാറുണ്ട്. കഴിക്കുന്ന ഭക്ഷണം പല്ലിനെ ഏത് രീതിയിൽ ബാധിക്കും എന്ന് ചിന്തിക്കാതെ പോലുമാണ് നമ്മൾ പലതും വായിലിട്ട് ചവച്ചരയ്ക്കുന്നത്. വേദന തോന്നാത്തിടത്തോളം പ്രശ്നമൊന്നും ഇല്ലെന്നാണ് പൊതുവേ കരുതുന്നത്. എന്നാൽ ക്കുക തന്നെ വേണം.

ബ്രെഡ്

ശുദ്ധീകരിച്ച കാർബോഹൈഡ്രേറ്റ് അടങ്ങിയ വൈറ്റ് ബ്രെഡ് പോലുള്ള ഭക്ഷണങ്ങൾ കഴിക്കുന്നത് പല്ലിനെ പ്രതികൂലമായി ബാധിക്കും. ദഹനപ്രക്രിയയിൽ ഇവ അസിഡിക് ഉപോൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുകയും ചെയ്യും. ഇത് പല്ലിലെ ധാതുക്കൾ നഷ്ടമാകാൻ കാരണമാകും. പതിവായി ഇത്തരം ഭക്ഷണം കഴിക്കുമ്പോൾ പല്ലിൽ കാവിറ്റി ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

ഉരുളക്കിഴങ്ങ് ചിപ്സ്

ബ്രെഡ്ഡിൽ എന്നപോലെ ഉരുളക്കിഴങ്ങ് ചിപ്സിലും കാർബോഹൈഡ്രേറ്റ് കൂടുതലാണ്. അന്നജം അടങ്ങിയ ഭക്ഷണം ഇടയ്ക്കിടെ കഴിക്കുമ്പോൾ ബാക്ടീരിയ പിടിമുറുക്കാൻ തുടങ്ങും. മാത്രമല്ല ചിപ്സ് കഴിക്കുമ്പോൾ ചെറിയ കഷ്ണങ്ങൾ പല്ലുകൾക്കിടയിൽ കുടുങ്ങുകയും ശരിയായി നീക്കം ചെയ്തില്ലെങ്കിൽ അവ അഴുകുകയും ചെയ്യും.

മിഠായികളും ചോക്ലേറ്റും

മിഠായികളും ചോക്ലേറ്റും പല്ലിന് കേടുവരുത്തും എന്ന കാര്യത്തിൽ സംശയമില്ല. സ്ഥിരമായി ഇവ കഴിക്കുന്നത് പല്ലുകൾക്കും മോണകൾക്കും ഗുരുതരമായ തകരാറുണ്ടാക്കും.

ഫ്രൂട്ട് ജ്യൂസ്

പല ഫ്രൂട്ട് ജ്യൂസുകളും അസിഡിക് ആണെന്നതിനാൽ ഇവ പല്ലുകൾക്ക് അത്ര നല്ലതല്ല. പല്ലിന്റെ ഇനാമലിനെ തകർക്കാൻ ഇവ ഇടയ്ക്കിടെ കുടിക്കുന്നത് കാരണമാകും. ഓറഞ്ച്, മുന്തിരി, നാരങ്ങ മുതലായവയുടെ ജ്യൂസ് പതിവാക്കുന്നവർ പല്ലിനെ മറക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഇവയുടെ അസിഡിക് സ്വഭാവത്തിന് പുറമേ ഇത്തരം ജ്യൂസുകൾ തയ്യാറാക്കുമ്പോൾ നമ്മൾ പഞ്ചസാരയും ചേർക്കും. വീട്ടിൽ തയ്യാറാക്കുന്നവയേക്കാൾ അധികമായിരിക്കും പാക്കറ്റിൽ കിട്ടുന്ന ജ്യൂസിലെ പഞ്ചസാരയുടെ അളവ്. ആസിഡും പഞ്ചസാരയും ഒന്നിക്കുമ്പോൾ പല്ലിൽ സാരമായ പ്രശ്നം സൃഷ്ടിക്കും.

സോഡ, കാർബണേറ്റഡ് പാനീയങ്ങൾ

സോഡയും കാർബണേറ്റഡ് പാനീയങ്ങളുമൊക്കെ ഷുഗർ അമിതമായി അടങ്ങിയിട്ടുള്ളതാണ്. ഇത്തരം പാനീയങ്ങൾ കുടിക്കുന്നത് പല്ലിന്റെ ഇനാമൽ തകർക്കാൻ കാരണമാകും. അതുകൊണ്ട് ഇവ കുടിച്ചാലും ഉടനടി പല്ല് തേക്കണമെന്നാണ് വിദഗ്ധർ പറയുന്നത്. അതുപോലെതന്നെ ഇവ കുടിക്കുമ്പോൾ അധിക നേരം വായിൽ വച്ചുകൊണ്ടിരിക്കുകയും ചെയ്യരുത്.

# ഏത് സമ്മർദ്ദത്തിനും ഉത്കണ്ഠക്കും പരിഹാരം ശ്വസനത്തിലുണ്ട്



ശ്വസന സംബന്ധമായുള്ള വ്യായാമത്തിലൂടെ നിങ്ങൾക്ക് പല വിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളെ നിസ്സാരമായി തോൽപ്പിക്കാവുന്നതാണ്.ആരോഗ്യത്തിന് വെല്ലുവിളി ഉയർത്തുന്ന പല പ്രതിസന്ധികളും ശ്വസന വ്യായാമവും ശ്വസന നിയന്ത്രണവും ഉണ്ടെങ്കിൽ നമുക്ക് ഇല്ലാതാക്കാം. പല തരത്തിലുള്ള വ്യായാമങ്ങൾ ഉണ്ട്. ഇതെല്ലാം നമ്മുടെ ആരോഗ്യത്തിന് വളരെയധികം സഹായിക്കുന്നു. ശ്വസന സംബന്ധമായ രോഗാവസ്ഥകൾ ഉണ്ടെങ്കിൽ അതിന് പരിഹാരം കാണുന്നതിന് വേണ്ടി ചില വ്യായാമങ്ങൾ നമുക്ക് ശീലമാക്കാം. ഇന്നത്തെ കാലത്ത് നല്ലൊരു ശതമാനം ആളുകളും ബുദ്ധിമുട്ടുന്ന ഒന്നാണ് സമ്മർദ്ദവും ഉത്കണ്ഠയും. ഇതിന് പരിഹാരം കാണുന്നതിന് വേണ്ടി ശ്രമിക്കുമ്പോൾ ശ്വസന വ്യായാമം എന്നത് നിർബന്ധമാണ്. അവ ഏതൊക്കെയെന്ന് നോക്കാം.

**ശ്വസന വ്യായാമം**

ശ്വസന വ്യായാമങ്ങൾ നിങ്ങളുടെ സമ്മർദ്ദത്തെ ഇല്ലാതാക്കുന്നതിന് സഹായിക്കുന്നു. ശ്വാസോച്ഛ്വാസം, ക്ഷീണം, പരിഭ്രാന്തി എന്നിവയെല്ലാം ഇല്ലാതാക്കുന്നതിന് വേണ്ടി നിങ്ങൾക്ക് ശ്വസന വ്യായാമം ചെയ്യുന്നതിലൂടെ സാധിക്കുന്നു. കൂടാതെ ശരീരത്തിൽ കാർബൺ ഡൈ ഓക്സൈഡ് അളവ് കുറക്കുകയും ഓക്സിജന്റെ അളവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ ശ്വസന വ്യായാമം ചെയ്യുന്നതിലൂടെ നിങ്ങൾക്ക് സമ്മർദ്ദവും ഉത്കണ്ഠയും പൂർണമായും ഇല്ലാതാക്കുന്നതിന് സാധിക്കുന്നു. അഞ്ച് മിനിറ്റ് എങ്കിലും ശ്വസന വ്യായാമം ചെയ്യുന്നതിലൂടെ ആരോഗ്യത്തിന് വെല്ലുവിളികൾ ഉയർത്തുന് പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് സാധിക്കുന്നു.

**നാഡി ശോധന**

നാഡിശോധന എന്നാൽ ഒരു സമയം ഒരു നാസാരന്ധ്രത്തിലൂടെ ശ്വസിക്കുമ്പോൾ മറ്റൊരു നാസാരന്ധ്രത്തെ തടഞ്ഞുനിർത്തുന്നതും, ഇത് തന്നെ മാറി മാറി വരുന്നതിനേയുമാണ് നാഡി ശോധന പ്രാണായാമം എന്ന് പറയുന്നത്. വരുന്നതും ഉൾപ്പെടുന്നു. നിങ്ങളുടെ സ്ഥാനം നിലനിർത്തുക. ഇത് ചെയ്യുന്നതിലൂടെ നിങ്ങളുടെ എല്ലാ വിധത്തിലുള്ള അസ്വസ്ഥതകളും കൂടാതെ ശ്വസന സംബന്ധമായ പ്രശ്നങ്ങളും ഇല്ലാതാവുന്നു. മനസ്സിന് ആശ്വാസവും സമാധാനവും സന്തോഷവും ലഭിക്കുന്നതിന്മികച്ചതാണ്നാഡിശശോധന.

**ഡയഫ്രാമാറ്റിക് ശ്വസനം**

വയറു കൊണ്ട് ശ്വസിക്കുന്നതിനെയാണ ഡയഫ്രാമാറ്റിക് ശ്വസനം എന്ന് പറയുന്നത്. ഇത് ദിനവും 20-30 മിനിറ്റ് വരെ ചെയ്യുന്നത് നിങ്ങളുടെ സമ്മർദ്ദത്തേയും ഉത്കണ്ഠയേയും ഇല്ലാതാക്കുന്നു. അതിന് വേണ്ടി നിങ്ങൾക്ക് ഇരിക്കാനോ കിടക്കാനോ സുഖകരവും ശാന്തവുമായ ഒരു സ്ഥലം കണ്ടെത്തുക. ഒരു കൈ നിങ്ങളുടെ നെഞ്ചിന്റെ മുകൾഭാഗത്തും മറ്റേ കൈ വയറിലും ആയി വെക്കുക. ശേഷം മൂക്കിലൂടെ സാവധാനം ശ്വസിക്കുക. വായു നിങ്ങളുടെ മൂക്കിലേക്കും താഴേക്കും എത്തണം. ശേഷം ഇത് വയറ് പുറത്തേക്ക് തള്ളി നിശ്വസിക്കുക.

**4-7-8 രീതിയിൽ ശ്വസിക്കുക**

നിങ്ങൾക്ക് സമ്മർദ്ദപരമായ പ്രശ്നങ്ങൾ അനുഭവപ്പെടുമ്പോൾ എപ്പോഴും 4-7-8 എന്ന രീതിയിൽ ശ്വസിക്കുക. ഇത് സമ്മർദ്ദത്തെ പൂർണമായും ഇല്ലാതാക്കുകയും ഉത്കണ്ഠ കുറക്കുകയും ചെയ്യുന്നു. ശ്വസിക്കുമ്പോൾ നാല് തവണ ശ്വസിക്കുകയും ഏഴ് തവണ ശ്വാസം പിടിച്ച് വെക്കുകയും തുടർന്ന് എട്ട് തവണ ശ്വസിക്കുകയും ചെയ്യുക. ഇതിലൂടെ ഉത്കണ്ഠ ഒഴിവാക്കാനും നല്ല ഉറക്കം നേടാനും സാധിക്കുന്നു. സമ്മർദവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ, പരിഭ്രാന്തി മുതൽ ദഹന വൈകല്യങ്ങൾ വരെ ഇല്ലാതാക്കാൻ ഇത് സഹായിക്കും.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ശ്വാസോച്ഛ്വാസം വ്യായാമം ആരംഭിക്കുന്നതിന് മുൻപ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായുണ്ട്. ആദ്യം തന്നെ കൃത്യമായി മാർഗ്ഗനിർദ്ദേശങ്ങൾ തരുന്ന ഒരു വ്യക്തിയെ സമീപിക്കുക. ശ്വസനം സാധാരണയായി കുറഞ്ഞ അപകടസാധ്യതയുള്ളതും മിക്ക ആളുകൾക്കും സുരക്ഷിതവുമായ ഒന്നാണ്. എന്നിരുന്നാലും, ഏതെങ്കിലും പുതിയ ശ്വസന വ്യായാമങ്ങൾ പരീക്ഷിക്കുന്നതിന് മുമ്പ് നിങ്ങളുടെ ഡോക്ടറെ സമീപിക്കേണ്ടത് അത്യാവശ്യമാണ്. പ്രത്യേകിച്ച് നിങ്ങൾ ഗർഭിണിയാണെങ്കിലോ മറ്റെന്തെങ്കിലും ഗുരുതര രോഗാവസ്ഥയുണ്ടെങ്കിലോ.

**വിവിധ തരത്തിലുള്ള ശ്വസന വ്യായാമങ്ങൾ**

നിങ്ങൾ പുതിയ ശ്വസന വ്യായാമങ്ങൾ പരീക്ഷിക്കുന്നതിന് മുൻപ് ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ പരിശീലനം നേടിയവരുടെ അടുത്ത് നിന്ന് മാത്രം കാര്യങ്ങൾ പരിശീലിക്കാൻ ശ്രദ്ധിക്കുക.

ഏറ്റവും വിശ്വസ്തനായ പരിശീലകനെ കണ്ടെത്തുന്നതിന് ശ്രദ്ധിക്കുക. അതിന് ശേഷം മാത്രം വ്യായാമം ചെയ്യുന്നതിന് ശ്രദ്ധിക്കുക. കൂടാതെ തുടർച്ചയായി ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# പ്രമേഹമില്ലാത്തവരിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നത് അതീവ അപകടം



പ്രമേഹ രോഗികളിൽ രക്തത്തിലെ പഞ്ചസാരയുടെ അളവിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുന്നത് സ്വാഭാവികമാണ്. ഇതിന് വേണ്ട വിധത്തിൽ ചികിത്സ എടുക്കേണ്ടത് അത്യാവശ്യം തന്നെയാണ്.എന്നാൽ പ്രമേഹമില്ലാത്തവരിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നത് പക്ഷേ അൽപം കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. കാരണം പ്രമേഹമില്ലാത്തവരിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നതിലൂടെ അപകടകരമായ നിരവധി സാഹചര്യം ഉണ്ടാവുന്നു. പലപ്പോഴും രക്തത്തിലെ പഞ്ചസാരയുടെ അളവ് നിരീക്ഷിക്കേണ്ടത് ആരോഗ്യകരമായ ജീവിതത്തിന് വളരെ അത്യാവശ്യമാണ് എന്നതാണ് സത്യം.ഒരു വ്യക്തിയുടെ രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് സാധാരണമായതിൽ കവിഞ്ഞാലോ കുറഞ്ഞാലോ പരിധിയിൽ താഴെയാകുമ്പോൾ ആണ്, അതിനെ ഹൈപ്പോഗ്ലൈസീമിയ എന്ന് വിളിക്കുന്നു. പ്രമേഹ രോഗികളിൽ ഇതിനുള്ള സാധ്യത വളരെ കൂടുതലാണെങ്കിലും പലപ്പോഴും പ്രമേഹമില്ലാത്തവരിലും ഇതേ അവസ്ഥ ഉണ്ടാവാറുണ്ട്. ഇത് പലപ്പോഴും വളരെ അപകടകരമായ അവസ്ഥയിലേക്കാണ് നിങ്ങളെ എത്തിക്കുന്നത്. ഇത്തരം അവസ്ഥകൾ ഒരിക്കലും നിസ്സാരമാക്കരുത്.

എന്താണ് നോൺ-ഡയബറ്റിക് ഹൈപ്പോഗ്ലൈസീമിയ?

രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നതതിനെയാണ് ഹൈപ്പോഗ്ലൈസീമിയ എന്ന് പറയുന്നത്. എന്നാൽ നോൺ-ഡയബറ്റിക് ഹൈപ്പോഗ്ലൈസീമിയ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് പ്രമേഹമില്ലാതെ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നതിനെയാണ്. നിങ്ങളുടെ രക്തത്തിലെ പഞ്ചസാരയുടെ അളവ് 70 ാഴ/ റഘൽ താഴെയാകുമ്പോഴാണ് ഇത് സംഭവിക്കുന്നതെന്നാണ് ആരോഗ്യ രംഗത്തെ പ്രമുഖർ പറയുന്നത്. ആളുകളിൽ രണ്ട് തരത്തിലുള്ള നോൺ-ഡയബറ്റിക് ഹൈപ്പോഗ്ലൈസീമിയ ഉണ്ട്. അവ ഏതൊക്കെയെന്ന് നമുക്ക് നോക്കാം.

റിയാക്ടീവ് ഹൈപ്പോഗ്ലൈസീമിയ

ഇത് സാധാരണയായി ഉയർന്ന കാർബോഹൈഡ്രേറ്റ് ഭക്ഷണമോ ലഘുഭക്ഷണങ്ങളോ കഴിച്ചതിന് ശേഷമാണ് സംഭവിക്കുന്നതാണ്. എന്നാൽ ഇതല്ലാതെ ഫാസ്റ്റിംഗ് ഹൈപ്പോഗ്ലൈസീമിയ എന്ന അവസ്ഥയും ഉണ്ടാവുന്നുണ്ട്. നിങ്ങൾ ഭക്ഷണം കഴിക്കുന്നില്ലെങ്കിലോ ഭക്ഷണത്തിനിടയിൽ ഒരു നീണ്ട ഇടവേള ഉണ്ടെങ്കിലോ ഒറ്റ രാത്രിയുടെ ഇടവേളയിലാണ് ഇത് സംഭവിക്കുന്നത്. ഇത് രണ്ടും ശ്രദ്ധിക്കേണ്ട അവസ്ഥയാണ് എന്നത് മനസ്സിലാക്കണം.

ലക്ഷണങ്ങൾ

പ്രമേഹമില്ലാ ഒരു വ്യക്തിയിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നത് അത്ര നിസ്സാരമായി കണക്കാക്കരുത്. ഇവരിൽ പലപ്പോഴും വിയർപ്പ്, തലകറക്കം, പെട്ടെന്നുള്ള ബലഹീനത, തലവേദന, ആശയക്കുഴപ്പം എന്നിവയാണ് അനുഭവപ്പെടുന്ന പ്രാരംഭ ലക്ഷണങ്ങൾ. നിങ്ങളുടെ രക്തത്തിലെ പഞ്ചസാരയുടെ അളവ് ഗണ്യമായി കുറയുന്നത് വഴി പലപ്പോഴും സംസാരിക്കാൻ സാധിക്കാതെ വരുകയും, കാഴ്ച മങ്ങൽ, മനസാന്നിധ്യം നഷ്ടപ്പെടുന്നു, അറിയാതെ മൂത്രം പോവൽ തുടങ്ങിയ അവസ്ഥയുണ്ടാവാം. രക്തത്തിലെ പഞ്ചസാരയുടെ അളവ് അപകടകരമാം വിധം കുറയുന്നത് ഒരു വ്യക്തി ബോധരഹിതനാകാം. ഈ സമയം കൃത്യമായ ഇടപെടൽ അത്യാവശ്യമാണ്. അല്ലാത്ത പക്ഷം അത് പ്രശ്നങ്ങളിലേക്ക് എത്തിക്കുന്നു.

കാരണങ്ങൾ

എന്നാൽ പ്രമേഹമില്ലാത്തവരിൽ എന്തൊക്കെ കാരണങ്ങൾ കൊണ്ടാണ് രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നത് എന്ന് നമുക്ക് നോക്കാം. ഇത് ആരിലും ബാധിക്കാം. പ്രമേഹമേ ഇല്ലാത്തവരെയും ഇത് ദുരിതത്തിലാക്കുന്നു. എന്നാൽ വിദഗ്ധരുടെ അഭിപ്രായത്തിൽ അതിന് കാരണമാകുന്ന മൂന്ന് കാര്യങ്ങളാണ് ഉള്ളത്. ഇത്തരം കാര്യങ്ങൾ തിരിച്ചറിഞ്ഞ് മുന്നോട്ട് പോയാൽ നിങ്ങൾക്ക് രോഗാവസ്ഥയിൽ നിന്ന് പരിഹാരം കാണുന്നതിനും കൃത്യസമയത്ത് ചികിത്സിക്കുന്നതിനും സാധിക്കുന്നു.

മരുന്ന്

ചില ആന്റിബയോട്ടിക്കുകൾ നിങ്ങളുടെ രക്തത്തിലെ പഞ്ചസാരയുടെ അളവിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുന്നു. പ്രമേഹ രോഗി അല്ലാത്ത ഒരു വ്യക്തിക്ക് നൽകുന്നു ആന്റിബയോട്ടിക്കുകളും മറ്റ് ആന്റിബയോട്ടിക്കുകളും എല്ലാം പ്രമേഹ രോഗിയല്ലാത്ത ഒരു വ്യക്തിയിൽ പഞ്ചസാരയുടെ അളവ് കുറക്കുന്നതിന് കാരണമാകുന്നു. ഇത്തരം കാര്യങ്ങൾ നിസ്സാരമായി കണക്കാക്കരുത്. ഡോക്ടറുടെ കൃത്യമായ നിർദ്ദേശം നിങ്ങൾ പാലിക്കേണ്ടതാണ്.

പ്രീ-ഡയബറ്റിസ്

ആരോഗ്യമുള്ള, പ്രമേഹരോഗിയല്ലാത്ത ഒരു രോഗിക്ക് റിയാക്ടീവ് ഹൈപ്പോഗ്ലൈസീമിയ ഉണ്ടാവുന്നതിനുള്ള സാധ്യതയുണ്ട്. സാധാരണയായി പ്രീഡയബറ്റിക് ഉള്ളവരെയാണ് ഇത് ബാധിക്കുന്നത്. അത് മാത്രമല്ല ഭാവിയിൽ നിങ്ങൾക്ക് പ്രമേഹം വരാനുള്ള സാധ്യതയുണ്ടെന്നതിന്റെ സൂചന കൂടിയാണ് ഇതെന്ന കാര്യത്തിൽ സംശയം വേണ്ട. അതുകൊണ്ട് അതിനാൽ, രക്തത്തിലെ പഞ്ചസാരയുടെ അളവ് പരിശോധിക്കുന്നതിന് ഇടക്ക് ഡോക്ടറെ സമീപിക്കേണ്ടത് അത്യാവശ്യമാണ്. അല്ലാത്ത പക്ഷം അത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

# ഹോർമോൺ തകരാറുകൾക്ക് കാരണക്കാരാവുന്ന ശീലങ്ങൾ



ഹോർമോൺ എന്നത് വളരെയധികം ശ്രദ്ധേയമായ ഒന്നാണ്. പലപ്പോഴും പല തരത്തിലുള്ള ഹോർമോണുകൾ നമ്മുടെ ശരീരത്തിൽ ഉണ്ട് എന്ന് നമുക്കറിയാം.എന്നാൽ ഇവ പലപ്പോഴും രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവിനേയും, ഉറക്കത്തേയും നമ്മുടെ മാനസികാരോഗ്യത്തേയും എല്ലാം ബാധിക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് ഇത്തരത്തിൽ സംഭവിക്കുന്നത് എന്ന് നിങ്ങൾക്കറിയാമോ? സത്യത്തിൽ ആരോഗ്യത്തെ വളരെയധികം വെല്ലുവിളികളിലേക്ക് എത്തിക്കുന്ന അവസ്ഥകൾ ഹോർമോണ്ഡ മാറ്റങ്ങളിലൂടെ ഉണ്ടാവുന്നു.നമ്മുടെ ജീവിതത്തിലെ പ്രധാന കാര്യങ്ങൾ ചെയ്യുന്നതിന് എല്ലാം ഹോർമോൺ അത്യാവശ്യമാണ്. ഹോർമോണിന്റെ അളവിനെ പക്ഷേ താളം തെറ്റിക്കുന്ന ചില ശീലങ്ങളും ഉണ്ട്. ഇത്തരം പ്രശ്നങ്ങൾ പലരും നിസ്സാരമായി കണക്കാക്കുമ്പോൾ അത് കൂടുതൽ വെല്ലുവിളികളിലേക്ക് നിങ്ങളെ എത്തിക്കുന്നു. എന്നാൽ എന്തൊക്കെയാണ് ഇത്തരത്തിൽ ഒഴിവാക്കേണ്ട ശീലങ്ങൾ എന്ന് നമുക്ക് നോക്കാം.ശരീരത്തിലെ ഓരോ മാറ്റങ്ങളും ഹോർമോൺ അടിസ്ഥാനമാക്കിയാണ് സംഭവിക്കുന്നത്. എന്നാൽ അതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുമ്പോൾ അത് ശാരീരികമായും മാനസികമായും നമ്മളെ ബാധിക്കുന്നു. എന്നാൽ ഇത്തരം മാറ്റങ്ങളെ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല എന്നതാണ് കാര്യങ്ങൾ ഗുരുതരമാക്കുന്നത്. ഈ അവസ്ഥയിൽ നാം ചെയ്യുന്ന ചില ദൈനംദിന കാര്യങ്ങൾ പോലും വളരെയധികം വെല്ലുവിളികളിലേക്ക് നിങ്ങളെ എത്തിക്കുന്നു. ഇവയെല്ലാം ചെയ്യുമ്പോൾ അൽപം ശ്രദ്ധിക്കണം.

കഫീൻ

കഫീൻ ചേർന്ന പാനീയങ്ങൾ കഴിക്കുന്നവരാണ് പലരും. എന്നാൽ ഇത് നിങ്ങളുടെ ഹോർമോൺ അസന്തുലിതാവസ്ഥക്ക് കാരണമാകുന്നു എന്നതാണ് സത്യം. കാരണം കോർട്ടിസോൾ എന്ന ഹോർമോൺ ഉത്പാദനത്തിന് ഇത് പലപ്പോഴും കാരണമാകുന്നു. അുകൊണ്ട് തന്നെ ഇത്തരം കാര്യങ്ങൾ അൽപം ശ്രദ്ധിക്കണം. .ഇത് നിങ്ങളുടെ ആരോഗ്യത്തിന് വെല്ലുവിളി ഉണ്ടാക്കുന്നു. കോർട്ടിസോള് നിയന്ത്രണമില്ലാതെ വർദ്ധിക്കുന്നത് പലപ്പോഴും ശരീരത്തെ ബാധിക്കുന്നു.

ഉറക്കമില്ലായ്മ

ഉറക്കമില്ലായ്മ പലപ്പോഴും ആരോഗ്യത്തിന് വെല്ലുവിളി ഉയർത്തുന്നതാണ്. കൃത്യമായ ഉറക്കം ശാരീരിക മാനസികാരോഗ്യത്തിന് അത്യാവശ്യമാണ്. ശരീരത്തിനും മനസ്സിനും ഊർജ്ജം വർദ്ദിപ്പിക്കുന്നതിന് വേണ്ടി നല്ല ഉറക്കം അത്യാവശ്യമാണ്. ശരീരത്തിന് ആവശ്യത്തിന് ഉറക്കം ലഭിക്കാത്ത അവസ്ഥയിൽ ഹോർമോൺ അസന്തുലിതാവസ്ഥയുണ്ടാവുന്നു. ഇത് കൂടുതൽ വെല്ലുവിളികളിലേക്ക് നിങ്ങളെ എത്തിക്കുന്നു.

ഭക്ഷണം കഴിക്കാതിരിക്കുന്നത്

പലരുടേയും ശീലങ്ങളിൽ പ്രധാനപ്പെട്ടതാണ് പലപ്പോഴും കൃത്യസമയത്ത് ഭക്ഷണം കഴിക്കാതിരിക്കുന്നത്. ഇതതിന്റെ ഫലമായും ഹോർമോൺ അസന്തുലിതാവസ്ഥയുണ്ടാവുന്നു. പലരും കാപ്പിയിലും ബിസ്ക്കറ്റിലും മാത്രം ഭക്ഷണം ഒതുക്കുന്നു. എന്നാൽ ഇത്തരം അവസ്ഥകകൾ അൽപം ഗുരുതരമായ പ്രശ്നങ്ങൾ നിങ്ങൾക്കുണ്ടാക്കുന്നു. ഇത് ആരോഗ്യത്തിന്റെ മൊത്തത്തിലുള്ള പ്രശ്നത്തിന് കാരണമാകുന്നു. അതുകൊണ്ട് തന്നെ ശ്രദ്ധിക്കണം.

വർക്കൗട്ട് കൂടുന്നത്

വർക്കൗട്ട് വർദ്ധിക്കുന്നത് കൂടുതല് വെല്ലുവിളികൾ ഉണ്ടാക്കുന്നു. ആരോഗ്യമെന്ന് കരുതി പലപ്പോഴും വർക്കൗട്ടിന് വേണ്ടി കൂടുതൽ സമയം ചിലവഴിക്കുന്നവരാണോ നിങ്ങൾ എന്നാൽ അത് നിങ്ങളിൽ അസ്വസ്ഥതയും ഹോർമോൺ ഇംബാലൻസും ഉണ്ടാക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. അതുകൊണ്ട് തന്നെ വർക്കൗട്ടുകൾ ചെയ്യുമ്പോൾ ശ്രദ്ധിച്ച് വേണം ചെയ്യുന്നതിന്. അല്ലാത്ത പക്ഷം അത് കൂടുതൽ പ്രതിസന്ധികൾ നിങ്ങളിൽ ഉണ്ടാക്കുന്നു. ഇത്തരം അവസ്ഥകൾ ഒരിക്കലും നിസ്സാരമാക്കരുത്.

എൻഡോക്രൈൻ സംവിധാനത്തിന് പ്രശ്നം

നിങ്ങളുടെ എൻഡോക്രൈൻ സംവിധാനത്തിന് പ്രശ്നമുണ്ടാക്കുന്ന തരത്തിലുള്ള രാസവസ്തുക്കൾ അടങ്ങിയ ഉത്പ്പന്നങ്ങൾ ഉപയോഗിക്കരുത്. പ്ലാസ്റ്റിക് കുപ്പികൾ, അലുമിനിയം കാനുകൾ, ചില സൗന്ദര്യ വർദ്ധക വസ്തുക്കൾ എന്നിവയെല്ലാം പ്രശ്നങ്ങൾ ഉണ്ടാക്കുന്നതാണ്. ഇതെല്ലാം നിങ്ങളിൽ എൻഡോക്രൈൻ സംവിധാനത്തിന് പ്രതിസന്ധികൾ ഉണ്ടാക്കുന്നു. ഇത് ഹോർമോൺ സംവിധാനത്തെ തകരാറിലാക്കുന്നു. ഇത് ശരീരത്തിലെ പ്രവർത്തനത്തെ പൂർണമായും തകരാറിലാക്കുന്നു.